വാല്യം 59

ദേവികുളം ബ്ലോക്ക്

(ഇടുക്കി ജില്ല)


1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

മറയൂർ ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

വികസന റിപ്പോർട്ട്


VI
V
IV
III
II
I
IIIV
IIIV
IIIV



ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

മറയൂർ ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കിയവർ

1. എസ്. കെ. രാധാകൃഷ്ണൻ നായർ
2. കെ.എൻ. രാമകൃഷ്ണൻ
3. എസ്. രാജേന്ദ്രൻ
4. മിനി ജോൺസൺ
5. പി.എൻ. റാണി
6. ജയ ബിന്ദു
7. വി.എസ്. ശശികുമാർ
8. ആൻസി ആൻറണി
9. മുഹമ്മദ് ഇസ്മായിൽ

ഗ്രാമപഞ്ചായത്ത് - പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	:	മറയൂർ ഗ്രാമപഞ്ചായത്ത്
2.	വില്ലേജ്	:	മറയൂർ
3.	ബ്ലോക്ക് പഞ്ചായത്ത്	:	ദേവികുളം
4.	താലൂക്ക്	:	ദേവികുളം
5.	അസംബ്ലി മണ്ഡലം	:	ദേവികുളം
6.	വിസ്തീർണ്ണം	:	108.07 ച.കി.മീറ്റർ
7.	അതിരുകൾ	:	വടക്ക്: തമിഴ്നാട്, കിഴക്ക് : കാന്തല്ലൂർ പഞ്ചായത്ത്, തെക്ക് : കാന്തല്ലൂർ പഞ്ചായത്ത്, പടിഞ്ഞാറ് : മൂന്നാർ പഞ്ചായത്ത്, തമിഴ്നാട്
9.	ജനസംഖ്യ	:	9970
10.	വാർഡുകളുടെ എണ്ണം	:	8
11.	ഭരണസമിതി അംഗങ്ങൾ	:	പ്രസിഡണ്ട്: അമിലി റോസി തമ്പിരാജ് വൈസ് പ്രസിഡണ്ട് : ടി.ടി. ജോസഫ് സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ: ടി. മണിതങ്കയ്യ മെമ്പർമാർ : കണ്ണൻ തിരുപ്പാൻ, ഗുരുസ്വാമി, അളകർ, വള്ളിമഹാലിംഗം, പാപ്പാത്തി കണ്ണപ്പൻ, ശങ്കരപാണ്ഡി പരമശിവം.
	എം.പി.	:	ഏ.സി. ജോസ്
	എം.എൽ.എ.	:	ഏ.കെ. മണി
	ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്	:	ഷീലാ സ്റ്റീഫൻ
	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്	:	പഴനിവേൽ
	ജില്ലാ പഞ്ചായത്തുമെമ്പർ	:	ആർ. മാണിക്യം
	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	:	ആൻസി ആൻറണി
	പഞ്ചായത്ത് ജീവനക്കാർ	:	വി. ആർ. കരുണാകരൻ (സെക്രട്ടറി), വി. എൻ. രാധാകൃഷ്ണൻ (ഹെഡ്ക്ലാർക്ക്), ഗംഗാദാസ് (യു.ഡി. ക്ലാർക്ക്), എം. കുഞ്ഞുമുഹമ്മദ്, വി. എചിചി. ഹാജിരാമ്മാൾ, എസ്. പഴനി (എൽ.ഡി. ക്ലാർക്ക്), കെ. ഉടയാർ, ആർ. വിജയകുമാർ., പി. മല്ലിക, എസ്സ്. രാജപ്പൻ (മറ്റു ജീവനക്കാർ)


ഉള്ളടക്കം

- ആമുഖം 4
- സാമൂഹിക സാംസ്കാരിക ചരിത്രം 5
- കൃഷിയും ജലസേചനവും 9
- മൃഗസംരക്ഷണവും മത്സ്യബന്ധനവും 15
- വ്യവസായം 17
- വിദ്യാഭ്യാസം 19
- കുടിവെള്ളവും പൊതുജനാരോഗ്യവും 22
- ഗതാഗതവും ഊർജ്ജവും മാർക്കറ്റും 25
- പാർപ്പിടവും സാമൂഹ്യക്ഷേമവും 30
- സംസ്ക്കാരം 36
- വനിത 38
- സഹകരണം 40
- പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം 44
- വിഭവസമാഹരണം 46
- ടൂറിസം 49
- വനം 53
- ഉപസംഹാരം 56

മറയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി




അമിലി റോസി തമ്പിരാജ്
പ്രസിഡൻറ്




ടി.ടി. ജോസഫ്
വൈസ് പ്രസിഡൻറ്



ടി. മണി തങ്കയ്യ
സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ




ശങ്കരപാണ്ഡി പരമശിവൻ




കണ്ണൻ തിരുപ്പാൽ



ഗുരുസ്വാമി അളകർ



പാപ്പാത്തി കണ്ണപ്പൻ



വള്ളിമഹാലിംഗം



സന്ദേശം

ലോകനന്മക്കായി സ്വമനസ്സാലെ സ്വയം ശുദ്ധബലി അർപ്പിക്കാൻ വേണ്ടി, ഇന്ത്യ സ്വതന്ത്രവും ശക്തവുമായി കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ശുദ്ധനായ വ്യക്തി കുടുംബത്തിനുവേണ്ടി സ്വയം ബലി അർപ്പിക്കണം. കുടുംബം ഗ്രാമത്തിനു വേണ്ടിയും ഗ്രാമം ജില്ലക്കുവേണ്ടിയും ജില്ല പ്രവിശ്യയ്ക്കു വേണ്ടിയും പ്രവിശ്യ രാഷ്ട്രത്തിനു വേണ്ടിയും. ഭൂമിയിൽ ദൈവരാജ്യമുണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

- മഹാത്മാ ഗാന്ധി -

ആമുഖം

1947 ഓഗസ്റ്റ് 15. കൊളോണിയൻ നുകത്തിൽ നിന്ന് ഭാരതം സ്വതന്ത്രമായ സുദിനം. 49 വർഷം കടന്നുപോയി. അധികാരം കയ്യാളിയ കരങ്ങൾ മാറി എന്നതോടൊപ്പം ഭരണ രംഗത്തും വികസന രംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനായില്ല. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാനുള്ള നിർദ്ദേശക തത്വം പോലും 47-ാം വർഷം മാത്രമാണ് നടപ്പാക്കിയത്. ''ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ'' എന്ന ജനാധിപത്യ സ്വപ്നം തെരെഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയയിൽ ഒതുങ്ങി നിന്നു. സെക്കുലർ, ഡെമോക്രാറ്റിക്-സൊഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ പ്രഖ്യാപിത തത്വങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധത ഭരണ ഘടന തന്നെ നിർവീര്യമാക്കി (ഇന്ത്യൻ ഭരണ ഘടന വകുപ്പ് 37)

കേന്ദ്രീകൃതമായ ഭരണ വ്യവസ്ഥയ്ക്ക് അനുയോജ്യമായ ബ്യൂറോക്രാറ്റിക് സംവിധാനമാണ് ഇതുവരെ നമ്മുടെ നാട്ടിൽ നിലനിന്നത്. കാലതാമസം, അഴിമതി, കെടുകാര്യസ്ഥത, നടപടി ക്രമങ്ങളുടെ സങ്കീർണ്ണത, മുൻ തീരുമാനത്തിലും നടപടി ക്രമങ്ങളിലുമുള്ള പിടിവാശി, ജനങ്ങളിൽ നിന്നുള്ള അന്യവൽക്കരണം എന്നിങ്ങനെ പല വിമർശനങ്ങളും നമ്മുടെ ബ്യൂറോക്രസിയെക്കുറിച്ച് ഉണ്ടാകാറുണ്ട്. ഇവ ഒരു പരിധിവരെയെങ്കിലും മാറ്റി മറിക്കുന്നതിനുള്ള ഒരു സന്ദർഭമാണ് പുതിയനിയമം വഴി കൈവന്നിരിക്കുന്നത്.ഇതിനു കഴിഞ്ഞാൽ മാത്രമേ അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം യഥാർത്ഥ്യമാവുകയുള്ളു.

ജനാധിപത്യപരമായ വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വം ഓരോ തട്ടിലുമുള്ള, ഓരോ തരത്തിലുമുള്ള ഉദ്യോഗസ്ഥർ അതതു തട്ടിലെ തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ അഭിപ്രായത്തേയപേക്ഷിച്ച് പ്രവർത്തിക്കണം എന്നതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ പൂർണ്ണ നിയന്ത്രണം പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നല്കിയേതീരു. ഭാവിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിലും കീഴിലുമുണ്ട് പ്രത്യേക ഉദ്യോഗസ്ഥവൃന്ദമടങ്ങിയ സർവീസുകസ് ആവശ്യമായിവരും. അതോടുകൂടി മാത്രമേ പ്രാദേശിക സ്വയം ഭരണ സർക്കാർ എന്ന ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളു.

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് കീഴോട്ട് ഒഴുകി അതോടൊപ്പം കുത്തിയൊലിച്ചതും ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനമെടുക്കാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം നല്കാൻ നിലവിലുള്ള ആസൂത്രണ പ്രക്രിയ തലകുത്തനെ നിറുത്തിയേ തീരൂ. കേരളം നടപ്പാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശമാറ്റം നല്കപ്പെട്ട ആസൂത്രണ തന്ത്രമാണ് ആവിഷ്കരിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്ല്യ പങ്കാളിത്വം, ജാതിമതാതിഭിന്നതകൾക്കതീതമായി ഉറപ്പുവരുത്താൻ ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപ്പിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴിക കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജനകീയ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതി വിശേഷം സംജാതമായിരിക്കുകയാണ്.

ജനകീയ ഭരണം നിലവിൽ വന്നതിന്റെ മാറ്റം ആദ്യം പ്രതിഫലിക്കേണ്ടത് പഞ്ചായത്താഫീസിന്റെ പ്രവർത്തനത്തിലാണ്. പ്രഥമവും പ്രധാനവുമായി ആഫീസിലെത്തുന്ന പൊതു ജനങ്ങൾക്ക് മനുഷ്യത്വത്തോടു കൂടിയ പെരുമാറ്റം ലഭിക്കണം. അവരുടെ സംശയം തീർക്കത്തക്ക വ്യക്തമായ മറുപടികൾ കിട്ടണം. കാര്യം സാധിക്കുന്നതിന് അനാവശ്യമായ ബുദ്ധിമുട്ടുണ്ടാകാത്ത സാഹചര്യമുണ്ടാവണം. ഈ സംശുദ്ധമായ സമീപനം പിന്നീട് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. പഴയ ഭരണത്തിൽ നിന്ന് പ്രകടമായ മാറ്റം പുതിയ ഭരണത്തിനുണ്ട് എന്ന ജനങ്ങൾക്ക് ബോദ്ധ്യം വരണം. എങ്കിലേ ഭരണകൂടത്തിന് ജനങ്ങളുടെ പൂർണ്ണ സഹകരണം ലഭിക്കു.

മറയൂർ പഞ്ചായത്തിൽ ജനകീയസൂത്രണ പ്രവർത്തനം ആരംഭിച്ചത് 19-9-96ൽ ആണ്. 8 വാർഡ് കമ്മിറ്റികൾ രൂപീകരിക്കുകയും 98 അംഗങ്ങളെ സർവേക്ക് നിയോഗിക്കുകയും ചെയ്തു. 135 എൽ..ആർ.പി. മാർ സേവനം നടത്തുകയും 14 കൺവീനർമാരുടെ കീഴിൽ പ്രവർത്തനം തുടരുകയും ചെയ്തു. 27/9/96-ൽ തുടങ്ങിയ ഭൂപട സർവേ 28/10/96-ൽ അവസാനിച്ചു.

ഏതു പ്രവർത്തനവും ഏറ്റെടുക്കാൻ കഴിവുള്ള ഒരു നല്ല വാളണ്ടിയർ സേന രാപ്പകൽ പണിയെടുക്കാൻസദാസന്നദ്ധരായി പഞ്ചായത്തിലുണ്ട് എന്നതാണ് ശ്രദ്ധേയം. ജനകീയാസൂത്രണ രഥം ഏറെ മുന്നോട്ടുപോകാൻ കഴിയും എന്ന പ്രത്യുഷശ അതു കൊണ്ടുതന്നെ സംജാതമാകുന്നു.

മറയൂർ ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധസേവന തൃഷ്ണയുടേയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽ നിന്ന് ഉർജ്ജവും പ്രചോദനവും ഉൾക്കൊണ്ട്, അയൽകൂട്ട സംവിധാനമെന്ന ബഹുജനശക്തിയെ തുറന്നുവിട്ടുകൊണ്ട് ജനകീയാസൂത്രണവും നിർവഹണവും യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ മറയൂർ പഞ്ചായത്ത് വികസന രേഖ നാളയുടെ ചരിത്രം യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢ നിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

ഭരണസമിതിയ്ക്കു വേണ്ടി

വി. ആർ. കരുണാകരൻ (സെക്രട്ടറി)
അമിലി റോസി തമ്പി രാജ് (പ്രസിഡൻറ്)

ചരിത്രം

കേരളത്തിന്റെ പശ്ചിമഘട്ടത്തിന്റെ കിഴക്കു ചെരുവിൽ ആനമലയുടെ താഴ്വരയിൽ തമിഴ്നാട് അതിർത്തിയോടു ചേർന്നു കിടക്കുന്ന മനോഹരമായ ഗ്രാമം. മലകളാകെ മഞ്ഞിൽ പുതച്ചു കിടക്കുന്ന മന്ദാരകുളിരിൽ കുളിച്ചു നിൽക്കുന്ന പച്ചപ്പട്ടു വിരിച്ച പുണ്യഭൂമി. കുളിർ കാറ്റിൽ അലിയുന്ന കിളികളുടെ ഉണർത്തുപ്പാട്ടുകൊണ്ട് അനുഗ്രഹീതമായ ഗ്രാമം.

പഞ്ചപണ്ഡവന്മാരുടെ വനവാസകാലം കൊണ്ട് അനുഗ്രഹീതമായ പുണ്യഭൂമി. മറഞ്ഞിരുന്ന ഊർ കാലക്രമേണ ''മറയൂരായി'' രൂപാന്തരപ്പെട്ടു. ഇവിടെ ധാരാളം മഹർഷിമാർ തപസ്സു ചെയ്തിരുന്നതായി പറയപ്പെടുന്നു. തെളിവുകളായി മുനിയറകളും സുലഭമാണ്. അഗസ്ത്യ മഹർഷി, ചന്ദനകാടും ആറ്റുതീരവും ഉള്ള സ്ഥലത്താണ് ചരമമടഞ്ഞതെന്ന് പറയപ്പെടുന്നു. കേരളത്തിൽ ചന്ദനം സുലഭമായി കാണുന്നത് ഈ പ്രദേശത്താണെന്ന് കരുതുന്നു.

പഞ്ചപാണ്ഡവന്മാരുടെ വനവാസകാലത്ത് പാണ്ഡവരെ ഇല്ലായ്മ ചെയ്യുന്നതിന് കൗരവർ പല പൊയ്കളിലും നഞ്ചു കലക്കിയതായി പറയപ്പെടുന്നു. നഞ്ചു പൊയ്കകൾ ഉള്ളതുമാണ്

ശ്രീരാമ ചന്ദ്രന്റെ വനവാസകാലവും ഈ പുണ്യഭൂമിയെ സ്പർശിക്കുന്ന സത്യങ്ങളായി അവശേഷിക്കുന്നു. കായ്കനികൾ ഉണക്കുകയായിരുന്ന സീതയെ ഉപദ്രവിച്ച കാക്കയെ 'ഈ പ്രദേശത്തു പ്രവേശിച്ചാൽ ചത്തുപോകട്ടെ'' എന്ന് ശ്രീരാമൻ ശപിക്കുയുണ്ടായി. 7 വർഷം മുമ്പുവരെ ഇവിടെ വന്ന കാക്കകൾ ചത്തുകിടക്കുന്നതായും കണ്ടിട്ടുണ്ട്. പുരാണപ്രസിദ്ധങ്ങളായ പല ഗുഹകളുംഈ പ്രദേശത്തുണ്ട്. 3000 വർഷം മുമ്പ് വരച്ച ഗുഹാചിത്രങ്ങൾ പുരാവസ്തു ഗവേഷകർ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. ആന, കരടി, കടുവ, കാട്ടുപോത്ത്, മാൻ, മ്ലാവ്, മയിൽ, പന്നി കൂടാതെ ചെറുവന്യജീവികളും ഈ പ്രദേശത്തു ധാരാളമുണ്ട്.

കാലം പുരോഗമിച്ചുകൊണ്ടിരിക്കേ പുരാണേതിഹാസങ്ങൾ മങ്ങുകയും, ഭാരതത്തിന്റെ ദക്ഷിണ ഭാഗങ്ങൾ ചേരരാജാവും, ചോളരാജാവും പാണ്ഡ്യരാജ്യത്തിൽ പാണ്ഡ്യരാജാവും ഭരണം തുടങ്ങി. എന്നാൽ ജനവാസമില്ലാത്ത മറയൂർ പ്രദേശം പൂണാർ തമ്പുരാന്റെ ഭരണസീമയിൽ ആയി.

മൈസൂർ രാജാവായ ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് പാണ്ഡ്യരാജ്യമായ മധുരയിലും ആക്രമണമുണ്ടായി. പടയെടുപ്പിനെ ഭയന്ന് ആ പ്രദേശത്തെ അവശരായ ജനങ്ങൾ ആത്തൂർ, അരിയാപുരം എന്നീസ്ഥലങ്ങളിൽ കുടിയേറുകയും ഒരു വിഭാഗം മലകൾ ലക്ഷ്യമാക്കി നീങ്ങുകയും, മറയൂർ ഗ്രാമത്തിൽ എത്തിചേരുകയും ചെയ്തു. അങ്ങനെ എത്തിചേർന്നവർ മറയൂരിലുള്ള അഞ്ചുനാട്ടിൽ പാറയിൽ ഒത്തുചേരുകയും നാനാമതസ്ഥരും ജാതിക്കാരുമായിരുന്ന അവർ ''പാലിൽ'' സത്യം ചെയ്ത് ഒരു ജാതിക്കാരായി തീർന്നു. പിന്നീട് ജീവിതമാർഗ്ഗം തേടി, അഞ്ചായി പിരിയുകയും അഞ്ചുനാടുകളായ കാരയൂർ, കീഴാന്തൂർ, കാന്തല്ലൂർ, കൊട്ടകുടി, മറയൂർ എന്നീ സ്ഥലങ്ങളിൽ താമസമാക്കുകയും ഭരണകർത്താക്കളായി മന്ത്രി-മന്നാടി-പെരിയധനം എന്നീ അധികാരികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇവർക്ക് സേതുലക്ഷ്മിഭായി തമ്പുരാട്ടി തോക്കും-വാളും നല്കുകയുണ്ടായി. ഇന്നും വാളും തോക്കും സൂക്ഷിക്കുന്ന ഭരണപാരമ്പര്യത്തിൽപ്പെട്ടവർ ഈ ഗ്രാമത്തിലുണ്ട്.

ആചാരങ്ങൾ- അനുഷ്ഠാനങ്ങൾ

ഗ്രാമത്തിൽ താമസമാക്കിയവരെ രണ്ടുഭാഗമായി, മേൽവളവ്-കീഴ്വളവ് എന്നിങ്ങനെ തിരിക്കുകയുണ്ടായി. മേൽവളവിലെ താമസക്കാർ കീഴ്വളവിലേയ്ക്കും കീഴ്വളവിലെ താമസക്കാർ മേൽവളവിലേയ്ക്കും പെൺകുട്ടികളെ വിവാഹം കഴിച്ചുകൊണ്ടു പോയി ജാതി സ്പർദ്ധ ഇല്ലാതാക്കി എന്നത് പ്രത്യേകം സ്മരണീയമാണ്. ഇന്നും അന്യജാതിയിൽ നിന്ന് വിവാഹബന്ധം ഇവർക്ക് നിഷിദ്ധമാണ്.

പണ്ടുകാലത്ത് ഈ അഞ്ചു ഊരുകളിലുപ്പെട്ട സ്ത്രീകൾ വഴിപിഴച്ചാൽ അഞ്ചുനാടുകളിലേയും മന്ത്രി, മന്നാടി, പെരിയധനം എന്നിവരുടെ നേതൃത്വത്തിൽ അഞ്ചു നാട്ടാൻ പാറയിൽ ഒത്തു കൂടി വിചാരണ നടത്തും. തെറ്റു തെളിഞ്ഞാൽ കാലും കയ്യും കെട്ടി അഞ്ചുനാട്ടാൻ പാറയിൽ നിന്ന് കൊക്കയിലേയ്ക്കു വിലച്ചെറിയും. ക്രൂരമായ ഈ ശിക്ഷ നടപ്പാക്കിയിരുന്നതായി പഴമക്കാർ പറയുന്നു.

പ്രധാന ആരാധനാമൂർത്തികൾ

1. മനീർ കുമ്മൻ അമ്മൻ
2. പെടാരി അമ്മൻ
3. വെളക്കനാട്ടി അമ്മൻ
4. പടാരി അമ്മൻ
5. മാരിയമ്മൻ

പാരിവേട്ട

മാരിയമ്മൻ തിരുവിഴ ചൊവ്വ, ബുധൻ, ദിവസങ്ങളിൽ ആഘോഷിക്കുകയും വ്യാഴാഴ്ച 'പാരിവേട്ട''യ്ക്ക് പോകുകയും ചെയ്യുന്നു.

ഗ്രാമത്തിലെ ജനങ്ങൾ കൂട്ടമായി രാവിലെ 8 മണിക്ക് പെരുംപാറ, വളക്കപ്പാറ എന്നീ സ്ഥലങ്ങളിൽ ഒത്തു ചേരുകയും സമൂഹസദ്യ നടത്തി പാരിവേട്ടയ്ക്കായി പുരുഷന്മാരെ യാത്രയാക്കുകയും ചെയ്യുന്നു. തോക്ക്, കുത്തട്ടി, വാക്കത്തി, വില്ലമ്പ് വളർത്തു നായ്ക്കൾ എന്നിവയുമായി പുറപ്പെടുന്ന പുരുഷന്മാർ ഒന്നടങ്കം കാട്ടിൽ പ്രവേശിച്ച് കാടിളക്കി മൃഗവേട്ട നടത്തുകയും വേട്ടയാടിപ്പിടിക്കുന്ന മൃഗങ്ങളെ കൊണ്ടുവന്ന് ഗ്രാമത്തിലുവ്വള എല്ലാ കുടുംബങ്ങളും തുല്യമായി വീതിച്ചെടുക്കുകയും ചെയ്യുന്നു. ശിവരാത്രിയുടെ 3-ാം ദിവസവും ഈ പതിവ് തുടരുന്നു.

വേട്ടയ്ക്കു വരുന്ന തോക്കുധാരികൾ എല്ലാവേട്ടയ്ക്കു ശേഷം 1 പക്കനെല്ല് ഗ്രാമപഞ്ചായത്ത് സത്ര ത്തിൽ ഏല്പിക്കുകയും 7 വർഷം കൂടുമ്പോൾ ഇപ്രകാരം ലഭിച്ച നെല്ലു എടുത്തു കുത്തി അരിയാക്കി വേട്ടക്കാരൻ മലയിലുള്ള മലദൈവങ്ങളുടെ മുമ്പിൽ സദ്യനടത്തുകയും, അന്നുവേട്ടയാടി ലഭിക്കുന്നമൃഗങ്ങളെ അവിടെ വച്ചുതന്നെ പാചകംചെയ്തു കഴിക്കുകയും ചെയ്യുന്നു.

മനീർകമ്മൻ വിശേഷദിവസം 15 ദിവസം കഠിനവ്രതമെടുത്ത് പെരിയ നോമ്പു സമയത്ത് പൂക്കുഴി ഇറക്കണം. പതിനാലടി നീളത്തിലും 3 അടി വീതിയിലും വാരം തോണ്ടി വെക്കാലി, കടുക്ക എന്നിവയുടെ വിറകു ശേഖരിച്ച് കത്തിച്ച് തീക്കനൽ ഉണ്ടാക്കുകയും ചോലയിൽ മാത്രം വളരുന്ന ''കുങ്കലിയം'' എന്ന ചെടിയുടെ കറവെട്ടി ചോലയിൽ നിന്നും ശേഖരിച്ച് പുകച്ച് സുഗന്ധപൂരിതമാക്കുകയും ചെയ്യുന്നു. കഠിന നൊയമ്പെടുത്തവർ ഈ കനലിൽ കൂടി നഗ്ന പാദരായി നടക്കുകയും ചെയ്യുന്നു.

അതിനുശേഷം പടാരി അമ്മൻ കോവിലിൽ ''പൊങ്കൽ'' വെച്ച് പൂജനടത്തുകയും അരുൾ വന്നശേഷം തിളയ്ക്കുന്ന ചോറ് കൈകൊണ്ട് മാത്രം എടുത്ത് പൂജനടത്തുകയും ചെയ്യുന്നു. ഈ സമയത്ത് കൈകൾക്കോ കാലുകൾക്കോ പൊള്ളൽ ഏല്ക്കുന്നില്ല എന്ന സത്യം ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

ഈ ഉത്സവസമയത്ത് പല ജാതിക്കാരായിവന്നവർ അവരുടെ ജാതിക്കാരുടെ ശരിയായ വേഷം ധരിച്ചിരിക്കണം എന്ന് നിർബന്ധമുണ്ട്.

ചേട്ടി	-	ആൺ - പെൺവേഷം
മന്നാടിയാർ	-	വേടൻ - അമ്പും വില്ലും
കോടാങ്കിനാകർ	-	ഉടുക്ക്
മത്താളി	-	ആടുവെട്ടൽ
പൂച്ചക്കര	-	പൂജകൻ നടത്തുന്ന (നാരിവൻ)
പെരിയധനം	-	ധനകാര്യവാഹകർ
തോക്കുവീട്	-	തോക്ക്

മേൽ വിവരിച്ച വേഷം കെട്ടി വാദ്യമേളങ്ങളുടെ അകമ്പടിയോടെ നൃത്തമാടി ആർത്തുചിരിച്ചുല്ലസിച്ച് പൂർവ്വകാല സ്മരണകൾ അയവിറക്കുന്നു.

അഞ്ച് ഊരുകളിലായി പിരിയുമ്പോൾ ഒരു നിബന്ധന കൂടി നടപ്പിൽ വരുത്തുകയും തിരിച്ചറിയുന്നതിനായി വേഷവും ഭാഷയും (തമിഴ് ആണ് സംസാരിക്കുന്നതെങ്കിലും5 ഊരുകളിലേയും സംസാരഭാഷയ്ക്ക് വ്യത്യാസമുണ്ട്) മാറ്റം വരുത്തുകയും ഇന്നും ഇത് നിലനില്ക്കുകയും ചെയ്യുന്നു. ഇന്നും ഈ അഞ്ചു ഊരുകളിലുമുള്ളവർ തമ്മിൽ മാത്രമേ വിവാഹബന്ധം പാടുള്ളൂ എന്നു നിർബന്ധമുണ്ട്. ഇതിനെതിരായി പ്രവർത്തിച്ചാൽ ഊരുവിലക്കു രഹസ്യമായി നടക്കുന്നു.

രസകരമായ ആചാരം

ആദ്യമായി പുഷ്പിണിയാകുന്ന യുവതിയെ 15 ദിസം തനിച്ചുണ്ടാക്കിയ 'മുട്ടുവീട്' എന്ന വീട്ടിൽ താമസിപ്പിക്കുകയും 15 ദിവസത്തിനുശേഷം ആഘോഷമായി അരുവിയിൽ കുളിപ്പിച്ചു തായ്മാമൻ (അമ്മയുടെ ആങ്ങള) വാങ്ങിച്ചു കൊടുക്കുന്ന പുതുവസ്ത്രങ്ങൾ ധരിച്ചു നിലവിളക്കു കൊളുത്തിതൊഴുത ശേഷം അച്ചരനമ്മമാരുടെ കാൽക്കൽ വീണ് അനുഗ്രഹം നേടി ഗൃഹത്തിൽ പ്രവേശിക്കുന്നു. ഗ്രാമത്തിലുള്ള എല്ലാവരെയും വിളിച്ച് സദ്യ ഒരുക്കുകയും ചെയ്യുന്നു. ഈ സമ്പ്രദായം ഇന്നും തുടരുന്നു. ഋതുമതിയാകുന്ന എല്ലാ സ്ത്രീകളും മുട്ടുവീട്ടിൽ 3 ദിവസം താമസ്യ്ക്കണമെന്ന് ഇന്നും നിർബന്ധമുണ്ട്.

കുടിയേറ്റത്തിന്റെ തുടക്കം

അഞ്ചുനാടുകളിലായി താമസിച്ചിരുന്നവർ വസ്ത്രങ്ങളും ഉണ്ടാക്കുവാൻ ആത്തിയ മരത്തിന്റെ തോൽ ചതച്ച് വസ്ത്രമാക്കി ഉപയോഗിക്കുകയും, ആഹാരത്തിനായി കാട്ടുകിഴങ്ങുകളും ഫലങ്ങളും ഭക്ഷണമാക്കുകയും ചെയ്തു. കാലക്രമേണ തമിഴ്നാട്ടിൽ നിന്നു കൊണ്ട് വന്ന കറുക, കൂത്താള, സ്വർണ്ണവാലൻ എന്നീ നെല്ലുവിത്തുകളും, കേപ്പ, തെന, ചീര, കടുക് എന്നിവും കാടുവെട്ടിതെളിച്ചു കൃഷിചെയ്യുകയും ഉപജീവനമാർഗ്ഗം കൃഷി ആക്കിമാറ്റുകയും ചെയ്തു.

കാടുവെട്ടിമെതിച്ച് പാടമാക്കി നെല്ല് വിത്തു വിതയ്ക്കുകയും മുളച്ച് 30 ദിവസത്തിനുശേഷം വിതച്ച വയലിൽ കാളയെ കെട്ടി ഉഴുതു മറിച്ചു 'പയർ ഉഴവ്'നടത്തുകയും ചെയ്യുന്നു. ഉഴുതുമറിച്ച നെല്ല് കളകൾ നീക്കം ചെയ്തശേഷം വെള്ളം കെട്ടിവിടുന്നു.

ഇതിന്റെ പിന്നിൽ ഒരു കഥയുണ്ട്. രണ്ട് കുടുംബങ്ങൾ തമ്മിൽ കൃഷി സ്ഥലത്തെ പറ്റി തർക്കമുണ്ടാകുകയും ഒരാളുടെ കൃഷി മറ്റൊരാൾ രാത്രിയിൽ കാളയെകെട്ടി ഉഴവ് അടിച്ച് നശിപ്പിക്കുകയും' ചെയ്തു. ഇതിൽ മനം നൊന്ത് സ്ഥലമുടമ കൃഷി സ്ഥലം ഉപേക്ഷിക്കുകയും അഞ്ചുനാട് ഗ്രാമസഭയിൽ പരാതി സമർപ്പിക്കുകും ചെയ്തു. ദിവസങ്ങൾക്കുശേഷം 5 ഊരിലേയും മന്ത്രി, മന്നാടി, പെരിധനം എന്നിവർ സ്ഥലം സന്ദർശിക്കാൻ എത്തുകയും സ്ഥലത്തു ചെന്നവർ ആർത്തുമുളച്ച് കരുത്താർജ്ജിച്ച് നില്ക്കുന്ന നെല്ലു കണ്ട് അത്ഭുതപ്പെടുകയും ചെയ്തു. ഇതിനുശേഷം ഇത് ഒരു പതിവായി സ്വീകരിക്കപ്പെടുകയും 'ഉർവ്വശി ശാപം ഉപകാര'മായതുപോലെ വിത നെല്ലിന് നടീലിന്റെ ഗുണം ലഭിക്കുകയും ചെയ്തു. ഇന്നും ഇത് അപൂർവ്വമായി നിലനില്ക്കുന്നു.

ഗ്രാമവാസികളുടെ പിന്നാലെ എത്തിയ കുറുവളി പുലയരും, കുറുമ്പപുലയനും അപൂർവ്വമായി മാത്രം കാണാൻ കഴിയുന്ന നഗ്നരായ മലശൻ (മലശപ്പുലയർ ഇന്നില്ല) ഇവരുടെ സഹായികളായി അടിമപ്പണി ചെയ്തു ജീവിച്ചു വന്നു. മുതുവാന്മാരും കുറുവളി പുലയരും തമിഴ് കൊങ്കു ഭാഷയാണ് സംസാരിക്കുന്നത്. (ഇതിന് ലിപിയില്ല). ഇവിടത്തെ ശിലാലിഖതങ്ങൾ പുരാവസ്തു ഗവേഷകർക്കുകൂടി വായിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ദുഃഖസത്യമാണ്. ഗ്രാമവാസികളും ഓരോ മാസവും ഓരോ ദൈവങ്ങളെ ആരാധിച്ചിരുന്നു. ആവണിമാസം കാളിയാത്ത നോമ്പ്, കാർത്തികമാസം കാർത്തികനോമ്പ്, മാർകഴി മാസം മാരിയമ്മ നോമ്പ്, തൈമാസം തൈനോമ്പ്, മാശിമാസം ശിവരാത്രി, വൈകാശി മാസം തലവാസൽ കറുപ്പണ്ണൻ നോമ്പ് എന്നിവയും നടത്തിവന്നിരുന്നു.

പട്ടിക്കാട്ടിൽ ഉള്ള കാളിയമ്മൻ കോവിലിൽ ഇന്നുംമൃഗബലി തുടരുന്നു. ഉത്സവത്തിന് രാത്രിയിൽ എല്ലാവരും ഒത്തുകൂടി ''മാവിളക്ക്'' ഏടുക്കുന്ന ഒരു ആചാരമുണ്ട്. കത്തിച്ച തിരിയുമായി വാദ്യമേളങ്ങളുടെ അകമ്പടിയോടെ നൃത്തം ചവുട്ടി നീങ്ങുന്ന കാഴ്ച്ച അതിമനോഹരമാണ്.

അനന്തം - അജ്ഞാതം

മഴയില്ലാത്ത കാലങ്ങളിൽ മഴക്കുവേണ്ടി കൂടക്കാട്ടു മലയുടെ തെക്കുഭാഗത്തായി കിടക്കുന്ന മലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിൽ മറയൂർ ഗ്രാമവാസികൾ ഓരോ വീട്ടിൽ നിന്നും ഓരോരുത്തരായി എടുക്കുന്ന അരി, പച്ചക്കറി, തുടങ്ങിയ സാധനങ്ങളുമായി വാദ്യമേള ആഘോഷങ്ങളുമായി ''ചന്ത്രകുമാരാണ്ടി'' ക്ഷേത്രത്തിൽ എത്തുകയും ആചാരപ്രകാരമുള്ള പൂജകൾ നടത്തുകയും ആഹാരം പാചകം ചെയ്തു കഴിയ്ക്കുകയും ചെയ്യുന്നു. എത്ര തെളിഞ്ഞ അന്തരീക്ഷമാണെങ്കിലും തിരിച്ചുവരുമ്പോൾ മഴനനഞ്ഞ് ഗ്രാമത്തിൽ വരികയും ചെയ്യുന്നു. പക്ഷേ ഇന്ന് ഇത് ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

പുരാണ പ്രസിദ്ധമായ കോവിക്കടവ് തെങ്കാശിനാഥൻ ക്ഷേത്ര പാമ്പാർ തീരത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചപാണ്ഡവർ പൂജചെയ്യുന്നതിനായി പണികഴിപ്പിച്ചതാണ് ഈ ക്ഷേത്രം എന്നു വിശ്വസിച്ചു വരുന്നു. ഒറ്റകല്ലു കൊണ്ട് ഗുഹാരീതിയിൽ പണിത ക്ഷേത്രത്തിന്റെ ഉൾഭാഗത്ത് കാണുന്ന ഗുഹ മധുരമീനാക്ഷി അമ്മൻ ക്ഷേത്രം വരെ നീണ്ടു കിടക്കുന്നതായി പഴമക്കാർ പറയുന്നു. പാറയിൽ കൊത്തിവച്ചിരിക്കുന്ന ശിലാലിഖിതങ്ങൾ പലപുരാവസ്തു ഗവേഷകരും വായിക്കുവാൻ ശ്രമിച്ചുവെങ്കിലും ഇന്നും അജ്ഞാതമായിരിക്കുന്നു.

1800 കാലഘട്ടങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് കാർഷികോല്പന്നങ്ങളും വനവിഭവങ്ങളും കൊണ്ടുപോകുന്നതിന് കന്നുകാലികളെയും കഴുതകളെയും ഉപയോഗിച്ചിരുന്നു. വ്യാപാരത്തിനായി വരുന്നവർ 3 മൈൽ ദൂരെചെരുപ്പുകൾ അഴിച്ചുവെച്ച ശേഷമേ ഗ്രാമത്തിൽ പ്രവേശിക്കാവൂ എന്ന നിയമം നിലനിന്നിരുന്നു. ടി സ്ഥലം ഇന്നും ''ചെരുപ്പ് കളട്ടി'' എന്നറിയപ്പെടുന്നു.

തമിഴ്നാട്ടിൽ നിന്ന് വ്യാപാരികൾ വന്നുകൊണ്ടിരിക്കുന്നതിനാൽ അവശസമുദായത്തിൽപ്പെട്ട മറയൂർ ഗ്രാമവാസികളും''വെള്ളാള പിള്ള'' എന്ന ജാതിപ്പേർ സ്വീകരിക്കുകയും

ചെയ്തു. (ആദിവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾപോലും ഇവർക്ക് നിഷേധിച്ചിരിക്കുന്നത് ദുഃഖകരമാണ്).

ഗ്രാമവാസികൾക്ക് പിന്നാലെ കറവെളി പുലയർ, കാട്ടു കുറപമ്പ പുലയർ പൂതാച്ചി മലവഴിവരുകയും, വരുന്ന വഴിയിൽ ഒരശരീരി ഉണ്ടാകുകയും ചെയ്തു 'എന്നേയും കൂടികൊണ്ടു പോകണെ' എന്ന്. തിരിഞ്ഞുനോക്കിയപ്പോൾ ആളെക്കാണാതെ അമ്പരക്കുകയും വീണ്ടും നടക്കാൻ തുടങ്ങിയപ്പോഴും പഴയ മുറവിളി ആരംഭിക്കുകയും ചെയ്തു. അത്ഭുതമെന്നുപറയട്ടെ മുമ്പിലുള്ളവഴി അദൃശ്യമാകുകയും ചെയ്തു. അവിടെക്കിടന്ന ഉരുണ്ട കല്ലെടുത്ത് മടിയിൽ വച്ചപ്പോഴും പാത ദൃശ്യമാകുകയും ചെയ്തു. അന്നുകൊണ്ടുവന്ന കല്ലാണ് മറയൂർ അരുണാഷി അമ്മൻ ക്ഷേത്രത്തിൽ സ്ഥാപിച്ചിരിക്കുന്നത്. ഇവിടെ വച്ചു പൂജനടത്തുവാനുള്ള അവകാശം കമ്മിട്ടാം കഴിവാസികൾക്കാണ്. മൃഗബലി നടത്തിയിരുന്ന സമയത്ത് 'മാട്ടിറച്ചി' തിന്നും എന്നകാരണത്താൽ മറയൂർ ഗ്രാമവാസികളും ഇവരെ തൊട്ടുകൂടാത്തവരായി കല്പിക്കുകയും, തനിച്ച് ഒരുകോളനി വേർതിരിച്ച് കൊടുക്കുകയും, ഇവരെ അടിമപണിക്കാരായി മാറ്റുകയും ചെയ്തു. ഇവരുടെ കുലദൈവം ഇന്നും 'മധുരമീനാക്ഷി' ആണ്. പൊതുവായി മുരുകനേയും (സുബ്രമഹ്ണ്യസ്വാമി) ആരാധിക്കുന്നു.

ആദിവാസി മുതുവാൻ ചരിത്രം

അയോദ്ധ്യ മാഹാരാജാവായിരുന്ന ശ്രീരാമചന്ദ്രൻ രാവണ വധത്തിനുശേഷം വീണ്ടും അധികാരം ഏറ്റശേഷം സീതാദേവിയെ കാട്ടിൽ ഉപേക്ഷിക്കുകയുണ്ടായി. കാട്ടിലുപേക്ഷിക്കപ്പെട്ട സീതയുടെ സംരക്ഷണത്തിനായി കാനനകന്യകളായ ആര്യാ-സൂര്യാ വംശജരായവരിൽ നിന്നാണ് ഇവരുടെ ഉത്ഭവം. വനത്തിൽ തന്നെ ജീവിച്ചുവന്നിരുന്ന ഇവരെ തമിഴ്നാട്ടു മാഹാരാജാവായിരുന്ന പാണ്ഡ്യൻ മധുരക്കു കൊണ്ടുപോകുകയും, അവിടെ ജീവിത സാഹചര്യവുമായി ഒത്തുചേരാതെ വന്നപ്പോഴും ഇവർ വീണ്ടും വനത്തിലേക്ക് പോകുകയും ചെയ്തു. എന്നാലും പാണ്ഡ്യ രാജാവ് പൂഞ്ഞാർ തമ്പുരാനുമായി ഇവരെ സംരക്ഷിക്കുവാനുള്ള കരാർ ഉണ്ടാക്കുകയും ചെയ്തു.

ആയതിനുശേഷം പൂഞ്ഞാർ രാജാവിന്റെ സംരക്ഷണം ലഭിക്കുകയും വനത്തിൽ ജീവിച്ചുകൊള്ളാൻ അനുവദിക്കുകയും ചെയ്തു.

ആദികാലത്ത് മലകളുടെ താഴവരയിലുള്ള ഗുഹകളിലും കൽപ്പലകകൾ കൊണ്ടുനിർമിച്ച വീടുകളിലും ഇവർ താമസിച്ചു വന്നു. അക്കാലത്ത് ഇവർ മരത്തിന്റെ ഇലകൾ മരത്തോൽ എന്നിവകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നു. കായ്കനികളും തേനും ഭക്ഷിച്ച് ജീവിച്ചുവന്നു.

ആചാരങ്ങളും സംസ്ക്കാരവും.

സൂര്യൻ, ശിവൻ, വനദേവത എന്നി മൂർത്തികളെ ഇവർ ആരാധിച്ചുവന്നിരുന്നു. നാവിഴ ആണ്ടുവർഷമായ ചിത്തിര ഒന്നാം തീയതി സൂര്യഭഗവാനേയും, കാർത്തികമാസം പൗർണ്ണമിദിവസം ശിവപെരുമാളെയും ,തൈമാസത്തിൽ വനദേവതകൾക്കും പൂജ അർപ്പിക്കുന്നു. അക്കാലത്ത് വന്യമൃഗങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനായി അമ്പും വില്ലും ശിലായുധങ്ങളും ഉപയോഗിച്ചിരുന്നു. പ്രധാനകൃഷികളായി തെന, കേപ്പ, വരത് എന്നിവയും കിഴങ്ങു വർഗ്ഗത്തിൽപ്പെട്ട മധുരവള്ളിക്കിഴങ്ങും കൃഷിചെയ്തുപോന്നു.

ഒരുസ്ത്രി ഗർഭിണിയായാൽ പ്രസവസമയത്ത് തനിച്ചായികെട്ടിയുണ്ടാക്കിയവീട്ടിൽ, സ്ത്രീകളുടെ സാന്നിദ്ധ്യത്തിൽ പ്രസവം നടക്കുകയും 30 ദിവസം തനിച്ചുള്ള വീട്ടിൽ താമസിച്ച് എല്ലാദിവസവും രാവിലെ നീറ്റിൽപ്പോയി തണുത്തവെള്ളത്തിൽ കുളിക്കുകയും ചെയ്യുന്നു. 30 ദിവസത്തിനുശേഷം എല്ലാവരുചേർന്ന് ആഘോഷമായി തള്ളയേയും കുഞ്ഞിനെയും വീട്ടിലേക്ക് സ്വീകരിച്ചുകൊണ്ടു വരുകയും സദ്യ നൽകുകയും ചെയ്യുന്നു. (പ്രസവവീട്ടിൽ എന്തൊവശ്യമുണ്ടെങ്കിലും പുരുഷന്മാർ പ്രവേശിക്കാൻ പാടില്ല എന്ന നിയമവുമുണ്ട്.)

പെൺകുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ തനിച്ച് "മുട്ടുവീട്ടിൽ" ചെല്ലുകയും വിവരം കൂട്ടുകാരികൾ മുഖേന വീട്ടിൽ അറിയിക്കുകയും ചെയ്യും. ഏഴുദിവസം മുട്ടുവീട്ടിൽ കഴിഞ്ഞ ശേഷം എല്ലാസ്ത്രീകളും ഒത്തുചേർന്ന് ആറ്റിൽകൊണ്ടുപോയി കുളിപ്പിക്കുകയും കയ്യിൽ കരുതിയിരിക്കുന്ന കുടത്തിൽ എല്ലാ സ്ത്രീകളും വെള്ളം ശേഖരിക്കുകയും ആറുമുതൽ വീടുവരെ നടക്കുന്നതിനിടയിൽ ഓരോരുത്തയായി ഓരോകുടംവെള്ളം പെൺകുട്ടിയുടെ തലയിൽ ഒഴിക്കുകയും ചെയ്യുന്നു. വീട്ടിൽവരുമ്പോൾ കൊണ്ടുവന്ന വെള്ളത്തിൽ നിന്ന് സ്വന്തക്കാർ ചെറിയ പാത്രത്തിൽ വെള്ളം പകരുകയുംഅവരുടെ വീട്ടിൽകൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്യുന്നു. പെൺകുട്ടിയുടെ വീട്ടിൽ സദ്യനടത്തിയേക്കും വെള്ളം സൂക്ഷിച്ച വീട്ടുകാരും സദ്യയൊരുക്കുന്നു.

വിവാഹപ്രായമെത്തിയ പെൺകുട്ടികൾക്ക് കെട്ട് എന്നൊരാചാരമുണ്ട. പെൺകുട്ടിയുടെ തലയിൽ ഒരു കൈ എണ്ണ വെയ്ക്കുന്നപതിവാണ്. ഒരു വർഷത്തിനു ശേഷം എല്ലാ സ്ത്രീകളും ഒത്തുകൂടി സദ്യനടത്തി തലമുടി കെട്ടി കൊടുക്കുക (ഈ ചടങ്ങുകൾക്ക് മുമ്പായി പെൺകുട്ടികൾ തലമുടി കെട്ടിവയ്ക്കാൻ പാടില്ല)

പുരുഷന്മാർ വിവാഹപ്രായമെത്തുമ്പോൾ അമ്മാവന്റെ മക്കൾ ആഘോഷമായി പുരുഷന്റെ തലയിലും മേൽപ്രസാതാവിച്ച മാതിരി എണ്ണ വയ്ക്കുകയും അമ്മാവന്റെ മകൻ (അളിയൻ) തലയൻ കെട്ട് കെട്ടിക്കുകയും ചെയ്യും. തലയിൽ കെട്ടിയമുണ്ട് അഴിച്ച് പുരുഷൻ തലയിൽ "മുക്കടായി" ഇട്ട് വീട്ടിൽ കയറുകയും നാണംകുണുങ്ങികളായ ഇവരെ എല്ലാവരും ചേർന്ന് വീണ്ടും തലയിൽ മുണ്ട് കെട്ടികൊടുക്കുകയും ചെയ്യുന്നു. (ഇന്ന് സ്ക്കൂളിൽപോകുന്നവർ ഈ ചടങ്ങിനുമുമ്പായി തന്നെ മുടിമുറിക്കാത്തതിനാൽ ഈ ചടങ്ങിന് പിഴയായി 101 രൂപ 25 പൈസ പിഴ കെട്ടിയാലേ ഈ ചടങ്ങ് നടത്തുകയുള്ളൂ. ആരുടെ മുമ്പിലും ഈ കെട്ടഴിക്കാതെ കടന്നുചെല്ലാം എന്നത് മുതുവാന്മാരുടെ അവകാശമാണ്.

വിവാഹം കഴിക്കണമെന്നുതോന്നുമ്പോൾ ചെറുക്കന്റെ കൂട്ടുകാർ അമ്മാവന്റെ വീട്ടിൽപോയി പെണ്ണ്ചോദിക്കുകയും തരാമെന്ന് പറഞ്ഞാൽ അവർ തന്നെ ചെറുക്കന്റെ വീട്ടിൽ വിവരം പറയുകയും ചെയ്യുന്നു. കുടിയേറ്റപ്രായമായവർ എല്ലാംചേർന്ന് വിവാഹത്തിന് ഒരു തീയതി നിശ്ചയിക്കുന്നു. തീയതി നിശ്ചയിച്ചുകഴിഞ്ഞാൽ വിവാഹത്തിനുമൂന്ന് ദിവസം മുമ്പ്(പണ്ട് ഇത് മുപ്പതു ദിവസമായിരുന്നു) ചെറുക്കനെ ഇഷ്ടമല്ല എന്ന് പറഞ്ഞ് പെൺകുട്ടികളും തോഴിമാരും കാട്ടിൽ ഒളിക്കുകയും ചെയ്യുന്നു. ഈ വിവരം അറിഞ്ഞ ചെറുക്കൻ കൂട്ടുകാരുമൊത്ത് പെണ്ണിനെ തേടിപ്പോവുകയും കണ്ടുപിടിക്കുകയും ചെയ്യുന്നു. കണ്ടെത്തിയ പെൺകുട്ടിയുമയി കുടിയിൽ എത്തി മുതിർന്നവരുടെ കാർമ്മികത്വത്തിൽ "പാശിമാല"അണിയിച്ച് വിവാഹം നടത്തുന്നു. ഇന്നും ഈ ആചാരത്തിനുമാറ്റമില്ല.

ഇന്നം മറ്റുള്ള ജനങ്ങളുമായി ഇടപഴകി എല്ലാതുറകളിലും മുളവാന്മാർ പ്രവർത്തിക്കുന്നു.

കുടിയേറ്റം

തമിഴ്നാട്ടിൽ നിന്നും തമിഴ് ഹിന്ദുക്കൾ, തമിഴ് ക്രിസ്ത്യാനികൾ, തമിഴ് മുസ്ലിംമുകൾ എന്നിവരും 1900 കാലഘട്ടത്തിൽ ഇ

കാട്ടയം, പാല, തൊടുപുഴ, മൂവാറ്റുപുഴ, കാഞ്ഞാർ, ആരുളം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഒറ്റപെട്ട മലയാളികൾ കുടിയേറുകയും കൃഷിസ്ഥലങ്ങൾ വെട്ടിപിടിച്ചു കൃഷി ആരംഭിക്കുകയും ചെയ്തു.

കണ്ണൻ ദേവൻ ബ്രിട്ടിഷ് കമ്പനിയിൽ ഇന്നുകാണുന്ന മൂന്നാർ-മറയൂർ ഉടുമല റോഡ് നിർമ്മിച്ചത്. മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചു പണിത റോഡ് ഇന്നും നിലനിൽക്കുന്നു എന്നുമാത്രമല്ല ബ്രിട്ടീഷ് കമ്പനി തീർത്ത പാലം ചിന്നാറിൽ ചരിത്രാവിശിഷ്ടമായി നിലകൊള്ളുകയും ചെയ്യുന്നു.

1952-ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് കാടു പിടിച്ചു കിടന്നിരുന്ന പുറംമ്പോക്കുകൾ കേരളത്തിലെ ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യുകയും ജീവിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. എന്നാൽ മലമ്പനി പേടിച്ച് പലരും വരാതിരിക്കുകയും ചെയ്തു. അവർക്കായി അടിമാലിയ്ക്ക് സമീപമുള്ള ദേവിയാർ സ്ഥലം അനുവദിക്കുകയും ചെയ്തു. ഇന്ന് മറയൂരിലെ കോളനി പട്ടം താണുപിള്ള കോളനി എന്നറിയപ്പെടുന്നു.

15-8-1953-ൽ മറയൂർ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം തുടങ്ങി. ശ്രീ. സി. സുബ്രമഹ്ണ്യപിള്ളയും എക്സിക്യൂട്ടീവ് ഓഫീസറായി ഗണവതി അയ്യരും സേവനം അനുഷ്ഠിച്ചു. ഭരണ സമിതി അംഗങ്ങളായി എം. പി. മേഘവർണ്ണൻ പിള്ള, തൊമ്മൻ ഔസേഫ് (വൈസ് പ്രസിഡൻറ്) കാവി ചന്തൻ പളന-, കെ. ഭാസ്ക്കരപിള്ള, മച്ചാട്ടിൽ വേലൻ പളനി കുമ്മിട്ടാം കുഴി എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തു. കാലക്രമേണ പഞ്ചായത്ത് ഓഫീസിനായി പുതിയ കെട്ടിടം പണിയുകയും, പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്കു മാറ്റുകയും ചെയ്തു. ആദ്യമായി ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പു നടത്തുകയും, റ്റി. എൽ. രാമസ്വാമിപിള്ള പ്രസിഡൻറ് സ്ഥാനം അലങ്കരിക്കുകയും ചെയ്തു. കമ്മിറ്റി അംഗങ്ങളായി പി. കെ. തങ്കപ്പൻ നായർ, നാഗൻ എം. എസ്. സേതുറാം, പി. എസ്. രാമസ്വാമി, കെ. കുട്ടപ്പപണിക്കർ, സി. മാധവൻപിള്ള, അന്നാമ്മ മൈക്കിൾ എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തു. നീണ്ട 16 വർഷക്കാലം ഭരണം നടത്തിയ ഈ കാലഘട്ടത്തിൽ പല വികസന പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു.

ശേഷം വന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി. എമിലി അജു ആൻറണി പ്രസിഡൻറ് സ്ഥാനവും ശ്രീ. എം. പി. ജോസഫ് വൈസ് പ്രസിഡൻറ് സ്ഥാനവും ഭരണസമിതി അംഗങ്ങളായി പി. എൻ. പുരുഷോത്തമൻ, പി. വറുഗീസ്, പി. ചിദംബരം, റ്റി. റ്റി ജോസഫ്, റ്റി. എൽ. രാമസ്വാമിപിള്ള, വി. പാൽരാജ് എന്നിവരും സേവനം കാഴ്ച വച്ചു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ഔസേഫ് മാത്യൂ പ്രസിഡൻറ്, റ്റി. ജി. ജോസഫ്, മുഹമ്മദ് ഇസ്മായിൽ, നിർമ്മല ക്രിസ്റ്റോഫർ, പി. വിജയൻ, പി. മൈൽസ്വാമി, കെ. എൽ. ബാലകൃഷ്ണൻ, അമിലി റോസ് തമ്പിരാജ് എന്നിവർ ഭരണസമിതിയിൽ വരുകയും പ്രസിഡൻറ് സ്ഥാനത്തു നിന്ന ഔസേഫ് മാത്യ വിരമിക്കുകയും 1991 മുതൽ '95 വരെ റ്റി. റ്റി. ജോസഫ് പ്രസിഡൻറ് സ്ഥാനം അലങ്കരിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൻെറ സുവർണ്ണ കാലഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും പഴയ കെട്ടിടം പുതുക്കി പണിത് ഇന്നു കാണുന്ന കെട്ടിടം 30-05-1994 ൽ ഉത്ഘാടനം ചെയ്യുകയും ആയതിനോടനുബന്ധിച്ച് ശ്രീ. എൽ. രാമസ്വാമി പിള്ള മെമ്മോറിയൽ വായന ശാല ആരംഭിക്കുകയും ചെയ്തു.

വിദ്യാഭ്യാസ മേഖല

മറയൂർ ഗ്രാമ പഞ്ചായത്തിൽ ഒരു എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും വിദ്യാഭ്യാസ രംഗത്തും 1956-'57ൽ തമിഴ് നാട്ടിൽ നിന്നും വന്ന ബ്രദർ തോമസ് മറയൂർ യു. പി. എസിന് രൂപം നല്കുകയും വിദ്യാഭ്യാസ മേഖലയ്ക്ക് ഒരു പുതിയ അധ്യായം കുറിക്കുകയും ചെയ്തു. ഇന്ന് 5 സ്കൂളുകളും ഏതാനും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

കാലക്രമേണ പോസ്റ്റോഫീസ് വില്ലേജ് ഓഫീസ്, തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

മിഷനറി പ്രവർത്തകരുടെ ഉദാരമായ സംഭാവനകൾ ഈ ഗ്രാമത്തിൻെറ ഉയർച്ചയിൽ തലയെടുത്തു നില്ക്കുന്നു. മറയൂർ സെൻറ്. മേരീസ് ചർച്ച് മറയൂരിലെ ആദ്യത്തെ ക്രിസ്തൃൻ (ദേവാലയം) നാച്ചി വയൽ ചർച്ച്, [illegible] ചർച്ച് എന്നിവ രൂപം കൊള്ളുകയും വികസന പ്രവർത്തനങ്ങളിൽ പങ്കു കൊള്ളുകയും ചെയ്തു. കൂടാതെ ഇന്ന് പല വിഭാഗത്തിൽപ്പെട്ടവരുടെയും ആരാധനാലയങ്ങൾ നിലവിലുണ്ട്.

മറയൂർ തമിഴ് വംശരും, മലയാളികവുമായി നാനാ മതസ്ഥരുടെ സംഗമ ഭൂമിയാണ്. ജാതി മതഭേദമില്ലാതെ ഒത്തൊരുമയോടെ കഴിയുന്ന ചുരുങ്ങിയ ഗ്രാമങ്ങളിൽ ഒന്നായി ഈ ഗ്രാമം തലയുയർത്തി നില്ക്കുന്നു.

പ്രകൃതി

സഹ്യാദ്രിസാനുക്കളുടെ താഴ്വരയിൽ നാലു വശവും മലകളാൽ ചുടപ്പട്ട കേരളത്തിലെ ചന്ദനക്കാടുകൾ നിറഞ്ഞ ഈ ഭൂമി പ്രകൃതി രമണീയമാണ്. പകൽ സമയത്തുപോലും ആന, കാട്ടു പോത്ത്, മാൻ, പന്നി തുടങ്ങിയ വന്യമൃഗങ്ങൾ സൈരവിഹാരം നടക്കുന്ന കാഴ്ച ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. പുരാതന ശിലകളും, ഗുഹകളും ചുവർചിത്രങ്ങളും മുനിയറകളും ഈ ഭൂമിയെ ധന്യമാക്കുന്നു.

മറയൂർ പഞ്ചായത്തിൻെറ ഇന്നത്തെ സാരഥികളും നേട്ടങ്ങളും

1. അമിലി റോസ് തമ്പിരാജ്-പ്രസിഡൻറ്
2. ജി. ജി ജോസഫ് -വൈസ്പ്രസിഡൻറ്
3. മണി തങ്കയ്യ (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. കണ്ണൻ തിരുപ്പാൽ
5. ഗുരുസ്വാമി അളകൻ
6. വള്ളി മഹാലിംഗം
7. പാപ്പാത്തികണ്ണൻ
8. ശങ്കര പാണ്ഡി പരമശിവൻ

വിവിധ സർക്കാർ ഓഫീസുകൾ, തമിഴ്നാട്ടിലേയ്ക്കും കേരളത്തിലേക്കുമുള്ള യാത്രസൗകര്യം, ടെലഫോൺ, റോഡുകൾ, പാലങ്ങൾ, കുടിവെള്ളം, കൃഷി, സ്വയം തൊഴിൽ മേഖല എന്നീ രംഗങ്ങളിൽ ഒരു കുതിച്ചു ചാട്ടത്തിനു തന്നെ തയ്യാറെടുക്കുന്ന ഈ ഗ്രാമത്തിലെ ജനങ്ങളുടെ ഭാവിക്കു വേണ്ടി നല്ലൊരു തലമുറയെ വാർത്തെടുക്കുവാൻ നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിയ്ക്കാം. വിജയം നമുക്കുള്ളതാണ്.

കൃഷിയും ജലസേചനവും

എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട് എന്നാൽ
ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും.

- മഹാത്മാഗാന്ധി -

ഈ പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന വെല്ലുവിളികളേവ? അവ നേരിടുന്നതിനുള്ള ആസൂത്രിതമായ ഇടപെടലിൽ നമുക്ക് വഹിക്കുവാൻ കഴിയുന്ന പങ്കെന്ത് ഇവയെ സംബന്ധിച്ച് ഒരു ലഘു പരിശോധനയെ തുടർന്നു നമുക്ക് പ്രയോജനപ്പെടുത്താവുന്നതായ കൃഷി ജലസേചനം തുടങ്ങിയ വകുപ്പുകളുടെ നടപ്പ് സ്കീമുകളുടെ ചില പ്രധാന സൂചനകൾ പരിശോധിക്കുന്നത് നന്നായിരിക്കും.

ഈ പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന മുഖ്യ പ്രശ്നം കാർഷികഉൽപാദനം വേണ്ടത്ര രീതിയിൽ ഉയരുന്നില്ല എന്നതാണ്. നമ്മുടെ കാർഷിക വിളകൾ ഓരോന്നായി എടുത്തു പരിശോധിച്ചാൽ അവയുടെ ഉൽപാദന ക്ഷമത ശാസ്ത്രീയമായി സാദ്ധ്യമായതിനെ അപേക്ഷിച്ചോ നമ്മോടു മത്സരിക്കുന്ന മറ്റു പ്രദേശങ്ങളിലെ ഉൽപാദന ക്ഷമതയെ അപേക്ഷിച്ചോ താഴ്ന്നതാണെന്നു കാണാം. ഇതു മൂലം മറ്റുള്ള കമ്പോളങ്ങളുമായി മത്സരിക്കുന്നതിന് പ്രയാസം നേരിടുന്നു.

പാടങ്ങൾ നികത്തലും ഇഷ്ടിക നിർമ്മാണവും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണ്ണൊലിപ്പും വരൾച്ചയും വർഷംതോറും രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കാർഷിക മേഖലയിൽ ഒട്ടേറെ പ്രശ്നം ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. ഒരുവശത്ത് കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും ചെറുകിട കർഷകരുടെ ആധിക്യവും മറുവശത്ത് ഭൂവുടമസ്ഥരിൽ നല്ലപങ്കും ഭൂമിയിൽ പണിയെടുക്കുന്നു കൃഷിപണിക്ക് വേണ്ടത്ര ആളില്ല എന്ന സ്ഥിതിയും ഉള്ളവയിരിക്കുന്നു. തൊഴിൽ മേഖലയിൽ കൃഷിയുടെ പ്രധാന്യം കണ്ടെത്തികൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ വ്യാപനം ഇതിലൊരു പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്, കാരണം എന്തായാലും നമ്മുടെ വിളകൾക്ക് വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല അതിനാൽ കൂടുതൽ പരിചരണം ആവശ്യമായ വിളകൾ കൃഷിചെയ്യാൻ ആളുകൾ മടിക്കുന്നു.

മുകളിൽ വിവരിച്ച വെല്ലുവിളികളെ നേരിടുന്നതിനുള്ള കാർഷിക തന്ത്രത്തിന്റെ ആണിക്കല്ല് പ്രാദേശികതല കാർഷിക ആസൂത്രണം തന്നെയാണ്.

മറയൂർ എല്ലാ അർത്ഥത്തിലും ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും തെക്ക് ഭാഗത്ത് കൂടി കിഴക്ക് പടിഞ്ഞാറ് ഒഴുകുന്ന പാമ്പാറും ഇതിൽ അടങ്ങിയതാണ്. ഇവിടത്തെ മുഖ്യ കൃഷി കരിമ്പ്, നെല്ല്, തൈലപ്പുല്ല്, എന്നിവയാകുന്നു. ഇടവിളകളായി കിഴങ്ങ് വർഗ്ഗങ്ങൾ, ധന്യങ്ങൾ, വാഴ, കപ്പ (മരച്ചീനി) മുതലായവ കൃഷിചെയ്തുവരുന്നു. പഴയകാലത്ത് ജനങ്ങളുടെ ജീവനോപാധി നെൽകൃഷിയും പഞ്ഞപ്പുല്ലും (കേപ്പ) ആയിരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നതയേ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും 3000 അടിയാണ് ഉയർച്ച. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 108-07 സ്കയർ സെ. ആണ്. ഭൂരിഭാഗം പേരും 50 സെൻറ് ഭൂമിക്ക് താഴെയുള്ളവരാണ്. ഇത് സംബന്ധിച്ച് വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക 1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ് തീർണ്ണം ഏക്കർ
1	ഒരു സെൻറ് മുതൽ 10 സെൻറ് വരെ	551	36.30
2	10 സെൻറ് മുതൽ 25 സെൻറ് വരെ	199	41.60
3	25 സെൻറ് മുതൽ 50 സെൻറ് വരെ	215	79.50
4	50 സെൻറ് മുതൽ ഒരു ഏക്കർ വരെ	263	194.00
5	ഒരു ഏക്കർ മുതൽ 2 ഏക്കർ വരെ	276	493.50
6	2 ക്കർ മുതൽ 2 $^1/_2$ ഏക്കർ വരെ	246	515.50
6	2 ഏക്കർ മുതൽ 2$^1/_2$ ഏക്കർ വരെ	246	515.50
7	2$^1/_2$ ഏക്കറിനു മുകളിൽ ഉള്ളർ	60	296.60

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്. ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ ഇവിടത്തെ ആദിവാസികാളായ മറയൂർ ഗ്രാമക്കാർ ആയിരുന്നു. ആകെ ഭൂമിയുടെ 18 ശതമാനം നെല്ലും, കേപ്പയും കൃഷിചെയ്തുവന്നിരുന്നു. ആദ്യകാലത്തെ കൃഷികൾ 13 തരം വിത്തുകളായിരുന്നു. അവ സ്വർണ്ണവാലൻ കുത്താള, മുങ്ങചെമ്പാവ്, കുറവ, ജീരക ചെമ്പ, കൊമ്പൻ, മുളകിനെല്ല്, വെള്ള നെല്ല്, വെറ്റില, ചെമ്പാ,നായ്ക്കൽ ചെമ്പ, ഏയ്റോപ്ലയിൻ, ചതകുപ്പ എന്നിവയായിരുന്നു. ബ്ലോക്ക് വികസന ഓഫീസ് വന്നതോടെ പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കാൻ തുടങ്ങി. അതോടൊപ്പം രാസവളങ്ങളും ഉപയോഗിച്ച് തുടങ്ങി കർഷകർക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറയുകയും കരിമ്പ് കൃഷി ആരംഭിക്കുകയും ചെയ്തു. നെൽകൃഷിയോടുള്ള താൽപ്യം കുറായാൻ കാരണം നെല്ലിന്റെ വിലകുറവും രാസവളങ്ങളുടേയും കൂലിക്കാരുടെയും, കൂലിവർദ്ധനവും നെല്ല് കതിരാകുന്ന സമയം മഞ്ഞും മഴയും ആയിട്ടുള്ള കാലാവസ്ഥയും ആയതിനാൽ നെൽ മണികൾ ഭൂരിഭാഗവും പതിരായിപോകുന്നത് മൂലം കൃഷിക്കാരന് ഉണ്ടാകുന്ന നഷ്ടവും ആണ്. കർഷക കരിമ്പ് കൃഷിയിലേയ്ക്ക് ശ്രദ്ധവയ്ക്കാൻ കാരണം. ഇപ്പോൾ ഭൂരിഭാഗം കർഷകരും കരിമ്പ് കൃഷിയോടാണ് കൂടുതൽ താൽപര്യം കാണിക്കുന്നത്. തെങ്ങ് കൃഷിയോട് വേണ്ടത്ര ആഭിമുഖ്യം കർഷകർക്ക് ഉണ്ടായിരുന്നില്ല. മാത്രമല്ല കൃഷിക്കാവിശ്യമായ ജലം ലഭിക്കാതെ ഇരുന്നതും നെൽകൃഷിമാറ്റി കരിമ്പാക്കാൻ കാരണമായിട്ടുണ്ട്. കരിമ്പ് കൃഷിചെയ്തുകഴിഞ്ഞാൽ 15 ദിവസത്തിലൊരിക്കൽ വെള്ളം കൃഷിസ്ഥലത്ത് ഇറക്കി നനച്ചാൽ മതി. ഈ പഞ്ചായത്തിൽ കൃഷിയിടങ്ങളിൽ ജലസേചനം നടത്താൻ വമ്പിച്ച സാമ്പത്തീക രീതിയിൽ സർക്കാർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ്വഴി ചിലവഴിക്കുന്നുണ്ടെങ്കിലും കൃഷിക്കാർക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. എന്നു മാത്രമല്ല കർഷകരോട് വെള്ളത്തിന്റെ നികുതി ഈടാക്കുന്നുമുണ്ട്. ഈ രംഗത്തെ ചൂഷണം അവസാനിപ്പിച്ചാൽ മാത്രമേ കർഷകർക്ക് എന്തെങ്കിലും പുരോഗതി ഉണ്ടാക്കുകയുള്ളൂ എന്നതാണ് സത്യാവസ്ഥ.

ഭൂവിനിയോഗം

ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 108 07 കി.മി. ആണ്. ഈ പഞ്ചായത്തിന്റെ വടക്കംപടിഞ്ഞാറ് ഭാഗം കുന്നിൻ ചെരുവുകളും ചരിഞ്ഞപ്രദേശവും ഒന്നാം വാർഡ് നിരന്ന പ്രദേശവും രണ്ടാം വാർഡിന്റെയും മൂന്നാം വാർഡിന്റേയും കുറേഭാഗങ്ങൾ ചതുപ്പുനിലവും ആകുന്നു. ബാക്കി ഉള്ളതിൽ നിരന്ന പ്രദേശം വളരെ കുറവാണ്. ഈ പഞ്ചായത്തിന്റെ ഒന്നാം വാർഡ് പൂർണ്ണമായി കിഴക്കോട്ടൊഴുകുന്ന പമ്പാറിന്റെ മറുകരയിലും ബാക്കിയുള്ള 7 -ാം വാർഡ് പമ്പാറിന്റെ വടക്ക് ഭാഗത്തും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിൽ 8 വാർഡാണ് ഉള്ളത്. ഈ പഞ്ചായത്തിന്റെ 4-ാം വാർഡിൽ മുതുവാന്മാരായ ആദിവാസിഗിരിജനങ്ങളാണ് താമസിക്കുന്നത്. തമിഴ് നാട് അതിർത്തിയായി ചന്നാർ മുതൽ പഞ്ചായത്തിലെ അതിർത്തിയായ പള്ളനാട് കർപ്പൂരകുടിവരെയാണ് ഈ വിഭാഗം കാണപ്പെടുന്നത്. ജനങ്ങൾ മുഖ്യമായ് കൃഷി തൈലപുല്ലും കേപ്പയുമാണ്. ഈ വിഭാഗങ്ങളുടെ കൈവശമുള്ള മുഴുവൻ ഭൂമിയും മലനിരകളും, കുന്നിൻ ചെരിവുകളുമാണ്.

പട്ടിക ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം ഏക്കർ
1	താഴവരകൾ	ഏക്കർ 6000
2	ഉയർന്ന പ്രദേശം	2000
3	കുത്തനേയുള്ള ചരിവ്	844
4	മിതമായ ചരിവുള്ള കുന്ന്	1500
5	ആറ്	300
6	തോടുകൾ	200

പട്ടിക 2

ഭൂവിനിയോഗം

വിനിയോഗം (മിശ്രിതവിളകൾ)	വിസ്തൃതി
തെങ്ങ്	250 ഏക്കർ
റബർ	12 1/2 ഏക്കർ
കരിമ്പ്	1900 ഏക്കർ
നെല്ല്	625 "
പയറ്	10 "
പച്ചക്കറി	25 "
വാഴ	50 "
കപ്പ (മരച്ചീനി)	125 "
കുരുമുളക്	75 "
കവുങ്ങ്	150 "
റാക്കി (കേപ്പ)	300 ഏക്കർ
മധുരക്കിഴങ്ങ്	50 "
മഞ്ഞൾ	20 "
ഇഞ്ചി	50 "
മക്കാച്ചോളം	15 "
തൈലപുല്ല്	2500 "
മാംബറ്	300 "
തരിശ് കൃഷിക്ക് അനുയോജ്യമായത്	4000 ഏക്കർ

വളർപ്പോ

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിലുള്ള ഒന്നും സഹകാര്യമേഖലയിലുള്ള നാലും ഒരു ജൈവവള വിപണനകേന്ദ്രം ഉൾപ്പെടെ 6 എണ്ണമാണ് ഉള്ളത്. കൃഷിക്ക് ഉപയോഗിക്കുന്ന 90 ശതമാനം രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമായ രീതിയല്ല നടന്നുവരുന്നത്. അത്കൊണ്ടു കൃഷി ചെലവിന്റെ വർദ്ധനയ്ക്ക് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടില്ല. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ ആവശ്യമായ അളവിൽ വളം ലഭ്യമല്ലാത്തതും ഇതിന് കാരണം.

വളത്തിന്റെ ഉപയോഗം

പട്ടിക 1

വർഷം	നൈട്രജൻ (N_2)	ഫോസ്ഫേറ്റ് (P)	പൊട്ടാഷ്(K)
1992	18.83 ടൺ	18.32 ടൺ	12.9 ടൺ
1993	14.55	16.56	11.56
1994	13.15	13.15	11.30
1995	15.32	16.12	12.44

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നി വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായി ഉപയോഗിച്ച് വരുന്നത് . കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മയാണ് ഇതിന് കാരണം.

കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖനൽകിയ ഒരു ഡ്രില്ലർ ഒരു നെല്ല് പൊതി യന്ത്രവും 36 കുറ്റി പമ്പുകളും ആണ് വിതരണം ചെയ്തിട്ടുള്ളത് പ്രാചീനകാലം മുതൽ ഉപയോഗിച്ച് കൊണ്ടിരുന്ന ഉപകരണങ്ങളാണ് ഇവിടെ ഇപ്പോഴും ഉപയോഗിച്ച് കൊണ്ടിരിക്കുന്നത്.

കൂലിനിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ്വരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്നമാറ്റങ്ങളും കൃഷിയോടുള്ള അഭിമുഖ്യക്കുറവുമാണ് ഇതിന് കാരണം. 3211 കുടുംബങ്ങൾ ഉള്ളതിനാൽ 300 കുടുംബങ്ങൾ മാത്രമേ കൃഷിയെ ഉപജീവന മാർഗ്ഗമായി ജീവിക്കുന്നുള്ളൂ ഏകദേശം 7100 പേരാണ് ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന്മാർക്ക് 50 രൂപയും സ്ത്രീകൾക്ക് 30 രൂപയുമാണ്.

കാർഷികവായ്പ

ഈ പഞ്ചായത്തിൽ ഒരു സഹകരണ സ്ഥാപനവും 2 ബാങ്കുകളുമാണ് ഉള്ളത്. ഇത് കൂടാതെ അടുത്ത പഞ്ചായത്തായ കാന്തല്ലൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും മന്നാംകണ്ടം പഞ്ചാത്തിൽ സ്ഥിതി ചെയ്യുന്ന അടിമാലി ഭൂപണയ ബാങ്കിൽ നിന്നും വർഷംതോറും കാർഷിക വായ്പകൾ നൽകാറുണ്ട് കൃഷിവായ്പകൾ എടുക്കുന്ന കൃഷിക്കാർ ഭരിപക്ഷവും കൃഷിയാവശ്യങ്ങൾക്ക് ഇത് വിനിയോഗിക്കുന്നില്ല. കാരണം കൃഷി ഇറക്കുന്ന സമയത്തും, വളം വയ്ക്കുന്ന സമയത്തും വായ്പകൾ ലഭിക്കാത്തതാണ്. ഇവിടെ ഒരേക്കറിന് 3000 രൂപയിൽ കൂടുതൽ കൃഷിവായ്പ ലഭിക്കുന്നില്ല ഈ രംഗത്ത്

കാർഷിക ഭൂപണയബാങ്ക് മാത്രം ഏക്കറിന് 15000 ശതമാനം രൂപവരെ നൽകുന്നുണ്ട്.

ജലസേചനം

ഈ പഞ്ചായത്തിൽ നെൽകൃഷി മഴയെമാത്രം ആശ്രയിച്ചാണ് കൃഷി ഇറക്കുന്നതും രണ്ടു ഘട്ടങ്ങളിലായി മഴ ലഭിക്കുന്നു. ഒന്നാം ഘട്ടം ജൂൺ-ജൂലൈ മാസങ്ങളിലും രണ്ടാം ഘട്ടം സെപ്തംബർ- ഒക്ടോബർ മാസങ്ങളിലുമായി മാത്രമേ മഴകിട്ടാറുള്ളൂ. ഒരു വർഷത്തിൽ ശരാശരി 60 മില്ലിമീറ്റർ മഴയെ ഇവിടെ കിട്ടാറുള്ളൂ. ഈ പഞ്ചായത്തിൽ ആറുകളിലും തോടുകളിലും നിന്ന് ഒഴുകിവരുന്ന ജലം പമ്പാറിൽ ചെന്ന് പതിച്ച് തമിഴ്നാട് അമരാവതി ഡാമിൽ ചെന്ന് ചേരുന്നു. കൂടാതെ ഈ പഞ്ചായത്തിൽ 6 കുളങ്ങളുണ്ട്. കുളങ്ങളും ഒന്നും യഥാവിധി സംരക്ഷിക്കുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. കുളങ്ങളും തോടുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്. കൂടാതെ മേജർ ഇറിഗേഷന്റെയും, പഞ്ചായത്തിന്റെയും കീഴിൽ 48 കനാലുകളും ഉണ്ട്. ഈ കനാലുകളിൽ പലതും മണ്ണിടിഞ്ഞ് പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നു.

മണ്ണുസംരക്ഷണം

ഈ പഞ്ചായത്തിലെ ഭൂമികളും ചരിവ് പ്രദേശങ്ങളായതിനാൽ മണ്ണുസംരക്ഷണത്തിന്റെ ഭാഗമായി കൈയ്യാലപദ്ധതികളും നാമമാത്രമാണ് ഉള്ളത്. വയലോലകളിലും മറ്റും ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നതിനാൽ കൃഷിസ്ഥലം നഷ്ടമാകാതിരിക്കാൻ വയലിന്റെ വരമ്പുകളും(മട്ടകളും) കൈയ്യാലവച്ച് നെൽകൃഷിക്ക് ഉപയുക്തമാക്കണം.

കാർഷികമേഖലയിലെ പ്രവർത്തനപരിപാടിയായി കൂടുതൽ ഭൂ-ജല-ജൈവ സംയോജിത പ്രവർത്തനപരിപാലനമാണ് വിവിധവിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക. കന്നുകാലി മത്സ്യസമ്പത്തു തുറകളെ ശക്തിപ്പെടുത്തുക കൃഷി അടിസ്ഥാനമായുള്ള ഉൽപാദനം സർവ്വീസ് സംരംഭങ്ങളുടെ ശൃംഖല സ്ഥാപിച്ചുകൊണ്ട് തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിനായി നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം.

നേഴ്സറി

ഈ പഞ്ചായത്തിൽ കൃഷിക്കാവശ്യമായ 2 നേഴ്സറികളും ഫോറസ്റ്ററി നേഴ്സറി ഒന്നും പ്രവർത്തിക്കുന്നുണ്ട്.

കൃഷിഭവൻ:- 1987-ൽ ആണ് ഈ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം എല്ലാ വാർഡുകളിലും എത്തിയിട്ടില്ല. ഇവിടെ കൃഷി ആഫീസറും 3 അസിസ്റ്റന്റുമാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്കു ലഭിക്കേണ്ടതായുണ്ട്.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ മൂന്ന് ചെക്ഡാമുകൾ തീർത്തെങ്കിലും ചെക്കുഡാമിന്റെ പ്രവർത്തനം കൃഷിവികസനത്തിന് ഗുണകരമായി തീർന്നിട്ടില്ല. മഴക്കാലങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ നിന്നും മലവെള്ളപാച്ചിൽ ഉണ്ടാവുകയും കല്ലുകളും മണ്ണും ഒഴുകിവന്ന് കനാലുകൾ നിറയുകയും അങ്ങനെ കനാലും നെൽകൃഷിയും കരിമ്പുകൃഷിയും നശിക്കുകയും ചെയ്യുന്നു. ഉൽപാദന ചെലവിൽ വന്ന വർദ്ധനവ്, ഉൽപ്പന്നങ്ങൾക്കു മതിയായ വില ലഭിക്കാത്തതും, കാലവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, തുടങ്ങിവയൊക്കെ നെൽകൃഷി ഉൽപ്പാദനം കുറയുന്നതിനു കാരണമായി. ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ മുഖ്യകൃഷിയായ കരിമ്പാകട്ടെ ചില ഭാഗങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ ഉൽപാദനം നടത്തുന്നുണ്ടെങ്കിലും, ആനുപാതികമായ വർദ്ധനവ് പലയിടങ്ങളിലുമില്ല. ഇതിനു കാരണം സമയാസമയങ്ങളിൽ വെള്ളം കിട്ടാത്തതും രാസവളങ്ങളുടെ വിലവർദ്ധനവുമാണ്. കരിമ്പിൽ നിന്നുൽപാദിപ്പിക്കുന്ന ശർക്കരയും അടിസ്ഥാനപരമായി നിശ്ചയിക്കപ്പെട്ട വിലയില്ലാത്തതാണ്. മൊത്ത വള പ്രയോഗത്തിന്റെ 90% രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ വളപ്രയോഗം നടത്താത്തതും ഉൽപാദനക്ഷമത കുറയുന്നതിന്റെ കാരണങ്ങളിലൊന്നാണ്.

യഥാസമയം മണ്ണു കിളച്ചു മറിക്കുകയും വരമ്പുകൾ കെട്ടാതിരിക്കുന്നതും കരിമ്പ് കരണനട്ട് കഴിഞ്ഞ് 90 മുതൽ 120 ദിവസത്തിനുള്ളിൽ കരിമ്പു കൃഷിയുടെ പണി തീർക്കാത്തതും മണ്ണൊലിപ്പ് തടയാത്തതുമെല്ലാം വിളവിൽ കുറവുവരുത്തുന്നുണ്ട്. ഈ പഞ്ചായത്തിന്റെ 8 വാർഡുകളിലും മണ്ണൊലിപ്പിന്റെ പ്രശ്നം ഉണ്ട്. 4-ാം വാർഡുമുഴുവനായും തൈലപുല്ലാണ് കൃഷി ചെയ്യുന്നത്. മറ്റ് കൃഷികൾക്ക് അനുയോജ്യമായ മണ്ണാണ് ഉള്ളതെങ്കിലും ഗതാഗതത്തിന്റെ അസൗകര്യം തൈലപുല്ലുമാത്രം ചെയ്യുന്നതിന് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഉള്ള കൃഷി രീതികൾ ഈ പഞ്ചായത്തിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഒരു കാലത്ത് നെൽപ്പാടങ്ങൾമാത്രമായിരുന്ന കൃഷിസ്ഥലങ്ങൾ ജലസേചന സൗകര്യം ലഭിക്കാത്തതിന്റെ പേരിൽ കരിമ്പു കൃഷിസ്ഥലങ്ങളാവുകയും വീണ്ടും ചുരുങ്ങി ചെങ്കൽ ചൂളകളായും മാറിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണിവിടെയുള്ളത്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും ജൈവവളങ്ങളുടെ ലഭ്യതകുറവും ഉൽപ്പന്നങ്ങൾക്കു ശരിയായ വില ലഭിക്കാത്തതും ഉൽപാദനക്ഷമതയെ ബാധിക്കുന്നു. നെൽകൃഷിക്കു വരുന്ന രോഗങ്ങളും പ്രതിക്ഷിക്കാതെ എത്തുന്ന ശക്തിയായ കാറ്റും, മഴയും, മഞ്ഞും കനത്ത നാശനഷ്ടം വരുത്തുന്നു.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ - മുഞ്ഞരോഗം, പോളിച്ച രോഗം, വെള്ളക്കുലരോഗം എന്നിവ നെല്ലിനും, കൂമ്പ് ചീയൽ, തെങ്ങോല പുഴു തെങ്ങിനും, കുരുമുളകിന് ദ്രുതവാട്ടവും ശക്തിയായ കാറ്റും രോഗങ്ങൾ പരത്തുന്നു. ഇവിടുത്തെ കൃഷിഭൂമി നിരപ്പല്ലാത്തതിനാൽ ആധുനിക കൃഷി ഉപകരണങ്ങൾ ഇവിടെ ഉപയോഗിക്കുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ നല്ലയിനം വിത്തുകളുടെ അഭാവം വിദഗ്ധ ഉപദേശങ്ങളില്ലായ്മ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത ഇവയെല്ലാം കൃഷിയുടെ പുരോഗതിക്കു തടസ്സം സൃഷ്ടിക്കുന്നു.

നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലുള്ള എല്ലാ കൃഷിയിടങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിനായി കൈയ്യാല പദ്ധതി നടപ്പിലാക്കിയാൽ ഇന്നുള്ളതിൽ 100 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യാനും ഭൂമി സംരക്ഷിക്കാനും സാധിക്കും.

1. മറയൂർ ഗ്രാമ പഞ്ചായത്തിലുള്ള റവന്യൂസ്ഥലം ഏറ്റെടുത്ത് കമ്പോസ്റ്റു കുഴികൾ നിർമ്മിക്കുകയും, ചപ്പുചവറുകൾ ശേഖരിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുകയും ചെയ്യാവുന്നതാണ്.
2. സാമൂഹ്യ വനവൽക്കരണം ത്വരിതഗതിയിൽ നടപ്പാക്കുക. ഇതുമൂലം ശക്തമായ കാറ്റിനെ തടഞ്ഞു നിർത്താനാവും.

3. പഞ്ചായത്താഭിമുഖ്യത്തിൽ ഒരു നേഴ്സറി തുടങ്ങുകയും ഇവിടെ ഉൽപാദിപ്പിക്കുന്ന വിത്തുകളും തൈകളും സൗജന്യമായി വിതരണം ചെയ്യുകയും നട്ട തൈകളുടെ നിലവാരം പരിശോധിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യുക.

4. കൃഷിക്കാർക്ക് ആധുനികതയെപ്പറ്റി മനസ്സിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ച് ഫാർമേഴ്സ് ട്രെയിനിംഗ് നൽകുക.

5. കൃഷിക്കാർക്ക് പഠനയാത്രാ സൗകര്യം സംഘടിപ്പിക്കുക.

6. വികലാംഗർക്ക് ക്ഷേമ പ്രവർത്തനം ഉറപ്പുവരുത്തുക.

7. വയോജന കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുക.

8. കൃഷി ഉപകരണങ്ങൾ വിതരണം ചെയ്യുക.

9. ഓരോ കൃഷിക്കും അനുയോജ്യമായ രീതിയിൽ പഞ്ചായത്തിൽ ''ക്രോപ്പ് കലണ്ടർ'' തയ്യാറാക്കുക.

10. നല്ലയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, ഗുണനിലവാരമുള്ള കരിമ്പ് മുതലായവ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.

11. മിക്ചർ ഫാമിംഗ് സംവിധാനം പ്രോത്സാഹിപ്പിക്കുക.

12. ക്രോപ്പ് റൊട്ടേഷൻ നടപ്പിലാക്കുക.

13. റവന്യ സ്ഥലങ്ങൾ, റോഡ് ഓരം, കൃഷിസ്ഥലത്തിനു ചുറ്റും മരങ്ങൾ വച്ചു പിടിപ്പിക്കുക.

14. വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കുക.

15. വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കൃഷിയുടെ നഷ്ടപരിഹാരം ലഭിക്കുവാനുള്ള നിയമം ലഘൂകരിക്കുക.

16. വനത്തിൽ നിന്നും മൃഗങ്ങൾ കൃഷി സ്ഥലങ്ങളിൽ പ്രവേശിക്കുന്നത് തടയുവാനുള്ള സംവിധാനം ഉണ്ടാക്കുക.

17. (a) വനത്തിനു ചുറ്റും ആഴമുള്ള കിടങ്ങു തീർക്കുക.

(b) ചുറ്റുമതിൽ നിർമ്മിക്കുക.

(c) മുള്ളുവേലി ഇട്ടശേഷം ഷോക്ക്ട്രീറ്റമെൻറ് നല്കുക.

18. പ്രധാന ഉൽപ്പന്നങ്ങളായ ശർക്കര, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രങ്ങൾ, തുറക്കുകയും, സഹകരണ യൂണിറ്റുകൾ മുഖേന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് ഏർപ്പാടു ചെയ്യുകയും ചെയ്യുക.

19. അപ്പർ ചട്ട മൂന്നാർ - ലോവർ ചട്ട മൂന്നാർ ഭാഗത്ത് ചെറുകിട ഡാം പണിത് ജലസേചനക്ഷാമം പരിഹരിക്കുക.

20. മേലാടി പാലത്തിനുസമീപം ചെക്ക് ഡാം കെട്ടി വെള്ളം നിറുത്തുകയും വേനൽ കാലത്ത് തുറന്നുവിട്ട് കൂടവയൽ ഭാഗത്ത് ജലസേചനം നടത്തുകയും ചെയ്യുക.

21. കൂടക്കാടിന് മുകൾവശം ഡാം കെട്ടി ജലം സംഭരിച്ച് കൃഷിക്ക് ഉപയോഗിക്കുന്നതിന് സജ്ജമാക്കുക.

22. ആലാംപട്ടി ശ്യമാള ഓടയിൽ ചെക്ക് ഡാം പണിത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

23. കരിമുടിആറ്റിൽ ''കുട്ടമതുറ'' എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിച്ച് കോരകടവ് ഭാഗത്ത് ജലസേചനംനടത്തുക.

24. T.L.B., T.R.B. എന്നീ ചാനലുകൾ ഉപയോഗ്യശൂന്യമായി കൊണ്ടിരിക്കുന്നതിനാൽ രണ്ട് ചാനലുകളുടെയും അറ്റകുറ്റ പണികൾ എത്രയും വേഗം തീർത്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക. മറയൂർ ആനക്കാൽപ്പെട്ടി പ്രദേശങ്ങളിലെ കൃഷിക്കാവശ്യമായ വെള്ളം ഈ കനാൽ മൂലമാണ് ലഭിക്കുന്നത്. അടിയന്തര പ്രധാന്യം നല്കി പണികൾ നടത്തും.

TLB ചാനൽ 13'/$_2$ Km

TRB ചാനൽ 6'/$_2$ Km

ഈ പഞ്ചായത്തിൽ വളരെ ചെലവ് കുറഞ്ഞതും ലാഭകരമായി കുറഞ്ഞ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷിക്ക് അടിയന്തര ശ്രദ്ധ പതിപ്പിക്കണം. അതിനായി വൈക്കോലും, കരിമ്പിൻചണ്ടിയും ധാരാളമായി ഇവിടെ ലഭിക്കും. കപ്പ, കവുങ്ങ്, കുരുമുളക്, തെങ്ങ്, കാപ്പി തുടങ്ങിയ കൃഷികൾ ചെയ്യുവാൻ അനുയോജ്യമായ സ്ഥലങ്ങൾ ധാരാളമുണ്ട്. പ്രാദേശികമായിവിത്തുകൾ ശേഖരിക്കുവാൻ ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.


ഈ പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധം സസ്യങ്ങൾ കണ്ടെത്തുകയും 4-ാം വാർഡിലെ ഗിരിജനങ്ങളെ കൊണ്ട് ഔഷധ നേട്ടങ്ങൾ നിർമ്മിക്കുവാനുള്ള ബോധവൽക്കരണം നടത്തുകയും ഗിരിജനങ്ങളെക്കൊണ്ട് ഈ കൃഷി ചെയ്യിക്കുവാനുള്ള ശക്തമായ നടപടികൾസ്വീകരിക്കുകയും വേണം. ഇഞ്ചി, മഞ്ഞൾ, കച്ചോലം, മുതലായവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം.


കർഷകർക്കുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലിസമ്പ്രദായം അത്യാവശ്യമാണ്. ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കാർഷിക പരിശീലന കേന്ദ്രങ്ങൾ (കമ്മ്യൂണിറ്റി ഹാൾ) സ്ഥാപിക്കുകയും വേണം. അംഗീകൃത രാസവള കീടനാശിനി ഡിപ്പോകളുടെ അഭാവം മറയൂരിലെ കർഷകരെ കൂടുതൽ ബാധിക്കുന്നുണ്ട്. കൃഷി ഭവനുകളിൽ വരുന്ന പല സ്കീമുകളും50% സബ്സിഡി ആനുകൂല്യങ്ങളിൽ മേലുള്ളതാണ്. രാസവള-കീടനാശിനികളുടെ പെർമിറ്റ് കൃഷി ഭവനിൽ നിന്നും, അടിമാലിയിലുള്ള രാസവളക്കടയിലേക്കാണ് തരുന്നത്. അതായത് 75 കി.മീറ്റർ ദൂരം വരെ പോകേണ്ട അവസ്ഥ. ഇതിന്നൊരു പരിഹാരം എന്ന നിലയിൽ മറയൂരിലെ സഹകരണ ബാങ്ക് മുഖേന കൃഷിക്കാർക്കാവശ്യമായരാസവളങ്ങളും കീടനാശിനികളും സ്റ്റോക്ക് ചെയ്തു കർഷകരുടെ ആവശ്യം സഫലമാക്കണം.


അതുപോലെ തന്നെ മറയൂർ പ്രദേശം, കൃഷിക്കു യോജിച്ചതാണ്. പച്ചക്കറിക്ക് ഇന്ന് കേരളം കൂടുതൽ ആശ്രയിക്കുന്നത് തമിഴ്നാടിനെയാണ്. മറയൂരിലെ കൃഷിക്കാർ അല്പം ശ്രദ്ധിച്ചാൽ ഇവിടുത്തെ പ്രകൃതിയും മണ്ണും കാലാവസ്ഥയും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് തെളിയിക്കാൻ സാധിക്കും. മറയൂർ പഞ്ചായത്തിൽ പള്ളനാട്, ആനക്കാൽപ്പെട്ടി, നാച്ചിവയൽ എന്നീ പ്രദേശങ്ങൾ കുരുമുളക് കൃഷിക്ക് വളരെ യോജിച്ചതാണെന്നും, അവിടുത്തെ കുരുമുളക് വിപണിയിൽ കൂടുതൽ മേന്മയുള്ളതാണെന്നും തെളിഞ്ഞിട്ടുണ്ട്.

മറയൂർ പ്രദേശത്ത് മൾബറി കൃഷി വളരെ വ്യാപകമായിട്ടുണ്ട്. കോവിൽ കടവിലുള്ള കേന്ദ്ര സെറിഫെഡ് ഓഫീസ് കേരള സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കാനും, ഈ പ്രദേശത്ത് മൾബറി കൃഷി വിപുലീകരിക്കാനും വേണ്ട സബ്സിഡി ആനുകൂല്യങ്ങൾ സെറിഫെഡ് ചെയ്തുവരുന്നുണ്ട്.

മറയൂർ പഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ട്. ലക്ഷ്യ പ്രാപ്തിക്കായി നമുക്കൊന്നിച്ച് ശക്തമായി സംഘടിക്കാം.


Average Rain fall in 1995
Marayoor Panchayat
Month
24 mm
0 mm
24 mm
44.2 mm
63.6 mm
36.4 mm
30 mm
143.2 mm
87 mm
50 mm
45.2 mm
0 mm


Marayoor Panchayat
Average Rain fall in 1996
Month
45 mm
25.2 mm
3.4 mm
79.2 mm
57 mm
125.2 mm
147 mm
32 mm
14 mm
81.8 mm
61.2 mm
0 mm


Marayoor Panchayat
Average Rain fall in 1996
Month
56 mm
64 mm
45.6 mm
60 mm
1993
1994
1995
1996

മറയൂർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉള്ള പട്ടികയിൽ കാണിച്ചിരിക്കുന്ന കനാലുകൾ കോൺഗ്രീറ്റു ചെയ്യണം

Sl No	വാർഡ് നമ്പർ	ചാനലിന്റെ പേര്	നീളം
1	I	പന്നിവായ്ക്കര-ചെരുവാട് ചാനൽ	2 കി.മീ.
2.	"	ചാനൽമേട്-ആനയ്ക്കൽ പെട്ടി	1 കീ.മി.
3.	"	തൊട്ടി ഓട-പുതക്കയം	800 മീ
4.	"	ഇരട്ടപൈപ്പ്-ആനയ്ക്കൽ പെട്ടി	1 കീ.മി.
5.	"	നാച്ചിവയൽ-സഹായഗിരി	1 കി.മീ.
6.	"	പന്നിവായ്ക്കര-മൈക്കിൾഗിരി	1 കി.മീ.
7.	"	ആനയ്ക്കൽപെട്ടി-പരണിക്കാട്	1 കി.മീ.
8.	"	പെരിയാർ-പുതക്കയം	800 കി.മീ.
1	II	മേലാടി-നാഗർപള്ളം ചാനൽ	1.3കി.മീ.
2.	"	ഊരുവാസൽ-ശാറുവാം അക്കരശീമ	2 കി.മീ.
3.	"	ഊരുവാസൽ-അക്കരശീമ	1 കി.മീ.
4.	"	മംഗളപാറ ചാനൽ	1 കി.മീ.
5.	"	പളനാട് ചാനൽ	1 കി.മീ.
6.	"	പുളിക്കരവയൽ ചാനൽ	1 കി.മീ.
7.	"	മഞ്ഞപ്പെട്ടി ചാനൽ	2 കി.മീ.
8.	"	കുടവയൽ ചാനൽ	1 കി.മീ.
1.	III	പേത്തൻ വയൽ ചാനൽ	1 1/2 കി.മീ.
2.	"	കോച്ചാറം-കവക്കോട ചാനൽ	1 കി.മീ.
3.	"	ചുടലപ്പെട്ടി ചാനൽ	1 കി.മീ.
4.	"	കൂടവയൽ ചാനൽ	1 കി.മീ.
5.	"	കട്ടക്കാട് ചാനൽ	1 കി.മീ.
6.	"	സഹായഗിരി-നാച്ചിവയൽ ചാനൽ	1 1/2 കി.മീ.
7.	"	മാശി-കുമ്മിട്ടാംകുഴിഓട ചാനൽ	1 കി.മീ.
8.	"	കൂടവയൽ-മുല്ലപ്പൂവായ്ക്കര ചാനൽ	700 മീ.
9.	"	കളിമണ്ണുകുഴി ചാനൽ	1 കി.മീ.
10	"	കോട്ടക്കുളം ചാനൽ കോളനി-കോട്ടകുളം	1 കി.മീ.
11	"	എട്ടിമരത്തടി കുടവയൽ ചാനൽ പുളിനിഓട-കുടവയൽചാനൽ	1 കി.മീ.
12	"	തിട്ടവയൽ ചാനൽ	1 കി.മീ.
13	"	കോച്ചാരം കൂടവയൽചാനൽ	1 കി.മീ.
14	"	പുരുക്കാട്-കോട്ടക്കുളം ചാനൽ	2 കി.മീ.
1.	IV	താമസംകുടി ചാനൽ	1 കി.മീ.
2.	"	കമ്മാളംകുടി ചാനൽ	1 കി.മീ.
3.	"	കർപ്പൂരക്കുടി ചാനൽ	1 കി.മീ.
4.	"	കൂടക്കാടി-തെയ്ക്കാര ചാനൽ	1 1/2 കി.മീ.
5.	"	കുത്തുകൽക്കുട്ടി ചാനൽ	1 കി.മീ.
6.	"	കുത്തുകൽക്കുട്ടി ചാനൽ	1 കി.മീ.
1.	V	അരുവിത്തൂവൽ ചാനൽ	1 1/2 കി.മീ
2.	"	പുതക്കയം ചാനൽ	1 കി.മീ.
1.	VI	കൊപ്പണം പുതച്ചിവയൽ ചാനൽ	1 കി.മീ.
2.	"	കീരക്കാട് ചാനൽ	1 കി.മീ.
3.	"	കോൺവെൻറ്-പുതച്ചി ചാനൽ	1 കി.മീ.
4.	"	ചില്ലറപ്പാറ-വള്ളക്കാട് ചാനൽ	1 കി.മീ.
5.	"	മാങ്ങാമരത്തടി-പുതച്ചി ചാനൽ	1 1/2 കി.മീ.
1.	VII	മേൽകരിമുട്ടി ചാനൽ	1 കി.മീ.
2.	"	ഈച്ചാംപെട്ടി ചാനൽ	1 1/2 കി.മീ.
3.	"	ശ്യാമളഓട-ആലാംപെട്ടി ചാനൽ	1 1/2 കി.മീ.
4.	"	കുരുമുട്ടി-പെരുംകടവ് ചാനൽ	1 1/2 കി.മീ.
1.	VIII	കോരക്കടവ് ചാനൽ ചെക്കുഡാം	1 കി.മീ.
2.	"	പുണ്ടാം പിള്ളി ചാനൽ	1 1/2 കി.മീ.
3.	"	കോളനി-കോട്ടകുളം ചാനൽ	1 കി.മീ.
		കുളം	6 എണ്ണം
		ആറ്	3 "
		തോട്	6 "
		ചെക്ക്ഡാം	3 "
		കുഴൽ കിണർ	3 "
		ആടന ആറ്റിൽ ചെക്ക് ഡാം, കുട്ടമാതുറ മേലാടി പാലത്തിനു സമീപം ചെക്ക്ഡാം.	

Details of Padasakara Samithies of Marayoor Krishi Bhavan

No.	Name of Padakara Samithy	Area	No. of Farmers	Date of Registration	Registration No.	Remark
1.	Marayoor Padasakara Samithy	200 ha	140	27.2.1991	48/91	
2.	Kaimutty Padasakara Samithy	40 Ha	40	6.10.1993	271/93	
3.	Nachivayal Padasakara Samithy	100 Ha	50	20.10.1993	272/93	
4.	Puthachivayal Padasakara Samithy	100 Ha	75	20.10.1993	256/93	
5.	Anakkal Petty Padasakara Samithy	30 Ha	42	20.101993	287/93	
6.	Kottakkulam Padasakara Samithy	50 Ha	120	20.10.1993	288/91	
7.	Masi Vayal Padasakara Samithy	75 Ha	90	20.10.1993	289/93	
	Total Area	**595 Ha**				
1.	Kurumulak Samskarana Samithy Pallanadu, Marayoor	50 Ha	37	11.12.1994	1.365/94	
2.	Kera Vikasana Samithy Pallanadu, Marayoor	45 Ha	95	8.2.1995	1.58/95	
	കുരുമുളകുല്പാദക സമിതി					
1.	ആനക്കാൽപ്പെട്ടി കരിമ്പുല്പാദക സമതി	610 ഹെ.	68	20.10.1993	273/93	
2.	മറയൂർ വാശിവയൽ കരിമ്പുല്പാദക സമിതി	690 ഹെ.	295	20.10.1993	276/93	

മൃഗസംരക്ഷണം-മത്സ്യ ബന്ധനം

മറയൂർ ഗ്രാമ പഞ്ചായത്ത് സഹാദ്രി സാനുക്കളുടെ താഴ്വാരം. അതുകൊണ്ട് തന്നെ പശു, ആട്, എരുമ, പന്നി, കോഴി, മുയൽ, താറാവ് മുതലായവയാണ് ഇവിടെ വളർത്തുന്നത്.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവത്ക്കരണം വന്നതും റവന്യൂ ഭൂമികൾ വനം വകുപ്പിന്റെ അധീനതയിൽ ആയതും, സർക്കാർ വനത്തിൽ ആടുമാടുകളെ മേയുന്നത് നിരോധിച്ചതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാവാൻ കാരണമായി. കോഴി വസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി.

വനങ്ങളാൽ ചുറ്റപ്പെട്ട മറയൂർ പഞ്ചായത്തിന്റെ പ്രധന തൊഴിൽ കന്നുകാലി വളർത്തലും കൃഷിയുമാണ്. നെൽകൃഷി കഴിഞ്ഞ് ഒഴിഞ്ഞപാടത്ത് തൊഴുത്തുകെട്ടി ആയിരക്കണക്കിന് പശുക്കളെവളർത്തി വന്നിരുന്ന കാലം കൃഷിക്കാർക്ക് അന്യമായിരിക്കുന്നു. വയലിൽ വീഴുന്ന മൃഗങ്ങളുടെ വിസർജ്ജ്യവസ്തുക്കൾ കൊണ്ട് ഈ ഭൂമി ഫലഭൂയിഷ്ഠതയാൽ ധന്യമായിരുന്നു.

ധാരാളം ആടുകളെ വളർത്തി പൊങ്കൽ ഉത്സവക്കാലത്ത് മാരിവയലിൽ ജല്ലിക്കട്ട് (കാലികളുടെ കഴുത്തിൽ പാരിതോഷികങ്ങൾ കെട്ടി വാദ്യമേളങ്ങളോടെ വിരട്ടുകയും വിരണ്ടോടുന്ന മാടുകളെ കായികബലം കൊണ്ട് പിടിച്ചുനിറുത്തി പാരിതോഷികം കൈപ്പറ്റുകയും ചെയ്യുന്നരീതി.) എന്ന ഉത്സവം നടത്തിയിരുന്നു. കരിമ്പ് കൃഷി തുടങ്ങിയതിനാൽ ഈ ഉത്സവം അന്യമായിരിക്കുന്നു എന്നത് പ്രസക്തമാണ്.

എന്നാൽ ഏകദേശം ഒരു ദശാബ്ദമായി പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന റവന്യൂ ഭൂമികൾ വനപാലകർ കൈശപ്പെടുത്തി ബണ്ടുകെട്ടുകയും വേലിനിർമ്മിക്കുകയും ചെയ്തതിന്റെ ഫലമായി കന്നുകാലികൾക്ക് മേയുവാൻ സ്ഥലമില്ലാതാകുകയും കന്നുകാലികളുടെ എണ്ണം കുറയുകയും ചെയ്തു.

1962-ൽ മറയൂർ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ആരംഭിച്ചു. എങ്കിലും സ്റ്റാഫിന്റെ കുറവ് മരുന്നുകളുടെ കുറവും മൃഗങ്ങളുടെ സംരക്ഷണത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ജനങ്ങളുടെ അഞ്ജതയും, ബോധവൽക്കരണം ഇല്ലായ്മയും മൂലം അവർ പരമ്പാഗതമായ മൃഗസംരക്ഷണോപാധികളാണ് സ്വീകരിച്ചു വരുന്നത്.

കുടിയേറ്റക്കാരുടെ വർദ്ധനവും കൃഷിസ്ഥലത്തിന്റെ അപര്യാപ്തതയും, വനത്തിൽ മൃഗങ്ങളെ മേയ്ക്കുന്നത് നിരോധിച്ചതും ഈ പഞ്ചായത്തിലെ മൃഗപരിപാലനം നാമമാത്രമാക്കി.

മുമ്പത്തതിനെ അപേക്ഷിച്ച് ഇപ്പോൾ സങ്കരയിനത്തിൽപ്പെട്ട ആടുമാടുകൾ ലഭ്യമാണ്. മാട്ടുപ്പെട്ടി ഇൻഡോ-സ്വീഡ് പ്രോജക്ടിലെ കന്നുകാലുകളും, തലശ്ശേരി ഗോട്ട് ഫാമിലെ ആടുകളും തമിഴ്നാട്ടിലെ ചില ഇനങ്ങളുമാണ് വളർത്തുന്നത്.

പ്രശ്നങ്ങൾ

1. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങളിൽ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. അപര്യാപ്തമായ രോഗപ്രതിരോധ നടപടികളും ശുചിത്വമില്ലായ്മയും കാലികർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മയും രോഗങ്ങളെ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമുണ്ടാക്കുന്നു.
2. മറയൂർ പഞ്ചായത്തിൽ ഏതാനും ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്. എങ്കിലും കർഷകരിലെ ഇതുസംബന്ധിച്ചുള്ള അഞ്ജതയാണ് പ്രധാന തടസ്സം. ഒരു കുടുംബത്തിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും . മൃസംരക്ഷണവകുപ്പ് മുഖേനെ ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ട്. എങ്കിലും ഈ വിവരം ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.
3. മുൻകാലങ്ങളിൽ മിക്കവാറും എല്ലാവീടുകളിലും കോഴി വളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിയ്ക്കു വേണ്ടി വൻതോതിൽ കോഴികളെ മറ്റുസംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യുന്നസ്ഥിതിയാണ് ഉള്ളത്. കോഴി വളർത്തലിൽ വിശാലമായ സാധ്യത ഉണ്ട് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. സാമ്പത്തിക സഹായത്തിന്റെ പരമിതിയും രോഗപ്രതിരോധകുത്തിവയ്പ്പുകളുടെ ദൗർലഭ്യവും കോഴിവളർത്തലിന് ബാധിച്ചിരിക്കുന്നു.
4. ഈ പഞ്ചായത്തിൽ ആടുകളെ വളർത്തുന്നത് ഇറച്ചിയ്ക്കു വേണ്ടിമാത്രമാണ്. ആട്മാടുകളെ വനത്തിൽ മേയ്ക്കുന്നത് നിരോധിച്ചതിനാൽ ഒരു കാലത്ത് ഇവിടത്തെ ഗിരിവർഗ്ഗക്കാരുടെ പ്രധാനതൊഴിലായ ആടുവളർത്തൽ ഇല്ലാതായിരിക്കുന്നു.

പ്രധാനപ്രശ്നങ്ങൾ

1. കാലിതീറ്റയുടെ ദൗർലഭ്യവും വിലക്കൂടുതലും.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം.
3. കോഴിരോഗം തടയുവാനുള്ള ഫലപ്രദമായ സംവിധാനം ഇല്ലാത്തത് കൃഷിക്കാരെ കോഴിവളർത്തലിൽ നിന്നും പിന്തിരിപ്പിക്കുന്നു.
4. വളർത്തുനായ്ക്കൾക്ക് കുത്തിവയ്പ്പ് എടുക്കാത്തതിനാൽ പേപ്പട്ടിശല്യം ഉണ്ടാകുന്നതിന് സാധ്യതയുണ്ട്. നായകൾക്ക് ലൈസൻസ് നിമ്പബന്ധിതമാക്കുകയും, കുത്തിവയ്പ്പ് നടത്തുകയും ചെയ്യേണ്ടതാണ്.
5. കാലികളെ വളർത്തുന്നത് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.

സാധ്യതകൾ

1. മറയൂർ ഗ്രാമപഞ്ചായത്തിൽ ആവശ്യമായി വരുന്ന പാൽ ഉത്പാദിപ്പിക്കുന്നതിനുള്ള പശുക്കൾ ഈ പഞ്ചായത്തിൽ കുറവാണ്. നല്ല സങ്കരയിനം പശുക്കളിൽ നിന്നും മാട്ടുപ്പെട്ടി ഇൻഡോ-സ്വീഡ് പ്രോജക്ടിൽ നിന്നും ഭ്രൂണം ശേഖരിച്ച് മറയൂർ മൃഗാശുപത്രിമുഖേനെ നാടൻ ഇനങ്ങളെ സങ്കരഇനങ്ങളാക്കി മാറ്റുന്ന നടപടി വിപുലീകരിക്കുകയും പൂർണ്ണസേവന നടപ്പിൽ വരുത്തുകയും ചെയ്യുക.
2. പഞ്ചായത്തിന്റെ രണ്ടാം വാർഡായ പള്ളനാടും ഒന്നാം വാർഡായ മൈക്കിളും ഗിരിയും മറയൂർ ഗവ:മൃഗാശുപത്രിയും തമ്മിൽ 10 കി.മീ അകലം ഉണ്ടായതിനാൽ പശുക്കളെ ബീജോല്പാദനം നടത്തുന്നതിനും പ്രതിരോധകുത്തിവയ്പ്പ് നടത്തുന്നതിനും ഓരോ സബ് സെൻററുകൾ ഈ സ്ഥലങ്ങളിൽ തുടങ്ങേണ്ടതാണ്.

3. നല്ല ഇനം പുൽ വിത്തുകൾ മൃഗാശുപത്രി മുഖേനെ സൗജന്യമായി വിതരണം ചെയ്യുകയും റവന്യൂ ഭൂമികളിലും പട്ടയ സ്ഥലങ്ങളിലും പുല്ലുവച്ചു പിടിപ്പിച്ച് കാലികൾക്ക് ആവശ്യമായ പുല്ല് ഉത്പാദിപ്പിക്കുന്നതിന് വേണ്ട വളവും സാമ്പത്തിക സഹായവും നൽകുക.

4. മറയൂർ മൃഗാശുപത്രയിൽ സ്ഥിരം ഡോക്ടർ, ആവശ്യമായ സ്റ്റാഫുകൾ, മരുന്നുകൾ എന്നിവ ലഭ്യമാകുന്നതോടൊപ്പം കാലികളെ നിർത്തി ചികിത്സിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.

5. മിനി ഡയറി ഫാം നിർമ്മിച്ച് ആവശ്യമായ പാൽ ഉത്പാദിപ്പിക്കുവാൻവേണ്ടിബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുകൾഈ പഞ്ചായത്തിൽ വരേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

6. ചെറുകാട് കാലിത്തീറ്റ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.

7. നാമമാത്രമായ വിലക്ക് കാലിതീറ്റ വിതരണം ചെയ്യു.

8. വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷിയും സംസ്കരണവും വിതരണവും ഏർപ്പെടുത്തുക.

9. മാതൃകാ ഡയറി യൂണിറ്റ് ധനസഹായ പദ്ധതി നടപ്പിലാക്കുക.

10. രോഗ കൂടുതലുള്ള മുയലുകൾ വളർത്തുന്നതിന് ധനസഹായം നല്കുക

1. എരുമ വാങ്ങുവാൻ ധനസഹായം നല്കുക.

മാർക്കറ്റിംഗ് (വിൽപ്പന)

1. ക്ഷീര കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. കാരണം മാർക്കറ്റിംഗ് സംവിധാനം ഇല്ലാത്തതാണ്. മിൽമ പാൽ ഉൽപാദന കേന്ദ്രം, ചില്ലിംഗ് പ്ലാൻറ്, പാൽ സ്റ്റോറേജ്, പാൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

2. ബയോഗ്യാസ്

   മറയൂർ ഗ്രാമ പഞ്ചായത്തിൽ കാലിവളർത്തലുള്ള എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുകയും ആയതിന് വേണ്ട ധനസഹായവും സബ്സിഡിയും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും ചെയ്യുക.

3. ഇൻഷുറൻസ്.

   പഞ്ചായത്തിലുള്ള എല്ലാ വളർത്ത് മൃഗങ്ങളെയും ഇൻഷുറൻസിൻെറ സംരക്ഷണത്തിൽ കൊണ്ട്വരികയും ആയതിന് വേണ്ട ധനസഹായം സർക്കാർ വഹിക്കുകയും ചെയ്യുക.

4. വളം

   കാലികളുടെ സുരക്ഷിതമായ വളർച്ചക്ക് തൊഴുത്തുകൾ ഉണ്ടാക്കുകയും വിസർജ്യവസ്തുക്കൾ ശേഖരിച്ച് വളം ആക്കി മാറ്റുവാനുള്ള കുഴികൾ നിർമ്മിക്കുന്നിനും വേണ്ട സാമ്പത്തിക സഹായവും ഉദ്യോഗസ്ഥരുടെ സേവനവും സമ്പത്തും സംഘടനകളുടെ സേവനവും ലഭ്യം ആക്കുക. ഇതു മൂലം ഒരു പരിധിവരെ രാസവളങ്ങളുടെ ഉപയോഗം തടയാവുന്നതുമാണ്.

5. പന്നിവളർത്തൽ

   മറയൂർ പഞ്ചായത്തിൽ പന്നിവളർത്തലിന് നല്ല സാധ്യതകൾ ഉള്ളതിനാൽ നല്ലയിനം പന്നി കൂട്ടങ്ങളെ മൃഗാശുപത്രി മുഖേനെ വിതരണം ചെയ്യുകയും വളർത്തുന്നതിനാവശ്യമായ കൂടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും സാമ്പത്തിക സഹായവിതരണ ഉപാധികൾ ലഘൂകരിക്കുയും ചെയ്യുക.

6. ആടുവളർത്തൽ.

   ഈ പഞ്ചായത്ത് ആദിവാസി മേഖലകളായതിനാൽ വമ്പിച്ച ആട് വളർത്തലിന് സാധ്യതയുണ്ട്. നല്ലയിനം ആടുകളെ ഓരോവീടിനും ഓരോ യൂണിറ്റ് (10 എണ്ണം വീതം) ആടുകളെ വിതരണം ചെയ്യുകയും വേണ്ട സാമ്പത്തീക സാഹായം സർക്കാരിൽ നിന്നും ലഘുവ്യവസ്ഥകളിൽ നൽകുകയും ചെയ്യുക.

7. കോഴിവളർത്തൽ.

   പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കോഴിവളർത്തൽ ആരംഭിക്കുന്നതിനായി നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ സർക്കാർ തലത്തിൽ വിതരണം ചെയ്യുകയും ഇറച്ചി കോഴി വളർത്തലിന് ~~ഓരോരോ~~ സ്കീമിൽ ഉൾപ്പെടുത്തി കോഴികളെ വിതരണം ചെയ്യുകയും വളർത്തുന്നതിനാവശ്യമായ കൂടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക. ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന കോഴികളും മുട്ടയും വൽപ്പന നടത്തുന്നതിന് വേണ്ട യൂണിറ്റുകൾ ആരംഭിക്കുകയും '~~ലോണ്ട്~~' സ്കീം നടപ്പിൽ വരുത്തുകയും ചെയ്യുക.

ഈ പഞ്ചായത്തിൽ ലഭിക്കുന്ന തവിട്, പച്ചക്കറി വെയ്സ്റ്റ് മുതലായവ ശേഖരിച്ച് കാലിതീറ്റയും കോഴിതീറ്റയും നിർമ്മിച്ചാൽ വളർത്ത് മൃഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സാധ്യത കൂട്ടുന്നതിനും സാധിക്കും.

മത്സ്യബന്ധനം.

ഇപ്പോൾ ഈ പഞ്ചായത്തിൽ മത്സ്യകൃഷി നടപ്പിലില്ല. ഇവിടുത്തെ ആവശ്യത്തിനുള്ള മത്സ്യം അന്യസംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിക്കുകയാണ്. ഓരോ വാർഡിലും ജലംസംഭരിക്കുവാൻ കഴിയുന്ന പ്രദേശങ്ങളിൽ കുളങ്ങൾ നിർമ്മിക്കുകയും വേണ്ട മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണം.

ഫിഷറീസ് ഡിപ്പാർട്ട്മെൻറിൽ ഓഫീസ് കുമളിയിൽ സ്ഥിതി ചെയ്യുന്നതിനാൽ ടി. ഓഫീസ് കുമളി.യിൽ സ്ഥിതി ചെയ്യുന്നതിനാൽ ദേവികുളം താലൂക്ക് കേന്ദ്രീകരിച്ച് ഫിഷറീസ് ഡിപ്പാർട്ടൻെറിൻെറ ഒരു ഓഫീസ് തുറക്കുകയും വേണ്ട സേവനം ലഭ്യമാക്കുകയും ചെയ്തതാൽ മത്സ്യകൃഷി രംഗത്ത് പുരോഗതി കൈവരിക്കുന്നതിന് ഈ പഞ്ചായത്തിന് കഴിയും.

ഈ പഞ്ചായത്തിൽ കുളങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ടാങ്കുകൾ നിർമ്മിക്കുകയും മത്സ്യകൃഷി സഹകരണസ്ഥാപനങ്ങൾ സ്ഥാപിച്ച് കൃഷിക്കുള്ള ബോധവൽകരണം നടത്തുകയും പൊതുസംഭരണികളിലും സ്വകാര്യകുളങ്ങളിലും നല്ല ഇനം ശീതജലമത്സ്യങ്ങളെവളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

മൂന്നാർ പഞ്ചായത്തിലെ ചെട്ടിമുടിയിൽ ഒരു മത്സ്യവിത്ത് ഉത്പാദന കേന്ദ്രം ഉണ്ട് എന്നറിയുന്നു. ഈ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ഈ പഞ്ചായത്തിന് ലഭ്യം ആയാൽ ശീതജല മത്സ്യഉത്പാദനം അരംഭിക്കുന്ന ആദ്യത്തെ പഞ്ചായത്ത് എന്ന നിലയിൽ ശ്രദ്ധേയം ആകുന്നതാണ്.

വ്യവസായം

കേരളം വ്യവസായികമായി പിന്നോക്കം നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പേർ വ്യവസായ തുറകളിൽ പണിഎടുക്കുന്നുണ്ട്. എങ്കിലും അവരിൽ ഭൂരിപക്ഷം പേരും ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളിലോ, മറ്റു ചെറുകിട വ്യവസായ സ്ഥാപനങ്ങളിലൊ ആണ് ജോലി ചെയ്യുന്നത്. ഇതു മൂലം കേരളത്തിലെ വ്യവസായ തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും വരുമാനവും താരതമ്യേന താഴ്ന്നതാണ്. ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായ മേഖലക്കു പകരം ആധുനിക വ്യവസായങ്ങൾ വളർന്നു വരുന്നില്ല. എന്നതാണ് കേരളത്തിന്റെ ദുഃരവസ്ഥ നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥയും വിഭിന്നമല്ല.

ഓരോ പ്രദേശത്തെയും വിഭവ സാദ്ധ്യതകൾ വിലയിരുത്തി പുതിയ വ്യവസായ സംരഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. കാർഷിക സംസ്ക്കരണ വ്യവസായങ്ങൾക്ക് ഒട്ടേറെ സാദ്ധ്യതകൾ ഇനിയും ഈ പഞ്ചായത്തിലുണ്ട്. കെട്ടിടഗൃഹനിർമ്മാണ ഉല്പന്നങ്ങളുടെ ഡിമാൻറ് വർദ്ധിച്ചുവരുകയാണ്. പഞ്ചായത്തുതല വ്യവസായ മിനി എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്ന ആശയം ഇന്നും പ്രസക്തമാണ് I.R.D.P. വ്യവസായയൂണിറ്റുകളുടെ കാര്യത്തിൽ പഞ്ചായത്തുകൾക്ക് ശക്തമായി ഈടപെടാനാകും. വൈവിദ്ധ്യമില്ല എന്നുള്ളതാണ് ഈ യൂണിറ്റുകളുടെ ഇന്നത്തെ പരിമിതി "ട്രൈസം" പദ്ധതിയും "ശ്രമിക് വിദ്യാഭ്യാസം പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയുള്ള കോഴ്സുകൾ വഴിയും പുതിയ തൊഴിൽ വൈദഗ്ധ്യം സൃഷ്ടിക്കാൻ കഴിയും.

വ്യവസായ മേഖലയിൽ മറയൂർ ഗ്രാമപഞ്ചായത്ത് വളരെ പുറകിലാണ്. യാതൊരു നേട്ടവും ഈ പഞ്ചായത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. പൊതുമേഖലയിൽ ഖാദി ബോർഡ് മുഖാന്തരം പ്രവർത്തനരഹിതമായി കിടക്കുന്ന 3 ഇൻഡ്രസ്ട്രിയൽ സൊസൈറ്റികൾ ഉണ്ട് സ്വകാര്യമേഖലയിൽ കേവലം 27 പേർ മാത്രം ജോലി ചെയ്യുന്ന ഒരു പേപ്പർ മില്ലാണ് ആകെയുള്ളത് ഒരു ചന്തപോലും ഇല്ലാത്ത ഏക പഞ്ചായത്താണ് ഇത്. പഞ്ചായത്തിന് മാർക്കറ്റിനുവേണ്ടി റവന്യൂവിൽ നിന്ന് സ്ഥലം കൊടുക്കാമെന്ന് സമ്മതിക്കുകയും അത് സംബന്ധിച്ചുള്ള എല്ലാ പേപ്പറുകളും ശരിയായതുമാണ് എന്നാൽ സ്ഥലത്തിന്റെ മാർക്കറ്റ് വാല്യു അടയ്ക്കാനുള്ള സാമ്പത്തിക ശേഷി ഈ പഞ്ചായത്തിന് ഇന്ന് ഇല്ല.

പ്രശ്നങ്ങൾ

പടിഞ്ഞാറ് K.D.H.വില്ലേജ് സ്സക്കസ്സക്ക സ്സഞ്ഞക്ക കമ്പിനിയും തലയാർ സ്സഞ്ഞക്ക കമ്പിനിയും, തെക്ക് കന്തപുല്ലൂർ പഞ്ചായത്തിന്റെ ചെങ്കല്ലാർ സ്സ"ർ ചാനലും, വടക്ക് കറ്റുമലയാറും കിഴക്ക് തമിഴനാട് അതിർത്തിയായ ചിന്നാറും ഉൾപ്പെട്ട് കിടക്കുന്നതാണ് ഈപഞ്ചായത്ത്. 108.07 കയർ കിലോമീറ്റർ വിസ്തീർണ്ണവും 9590 വരുന്ന ജനസംഖ്യയും ,3211 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ യാതൊരുവിധ വ്യവസായ യൂണിറ്റുകളും വളർന്നവരാത്തത് ഗൗരവമായി പരിശോധിക്കപെടേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്ക് ആവശ്യമായ അനുകൂലഘടകങ്ങൾ ഉണ്ടെങ്കിലും വേണ്ടതോതിൽ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യമായ കൃഷിയായ കരിമ്പുവ്യവസായരഗത്ത് പ്രയോചനപ്പെടുത്തുന്നില്ല.
2. 1977-ൽ വൈദ്യുതി കണക്ഷൻ ലഭിച്ചു എങ്കിലും വോൾട്ടേജ് 230.ർ ലഭിക്കാത്തതുകൊണ്ടും
3. സാങ്കേതികപരിജ്ഞാനക്കുറവ്
4. ധനസഹായം കിട്ടുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. ഒരു സംരംഭകനു വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.
6. വ്യവസായ മേഖലയുമായിട്ടുള്ള സമ്പർക്കകുറവ്.
7. വ്യവസായ വികസനവുമായ് ബന്ധപ്പെട്ട ബോധവൽക്കരണക്കുറവ്.
8. വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്

വ്യവസായം നേരിടുന്ന പ്രധാനപ്രശനങ്ങളിൽ ഒന്നാണ് കുറഞ്ഞകൂലിനിരക്ക്. സ്ത്രികളുടെ കൂലിനിരക്ക് വളരെക്കുറവാണ്.

സാധ്യതകൾ

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കരിമ്പ്, നെല്ലിക്ക, നാരങ്ങ, മാങ്ങ, ചക്ക, കപ്പ, ഉരുളക്കിഴങ്ങ് ഔഷധചെടികൾ, നെല്ല്, ചകിരി, ചിരട്ട, ഓല, പാക്ക്,(അടക്ക) ഇലവു പഞ്ഞി, തേങ്ങ, ഈമ്പം പുല്ല്, തേൻ, പപ്പാളിക്കാ, കായ്കനികൾ, വെളുത്തുള്ളി, എന്നീ സുലഭമായ ലഭിക്കുന്ന പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കുവാൻ സാധ്യതയുള്ള യൂണിറ്റുകൾ.

നമ്പർ	ഇനം
1	കരിമ്പ് കൊണ്ട് ഗുർഖണ്ഡസാരി അമ്പ് വെല്ലാം പാനി
2	അച്ചാർ യൂണിറ്റ് (നാരങ്ങ, മാങ്ങ, നെല്ലിക്ക, വെളുത്തുള്ളി
3	ചിപ്പ്സ് (ചക്ക, കപ്പ, ഉരുളക്കിഴങ്ങ്, വാഴയ്ക്കാ
4	അലങ്കാരപണിചെയ്തമരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
5	തേങ്ങ വെള്ളം ഉപയോഗിച്ചുള്ള ശീതളപാനിയങ്ങൾ.
6.	ആധുനിക രീതിയിലുള്ള ആയുർവ്വേദ മരുന്നു് നിർമ്മാണം (ഔഷധചെടികൾ)
7.	ചകിരികൊണ്ട് ചവിട്ടി, തലയിണ, ചകിരിനാരിന്റെ കിടക്ക.
8.	വെളിച്ചെണ്ണ, (തേങ്ങ) തേങ്ങപൗഡർ.
9.	കുട, പനമ്പ്, മുറം, (ഈറ്റ, മുള)
10.	അരി, അവിൽ, (നെല്ല്)
11.	മൺപാത്രം, കുഴൽ, കളിമൺവ്യവസായം.
12.	മെറ്റൽസോളിഗ്,കൽതൂണ്, വീടുപണിക്കുള്ള കട്ട
13.	കിടക്ക,തലയിണ,(പഞ്ഞി)
14.	പട്ടുനൂൽ (കൊക്കൂൺ)
15.	വെണ്ണ,തൈര്,പാൽകേക്ക്,പക്കാവട, ബിസ്ക്കറ്റ് (പാൽ)
16.	ചൂല് (വെളക്കു് മാറു്,) (ഈച്ചം പുല്ല്)
17.	വാഴനാര് (ഫാൻസി ഫൈബർ)
18.	കരകൗശല വസ്തുക്കൾ (ചെരട്ട)
19.	കരിങ്കൽ ക്രഷർ യൂണിറ്റ്
20.	ചിമ്മിണി ഇഷ്ടികനിർമ്മാണം
21.	സോപ്പു നിർമ്മാണം
22.	റൈസ് പാൽ യൂണിറ്റ്
23.	റെഡിമേഡ് തുണിനിർമ്മാണം
24.	പ്ലാസ്റ്റൽ നിർമ്മാണ യൂണിറ്റ്
25.	എല്ലുപൊടി നിർമ്മാണ യൂണിറ്റ്
26.	സ്പിന്നിഗ് മിൽ യൂണിറ്റ്

ചുരുങ്ങിയ മുതൽ മുടക്കി വെള്ളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിലെ യുവതി യുവാക്കളുടെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിനും ഈ പഞ്ചായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കണം.

1 വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകി വ്യവസായ സംരംഭങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.

2. ഇവിടെ ലഭിക്കുന്ന സാധനങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെ പറ്റിയുള്ള ബോധവൽക്കരണം നടത്തുക.

3. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള എല്ലാവൈദ്യുതി ലൈനുകളും 3 P.H.M.S.E. പെയ്സ് ആക്കിമാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുക.

4. സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തതിയിരിക്കുന്നതിനാൽ ഈ പഞ്ചായത്തിനെ ടൂറിസം മാപ്പിൽ ഉൾപെടുത്തുക.

5. വ്യവസായ കേരളപ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ, മുൻഗണന ക്രമത്തിൽ നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷത്തിനുള്ളിൽ വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിമെച്ചപ്പെടുത്തുകയും ജനങ്ങളുടെ സാമൂഹിക സാമ്പത്തിക, സാസ്കാരിക പുരോഗതിയ്ക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹിക ജീവതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ കാരണം ആക്കുകയും ചെയ്യുകഅതിനുവേണ്ടി സംഘടിക്കൂ.

ഈ പ്രദേശത്തെ പരമ്പരാഗതമായുള്ള തൊഴിൽ പരമായ കഴിവുകൾ തിരിച്ചറിയുകയും കുടിൽ വ്യവസായങ്ങൾക്കും പണ്ടകശാലകൾക്കും ലൈസൻസ് നൽകുക. കൈതൊഴിൽ ചെയ്യുന്നവർക്കും കരകൗശല പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നൽകുവാനുള്ള പരിപാടികൾ സംഘടിപ്പിക്കുക. പട്ടുനൂൽപ്പുഴു വളർത്തൽ പ്രോത്സാഹിപ്പിക്കുക. ചെറുകിടവ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും നോക്കി നടത്തുകയും ചെയ്യുക. അസംസ്കൃത സാധനങ്ങളുടെ പ്രാദേശിക വികസനത്തെ സഹായിക്കുക. ഗ്രാമവ്യവസായങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്കും സമൂഹത്തിൽ താത്പ്പര്യം ജനിപ്പിക്കുക. ചെറുകിട വ്യവസായത്തിനുള്ള സാമ്പത്തിക സഹായവിതരണം, സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൾക്ക് സഹായം നൽകൽ കൈത്തറി-കരകൗശല വ്യവസായങ്ങളുടെ വികസനത്തിന് ഊന്നൽ നൽകി പ്രവർത്തിച്ചാൽ സാമ്പത്തികപരമായും തൊഴിൽ പരമായും ഈ പഞ്ചായത്തിന് മുൻ നിരയിൽ തന്നെ സ്ഥാനം ലഭിക്കുമെന്നതിൽ സംശയമില്ല. അതിന് വേണ്ടി സംഘടിക്കൂ, സംഘടിപ്പിക്കുവിൻ.

○

Expenditiure Details of IRDP. Marayoor

MYR I സർക്കിൾ												
Year	SC			ST			Total			Women		
"	No	Loan	Sub	No	Loan	Sub	No	Loan	Sub	No	Loan	Sub
1991-'92	8	22000	22000	8	21022	21022	29	98529	71102	18	43420	3594
'92-'93	15	53750	50250	12	41300	37100	31	122467	104434	12	49218	37682
'93-'94	10	42020	42020	11	46230	46230	31	155578	117922	8	33668	24000
'94--'95	14	144300	82500	1	6000	6000	22	235166	117834	7	84866	29334
'95-'96	16	197450	100000	1	18000	6000	24	379000	134000	16	237350	86000
MYR II സർക്കിൾ												
1991-'92	15	61068	56250	1	2750	2750	29	125606	87462	8	39036	25982
'92-'93	10	45584	38916	2	18326	7850	21	113748	621128	8	29838	17662
'93-'94	16	63750	63750	Nil	Nil	Nil	29	102750	83250	15	59802	39892
'94-'95	8	59900	42000	7	55000	42000	22	205700	116000	13	108200	40000
'95-'96	12	207150	69000	6	44450	36000	26	370150	13550	14	141500	37300
Grant Total	124	896972	566686	49	253078	204952	264	1913694	1165132	119	826898	371966

വിദ്യാഭ്യാസം

കേരളത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ പരിമിതമായ ഒരു കാലത്ത് വിദ്യാർത്ഥികൾക്ക് അറിവിന്റെ ആദ്യാക്ഷരം ഓതിക്കൊടുത്ത ഒരു കൂട്ടമാളുകൾ - നിലത്തെഴുത്താശാന്മാർ ഇന്നത്തെ ഭാഷാ ബോധത്തിൽ മൺ മറഞ്ഞുകൊണ്ടിരിക്കുന്നു. കടംകഥകൾ, ശൈലികൾ, ആപ്തവാക്യങ്ങൾ എന്നിവയുടെ അർത്ഥം വിനോദത്തിൽ കൂടിയും നാടൻ പാട്ടുകൾ വഴിയും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കികൊടുത്ത നിലത്തെഴുത്താശാൻമാരുടെ വഴി ശ്ലാഘനീയമാണ്. ആശാന്മാരുടെ ശിക്ഷണത്താൽ വളർന്ന വിദ്യാർത്ഥികൾക്ക് പ്രൈമറിക്ലാസ്സുകളിൽ മലയാളഭാഷയും ഗണിതശാസ്ത്രത്തിന്റെ ബാലപാഠങ്ങളും അനായാസേനെ കൈകാര്യം ചെയ്യാനുള്ള കഴിവിലെത്തിയിരുന്നു. ഇത്തരം കഴിവുകൾ സ്കൂൾ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായിരുന്നു. ഇതിൽ ബോധവാന്മാരായ രക്ഷകർത്താക്കൾ വിദ്യാർത്ഥികളെ ഇത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുവാൻ തുടങ്ങി. അതൊടെ നാടിന്റെ നാനഭാഗങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ ഉടലെടുത്തു. കാലാന്തരത്തിൽ അവ പ്രീ-പ്രൈമറി എന്ന പേരിൽ അറിയപ്പെട്ടു.

മറയൂർ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി 1950-ൽ മറയൂർ കുമ്മിട്ടാംകുഴിയിലുള്ള പുല്ലു ഷെഡിൽ ഹരിശ്രീ കുറിച്ച്കൊണ്ട് വിദ്യാഭ്യാസമേഖലയ്ക്ക് തുടക്കമിട്ടു. അതിനു ശേഷം ഇപ്പോൾ ലോവർപ്രൈമറിസ്കൂൾ (L.P.S) ഇരിക്കുന്ന സ്ഥലത്ത് പുല്ല് ഷെഡ് കെട്ടി പ്രവർത്തനം ആരംഭിച്ചു. കാലാന്തരത്തിൽ പുതിയകെട്ടിടം പണിയുകയും പുതിയകെട്ടിടത്തിൽ പഠിത്തം ആരംഭിക്കുകയും ചെയ്തു. ശ്രീ. പൊന്നപ്പൻ സാർ (TVM) ആയിരുന്നു. ആദ്യത്തെ ഹെഡ്മാസ്റ്റർ 3 ഏക്കർ സ്ഥലത്താണ് കെട്ടിടം പണിതിരിക്കുന്നത്. തുടർന്ന് ശാന്തകുമാരൻ സാർ, വിശ്വംഭരൻ സാർ, ഈശ്വരികുട്ടിയമ്മ, പി. ചെല്ലമ്മ സാർ തുടങ്ങിയവർ ഹെഡ്മാസ്റ്റർമാരായി സേവനം അനുഷ്ഠിച്ചു.

1958 ബ്രദർ തോമസ് അവർകളുടെ മാനേജ്മെൻറിൽ സുബ്രമണ്യപിള്ളയുടെ [illegible] 1-10-1958-ൽ നിന്നാരംഭിച്ച U.P. സ്കൂൾ 1963-ൽ ഒരു അൺ എയിഡഡ് ഹൈസ്കൂൾ ആയിമാറി എന്നാൽ ഗവൺമെൻറിന്റെ സഹായം ഇല്ലാത്തതുകൊണ്ടും അദ്ധ്യാപകർക്ക് താമസസൗകര്യം ഇല്ലാത്തതിനാലും മാനേജ്മെൻറിൽ നിന്നും ശമ്പളം കൊടുക്കാൻ സാധിക്കാത്തതുകൊണ്ടും യാത്രാ സൗകര്യം [illegible] ആയിരുന്നതിനാലും 1968-ൽ സ്കൂൾ മാത്രമാണ് പ്രവർത്തിച്ച് വരുന്നത്.

1958-ൽ മറയൂർ സെൻറ്. മേരീസ് സ്കൂളിന് 6 ഡിവിഷനുകളുണ്ടായിരുന്ന സ്കൂളിൽ ഇന്ന് 15 ഡിവിഷനിൽ 800 വിദ്ധ്യാർത്ഥികൾ പഠിക്കുന്നു. പഠനത്തിലും കലാകായികരംഗത്തും വിജയം വരിച്ചു ജില്ലാതലത്തിലും സബ് ജില്ലാതലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്ന വിധത്തിൽ പുരോഗതിപ്രാപിച്ചിട്ടുണ്ട് ഇപ്പോൾ.കുട്ടികൾക്ക് ഇന്ന് പഠിക്കാനുള്ള കെട്ടിടസൗകര്യമുണ്ട്. ഇത്രയും കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങളില്ല. കുട്ടികൾക്ക് പൊതു അറിവ് വർദ്ധിപ്പിക്കുവാനുള്ള സൗകര്യമില്ല. അദ്ധ്യാപകരക്ഷാകർത്താ സംഘടനം മാതൃ സംഗമവും എല്ലാ വിധസഹായസഹകരണത്തോടും സജീവമായി പ്രവർത്തിക്കുന്നു. കെട്ടിടം ഉണ്ടെങ്കിലും 5,6 ക്ലാസ്സുകളിൽ ഡസ്ക്കുകളും വേണം ഫർണീച്ചറുകളും ഇല്ല എന്നത് ഒരു കുറവായി അവശേഷിക്കുന്നു.

1965 ജൂൺ മാസം 1-ാം തീയതി പന്നിവാക്കര എന്നറിയപ്പെടുന്ന മൈക്കിൾ ഗിരിയിൽ സേക്രട്ട് ഹാർട്ട് ബ്രദേഴ്സിലെ ബ്രദർ എ. തോമസ് അവർകളുടെ ശ്രമഫലമായി സെൻറ് മൈക്കിൾസ് പ്രവർത്തനം ആരംഭിച്ചു. ആരംഭത്തിൽ ഒന്നും, രണ്ടും സ്റ്റാൻേറർഡുകൾ മാത്രം തമിഴും-മലയാളവും, മാദ്ധ്യമങ്ങളായി ഡിവിഷനുകളിലായി ആരംഭിച്ചു. തുടർന്നു 3-ാം സ്റ്റാൻേറർഡിനും അംഗീകാരം കിട്ടി ഏതോകാരണത്താൽ സ്കൂളിൽ പ്രവർത്തിച്ചിരുന്ന സെൻറ് ആൻസ് സിസ്റ്റേഴ്സ് സ്കൂൾ വിട്ടുപോകുകയും ചെയ്തു. ബ്രദർ ശ്രീ. തോമസ് അവർകൾക്ക് കാന്തല്ലൂരെ നസ്രത്ത് സിസ്റ്റേഴ്സിന്റെ മഠവുമായി പരിചയമുണ്ടായിരുന്നു. നസ്രത്തു സന്യാസനീസഭാ സ്ഥാപകനായ ബഹു. ഫാ. ജോൺ പിണക്കാട്ടുമായി ബ്രദർ വളരെ അടുപ്പത്തിലായിരുന്നു. ബഹുമാനപ്പെട്ട അച്ചനുമായുള്ള ഉടമ്പടിപ്രകാരം 1968-ൽ മൈക്കിൾ ഗിരിയിലെ സ്ഥലവും സ്കൂളും തീറാധാരമായി വാങ്ങി നാടിന് അഭിവൃദ്ധി വരുത്തുന്ന ഒരു പ്രസ്ഥാനം നശിച്ചു പോകരുത് എന്ന ഒറ്റകാര്യമാണ് ഇതിലും പ്രേരിപ്പിച്ചത് ആ കാലയളവിൽ നാലു ക്ലാസ്സുകളിലായി ഏതാനും കുട്ടികളും അവരുടെ അനുയായനത്തിനും നിയന്ത്രണത്തിനുമായി ഒരു ടീച്ചറുമാത്രമാണ് ഉണ്ടായിരുന്നത് 26/11/1968-ൽ ബ്രദർ തോമസ് മാനേജർ സ്ഥാനം നിയമപ്രകാരം ഫാ: ജോൺ പിണക്കാട്ടിന് കൈമാറി 1969 ജൂണിൽ നസ്രത്ത് സിസ്റ്റേഴ്സ് സ്കൂൾ പ്രവർത്തം ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ (1969) റവ: സി. വിജയ മാത്രമുണ്ടായിരുന്ന കാലമായിരുന്നത്. വീടുകൾ തോറും കയറിയിറങ്ങി രജിസ്റ്ററിൽ പേരുള്ളവരേയും പഠിക്കാൻ പ്രാപ്തരായവരേയും കണ്ട് സ്കൂളിലേക്ക് നിർബന്ധിച്ചും പ്രോത്സാഹിപ്പിച്ചും കൊണ്ടുവന്നു. 1969 മുതൽ 4-ാം ക്ലാസ്സിന്റെ അംഗീകരണത്തിനായി എഴുത്തുകുത്തുകൾ നടത്തിതുടങ്ങി എങ്കിലും 1978/79 അദ്ധ്യായവർഷത്തിലാണ്. അംഗീകാരം കിട്ടിയത് അങ്ങനെ 40-45 കുട്ടികളുമായി ആരംഭിച്ച മൈക്കിൾ ഗിരി St. മേരീസ് L. P. സ്കൂൾ ഇന്ന് 355 കുട്ടികൾ L. P. വിഭാഗത്തിലും 127 കുട്ടികൾ നേഴ്സറി വിഭാഗത്തിലും പഠിക്കുന്നു.

ഇവിടെ ഒരു ബാലമന്ദിരവും പ്രവർത്തിക്കുന്നു. ബാലമന്ദിരത്തിൽ കുട്ടികളെ ചേർക്കുന്നതിന് സ്കൂളിലെ പഠന നിലവാരവും അച്ചടക്കവും നല്ല അന്തരീക്ഷവും മാത്രം കണക്കാക്കി നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികളെ ചേർക്കുന്നതിന് മാതാപിതാക്കൾ കൂട്ടമായി എത്തുന്നു. സ്ഥലപരിമിതിമൂലം പലരേയും നിരാശരാക്കി വിടേണ്ട പരിതസ്ഥിതിയിലായിരിക്കുന്നു.

ഈ സ്ഥാപനം എയിഡഡ് സ്ക്കൂൾ ആക്കിയാൽ നാടിന്റെ വികസനത്തിനായി വളർന്നു വരുന്ന തലമുറയെ പ്രാപ്തരാക്കാൻ കഴിയും എന്നതിൽ സംശയമില്ല.

കന്യാകുമാരി [illegible] മാർത്താണ്ഡം കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്ന ഡോട്ടേഴ്സ് ഓഫ് മേരി എന്ന സന്യാസിനി സമൂഹം മലനാട്ടിലെ അഞ്ജരായ ജനങ്ങൾക്കിടയിൽ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി ഭാഗമായി കോതമംഗലം രൂപതയുടെ വന്ദ്യപിതാവായിരുന്ന മാത്യു പോത്തനാമൂഴിതിരുമേനിയുടെ അനുവാദത്തോടെ കോൺവെൻറിന്റെ ഒരു ശാഖ പള്ളനാട് സ്ഥാപിക്കുകയുണ്ടായി.

വന്യമൃഗങ്ങളുടെ ഉപദ്രവത്തെ ഭയന്ന് സ്കൂൾ കുട്ടികളെ അയക്കാതിരുന്നതിനാൽ പള്ളനാട് ഭഗത്ത് ഡോട്ടേഴ്സ് ഓഫ് മേരി എന്ന സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ ബഹു. മദർ മേരിയുടെ സഹോദരൻ ശ്രീ. ജോസഫ് കല്ലറക്കൽ സൗജന്യമായി നല്കിയ സ്ഥലത്താണ് ഇന്നത്തെ സകൂൾ പ്രവർത്തിച്ചു വരുന്നത്.

1979-ൽ പള്ളനാട് [illegible] L.P. സ്കൂൾ കെട്ടിടം പണി പൂർത്തികരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തമിഴ്-മലയാളം ഡിവിഷനുകളിലായി 74 കുട്ടികളുമായി തുടങ്ങി

യ പ്രവർത്തനം 1980-81-ൽ നല്ല നിലയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഹെഡ്മിസ്ട്രസായി സിസ്റ്റർ റോസ് മേരിയെ നിയമിക്കുകയും ചെയ്തു. 1983-ൽ 4-ാം സ്റ്റാൻഡേഡ് ആരംഭിക്കുകയും സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും ചെയ്തു. സ്കൂളിന്റെ ആരംഭകാലം മുതൽ പഠന പ്രവർത്തനത്തിലും പഠ്യേതരപ്രവർത്തനത്തിലും സ്കൂൾ മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്. സബ് ജില്ലാതലത്തിൽ വച്ചു നടക്കുന്ന ബാലകലോത്സവം പ്രവർത്തിപരിചയമേള സ്പോട്ട്സ് എന്നിവയിൽ മികച്ച പ്രകടനത്തിനുള്ള ട്രോഫികളും കരസ്ഥമാക്കിയിട്ടുണ്ട് P.T.A. കമ്മിറ്റി അംഗങ്ങളുടെ കഠിനഅധ്വാനഫലമായി സ്റ്റേജും യൂറിൻ ഷെഡും നിർമ്മിക്കാൻ കഴിഞ്ഞു.

94/95 അദ്ധ്യയന വർഷത്തിൽ മികച്ച അദ്ധ്യാപികയ്ക്കുള്ള സംസ്ഥാന അവാർഡ് സിസ്റ്റർ പ്രസന്ന കരസ്ഥമാക്കി എന്നത് ഈ സ്ഥാപനത്തിന്റെ വളർച്ചയുടെയും പഞ്ചായത്തിലെയും ജനങ്ങൾക്കും അഭിമാനിക്കാൻ വകയുണ്ട്.

10 ഡിവിഷനുകളിലായി ഇപ്പോൾ 380 കുട്ടികളും 10 അദ്ധ്യാപികമാരും സേവന അനുഷ്ഠിക്കുന്നു. പള്ളനാട് L.P.S. ന്റെ എല്ലാ രംഗങ്ങളിലും പുരോഗതിയുടെ പാതയിലേക്ക് പ്രകാശം പരത്തുന്നു.

ഗവ: ഹൈസ്കൂൾ മറയൂർ

1972 കാലഘട്ടം മറയൂർ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് 7-ാം ക്ലാസ്സ് വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർന്ന് പഠിക്കുന്നതിന് സാഹചര്യം ഇല്ലാതിരുന്ന കാലം മറയൂർ മുണ്ടപ്പുഴ എം. ജെ. ജോസിന്റെ നേതൃത്വത്തിൽ ഒരു ഹൈസ്കൂളിനു വേണ്ടി ശ്രമം ആരംഭിക്കുകയും ആയതിന്റെ പ്രവർത്തനത്തിനായി എൻ. രാഘവൻ നായർ, ടി.എൽ. രാമസ്വാമിപിള്ള, വി.ടി. ജോർജ്ജ് വട്ടയൽ, ടി.ടി. ജോസഫ് തെങ്ങുംപള്ളിൽ, കെ. ദത്തൻ ഓടക്കര, പനന്താനം വറുഗീസ് ഐപ്പ്, ചാക്കോ ഐപ്പ്, കോവിൽക്കടവ് സാമുവൽ ചെറിയാൻ ദണ്ഡുകൊമ്പ് സദാനന്ദൻ, പി.എൻ. പുരുഷോത്തമൻ നായർ, എസ്.കെ. രാധകൃഷ്ണൻ നായർ, ഫാദർ ബ്രന്തോൾസ് ഒ.സി.ഡി. തുടങ്ങിയവരുടെ സജീവമായി ശ്രമിക്കുകയും ചെയ്തു. 1973-ൽ അനുവാദം ലഭിക്കുകയും സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടിയിലേക്ക് നീങ്ങുകയും ചെയ്തു. കെട്ടിടങ്ങളില്ല. വിദ്യാർത്ഥികളില്ല, അദ്ധ്യാപകരില്ല, വിഷമമേറിയ നൂലാമാലകൾ. ശ്രീ മാതളി പാറതന്വിയുടെ ഒഴിഞ്ഞു കിടന്ന കാലിത്തൊഴുത്ത് അനുവാദത്തോടെ സ്കൂൾ ഉണ്ടാക്കുന്നതിനായി സജ്ജമാക്കുകയും മറയൂർ പഞ്ചായത്തിലെ വിദ്യാഭ്യാസമുള്ള സാലി ജോർജ്ജ് ചെറിയാൻ ഫാ. ബെർത്തോൾഡ് വിജയവും തുടങ്ങിയവർ പഠിപ്പിക്കുവാൻ തയ്യാറാക്കുകയും സംഘാടകരോടെ സമ്മർദ്ദത്തിനു വഴങ്ങി കുട്ടികളെ പ്രേരിപ്പിക്കുകയും പഠനം ആരംഭിക്കുകയും ചെയ്തു. സർക്കാരിൽ നിന്ന് ഒരു അധ്യാപകനെ നിയമിക്കുകയും ശ്രീ എം.ജി. കൃഷ്ണൻ കുട്ടി അവർകൾ ചാർജ്ജ് എടുക്കുകയും ചെയ്തു. ഏതു സാഹചര്യമായും ഇണങ്ങിപോകുന്നതിനും ഈ മേഖലയിൽ സേവനം നടത്തുന്നതിനും സൻമനസ്സ് കാണിക്കുകയും സംഘാടകരോടൊപ്പം രാപകലന്യേ പ്രവർത്തിക്കുകയും ചെയ്തു. അധികം വൈകാതെ തന്നെ മറയൂരിനു കിട്ടിയ സരസ്വതിവരമായി അദ്ദേഹം മാറി പെൻഷൻ പറ്റുന്നതു വരെ അദ്ദേഹം സേവനം തുടരുകയും ചെയ്തു.

കഠിനാദ്ധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി ഹൈസ്കൂളിൽ സ്ഥലം അനുവദിച്ചുകിട്ടുകയും കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു. ജനങ്ങളുടെ ഉദാരമായ സംഭാവനയും മനുഷ്യശേഷിയും പരമാവധി പ്രയോജനപ്പെടുത്തി തൽക്കാലിക ഷെഡ് പണിയുകയും വിദ്യാഭ്യാസം സ്വന്തം സ്ഥലത്തേക്ക് മാറ്റുകയും ചെയ്തു. അങ്ങനെ ഒരു ചിരകാല സ്വപ്നം പൂവണിയുകയും ചെയ്തു.

സർക്കാരിൽ നിന്നും പുതിയ കെട്ടിടത്തിനുള്ള ഫണ്ട് അനുവദിക്കുകയും കെട്ടിടം പണി പൂർത്തികരിക്കുകയും ചെയ്തു. നല്ല അന്തരീക്ഷവും പ്രകൃതി മനോഹരമായ സ്ഥവും മറയൂർ ഹൈസ്കൂളിനെ ഒരു സരസ്വതീക്ഷേത്രമാക്കി ആദ്യ S.S.L.C. പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച മറയൂർ. ഗവ: ഹൈസ്കൂൾ വളർച്ചയുടെ പടികൾ കയറി കൊണ്ടേയിരുന്നു.

ഇന്ന് അദ്ധ്യാപകരുടെ കുറവു കൊണ്ടുമാത്രം വിജയശതമാനം 17 ശതമാനമായി മാത്രമായി തുടരുന്നു.

നിർദ്ദേശങ്ങൾ

L.P.S.

1. കെട്ടിടം പണി പൂർത്തിയാക്കുകയും പഴയ കെട്ടിടം പുതുക്കി പണിയുകയും ~~ചെയ്തു~~. ചെയ്യുക
2. ചുറ്റുമതിൽ കെട്ടി സ്ഥലം സുക്ഷിക്കുക
3. പ്രാഥമികാവശ്യത്തിനായി കക്കുസ് മൂത്രപുര എന്നിവയും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുക.
4. ആവശ്യമുള്ള സ്റ്റാഫുകളെ P.S.C. മുഖേന നിയമിക്കുകയും ഇവിടത്തെ പ്രത്യേകത കണക്കിലെടുത്ത് തമിഴ്-മലയാള അദ്ധ്യാപകരെ നിയമിക്കുകയും അവർക്ക് താമസസൗകര്യത്തിനുവേണ്ട കെട്ടിടങ്ങൾ പണിയുകയും ചെയ്യുക.
5. സ്കൂളിൽ ആവശ്യമുള്ള ഫർണിച്ചർ അടിയന്തരമായി അനുവദിക്കുക.
6. നിർധനരായ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളിന് പ്രത്യേക പരിഗണന നൽകി ഉച്ച ഭക്ഷണ പദ്ധതി നടപ്പിലാക്കുക
7. ലാബറട്ടറി സൗകര്യവും ലൈബ്രററി സൗകര്യവും ഉണ്ടാക്കുക.

സെൻറ് മേരീസ് യു.പി.എസ്. മറയൂർ

1. ഈ പ്രദേശത്തെ പെൺകുട്ടികളു~~ ഇന്നതിനെ ലക്ഷ്യമാക്കി~~ ഈ യു.പി.എസ്സ് നെ ഹൈസ്കൂൾ ആയി ഉയർത്തുക. ഇപ്പോൾ 7-ാം ക്ലാസ്സ് വിദ്യാഭ്യാസം കഴിഞ്ഞാൽ അധികം കുട്ടികളും പഠിത്തം അവസാനിപ്പിക്കുകയാണ്. ഹൈസ്കൂൾ ആയി ഉയർത്തുക വഴി ഇത് ഒരു പരിഹാരമാർഗ്ഗമായേക്കില്ല.
2. കുട്ടികളുടെ കലാകായിക കഴിവുകളെ വികസിപ്പിച്ചെടുത്ത് സമൂഹത്തിൽ പ്രയോജനപ്പെടുന്ന വിധത്തിൽ പരിശീലനം നൽകുവാൻ വേണ്ട അദ്ധ്യാപകരെ നിയമിക്കുക.
3. ഹെഡ്മാസ്റ്ററിന്റെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ക്ലർക്കിനെ നിയമിക്കുക.
4. കുടിവെള്ളം, മൂത്രപ്പുര, പഠന ഉപകരണങ്ങൾ ഫർണീച്ചർ എന്നിവ അനുവദിക്കുക.
5. ലൈബ്രറി തുടങ്ങുന്നതിനും പത്രമാസികകൾ വരുത്തുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുക.
6. പുതിയ ഡിവിഷനുകൾ അനുവദിക്കുക.
7. കുട്ടികൾക്കാവശ്യമായ പഠപുസ്തകങ്ങൾ ഏപ്രിൽ മെയ് മാസത്തിൽ വിതരണം ചെയ്യുവാനുള്ള സംവിധാനം നടപ്പിലാക്കുക.
8. 10-ാം ക്ലാസ്സോടെ വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന കുട്ടികൾക്കായി I.T.I., I.T.C. എന്നിവ പഠിക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക വഴി തൊഴിൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.
9. കുട്ടികൾക്ക് വന്ന് പഠിക്കുന്നതിനാവശ്യമായ യാത്ര സൗകര്യം വർദ്ധിപ്പിക്കുക.

സെൻമേരീസ് L.P. സ്കൂൾ പള്ളനാട്

1. കുട്ടികൾക്ക് കുടിവെള്ളം, ക്ലാസ്സുകളിലേയ്ക്ക് വേണ്ട പഠന ഉപകരണങ്ങൾ ഫർണിച്ചർ എന്നിവ അനുവദിക്കുക.
2. സ്കൂളിന് കളിസ്ഥലം നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.
3. സ്കൂൾ കോമ്പൗണ്ട്വാൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുക.
4. ഉച്ചഭക്ഷണത്തിനാവശ്യമായ ധനസഹായം അനുവദിക്കുക.

സെൻറ് മൈക്കിൾ L. P. S. മൈക്കിൾ ഗിരി

1. സ്കൂൾ ഗവ: എയിഡ്ഡ് ആക്കുക തന്മൂലം പഠനനിലവാരം കൂടുതൽ മെച്ചപ്പെടുന്നതാണ്.
2. ലൈബ്രറി, ലാബട്ടറി, പഠന ഉപകരണങ്ങൾ ദൃശ്യശ്രാവ ഉപകരണങ്ങൾ ഫർണിച്ചറുകൾ എന്നിവയ്ക്കാവശ്യമായ ധനസഹായം അനുവദിക്കുക.
3. പുസ്തകം, യൂണിഫോം എന്നിവ സൗജന്യമായി വിതരണം ചെയ്യുക.
4. ഉച്ചഭക്ഷണം സൗകര്യം നടപ്പിലാക്കുക.
5. പുതിയകെട്ടിടം പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
6. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.
7. ഇവിടെ നിന്നും പഠിക്കുന്ന കുട്ടികൾ മറയൂറിലോ, കാന്തല്ലൂരിലോ പോയി പഠിക്കേണ്ടി വരുന്നതിനാൽ അധികം കുട്ടികളും പൊഴിഞ്ഞുപോകുന്നു. ആയതിന് പരിഹാരമായി ഈ സ്കൂളിനെ എയിഡഡ് യു.പി. ആയി ഉയർത്തുക.

പൊതു നിർദ്ദേശങ്ങൾ

1. മറയൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളുടേയും വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് മുഖേന മെറിറ്റ് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
2. എല്ലാ സ്കൂളുകളിലേയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കലാകായിക മത്സരങ്ങൾ നടത്തി വിജയികൾക്ക് പാരിതോഷികം നല്കുക.
3. ഹരിജൻ ഗിരജൻ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി ആൺ കുട്ടികൾക്കും - പെൺകുട്ടികൾക്കും ഹോസ്റ്റൽ നിർമ്മിക്കുക.
4. എല്ലാ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും യാത്രാപഠന സൗകര്യത്തിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.
5. തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.
6. പഞ്ചായത്തിലെ അദ്ധ്യാപകരെ അദ്ധ്യാപക ദിനത്തിൽ (സെപ്റ്റംബർ) ഒന്നിപ്പിച്ചു ~~ആരംഭിക്കുക.~~
7. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാലയങ്ങളുടെ നിലവാരം വിലയിരുത്തി നല്ല വിദ്യാലയം അദ്ധ്യാപകർ, കുട്ടികൾ എന്നിവർക്ക് പുരസ്ക്കാരങ്ങൾ നല്കുക.
8. ~~ഈ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ർ.ണ്ണ. ആരംഭിക്കുവാൻ വേണ്ട നടപടി ഉടൻ സ്വീകരിക്കുക.~~
9. SC, ST വിദ്ധ്യാർത്ഥികൾക്ക് ഗ്രാന്റുകൾ വർദ്ധിപ്പിക്കുക.
10. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള സ്കൂളിൽ കുട്ടികൾക്കു പോകുവാൻ 2 സ്കൂൾ ബസ്സുകളും പഞ്ചായത്തുതലത്തിൽ ഓടിക്കുക.

ഗവ : ഹൈസ്കൂൾ മറയൂർ

1. വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനാവശ്യമായ കെട്ടിടം ഉടനടി പണിയുന്നതിനുവേണ്ടി സാമ്പത്തിക സഹായം അനുവദിക്കുക.
2. ഡിവിഷനുകൾ വർദ്ധിപ്പിച്ച് പഠന സൗകര്യം ലളിതമാക്കുക.
3. ആവശ്യമുള്ള തമിഴ്-മലയാളം അദ്ധ്യാപകരെ അദ്ധ്യായന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ~~ഗ്ലാ.~~ മുഖേന നിയമിക്കുക.
4. അദ്ധ്യാപകർക്ക് താമസ സൗകര്യം ഏർപ്പെടുത്തുക.
5. സ്കൂളിന്റെ പ്രവർത്തന പരിശോധന ത്വരിതപ്പെടുത്തുക
6. സ്പോട്ട്സ് ഗ്രൗണ്ട് പണിയുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുക.
7. ചുറ്റുമതിൽ കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
8. കുടിവെള്ളം, കക്കൂസ് മൂത്രപ്പുര എന്നിവ പണിയുക.
9. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുക.
10. ലൈബ്രറി വിപുലീകരിക്കുക.
11. യാത്ര സൗകര്യം വർദ്ധിപ്പിക്കുക.
12. ഈ സ്കൂളിലെ അദ്ധ്യാപകരെ സെൻസസ് ജോലിയിൽ നിന്ന് ഒഴിവാക്കുക.
13. ഈ സ്കൂളിലെ അദ്ധ്യാപകർക്ക് ഹിൽസ് അലവൻസ് അനുവദിക്കുക.
14. N.C.C., സ്കൗട്ട് തുടങ്ങിയവ ആരംഭിക്കുക, അദ്ധ്യാപകരെ നിയമിക്കയും ചെയ്യുക.
15. ലാബട്ടറി സൗകര്യം വർദ്ധിപ്പിക്കുകയും പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക.
16. കായിക അദ്ധ്യാപകരെ നിയമിക്കുക.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക. എന്ന ലക്ഷ്യം മുൻ നിറുത്തി ഒരു ദൃശ്യ ശ്രാവ്യസങ്കേതത്തിന് രൂപം നൽകണം എല്ലാ സ്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം ഈ കേന്ദ്രത്തിന്റെ അഭിമുഖ്യത്തിൽ പഞ്ചായത്തിലെ തല്പരരായ എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസ - പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹൃസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടേ ആരംഭിക്കണം.

വിദ്യാഭ്യാസ രംഗം ചടുലമാക്കുവാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്കൂൾ കോളേജുകൾക്ക് സംവിധാനം സജീവമാക്കുകയാണ്. വമ്പിച്ച തോതിലുള്ള സാമ്പ ത്തിക സൗകര്യങ്ങളില്ലാതെ ബഹു ജന പങ്കാളിത്തത്തോടെ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമം ആരംഭിക്കേണ്ടതാണ്.

മുഖ്യമായും വിദ്യാലയങ്ങളിലെ പാരമ്പര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിപ്പിക്കുകയും അതു വഴി പഠന പ്രവർത്തനത്തിലേയ്ക്ക് അവരെ നയിക്കുകയുമാണ് വേണ്ടത് സ്കൂൾ പാർലമെൻറുകൾ, ക്വാർട്ടകൾ, ക്ലബുകൾ, സാഹിത്യ സമാജങ്ങൾ, കൈയെഴുത്ത് ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറിതോട്ടങ്ങൾ കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

മാസാന്തപരീക്ഷകളും മാതൃസംഗമങ്ങളും ക്ലാസ് ~~ഗ്ലാസ്സ്.~~ കളും എല്ലാം ഒത്തു ചേർന്നാൽ തീർച്ചയായും നാം പരിതപ്പിക്കുന്ന വിദ്യാഭ്യാസമേഖലയിലെ ശോച്യാവസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യാനാവും.

കുടിവെള്ളവും പൊതു ജനാരോഗ്യവും

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം. ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും മധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ.

മറയൂർ പഞ്ചായത്തിൽ ഏറ്റവുമധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന ഒരു സംഗതിയാണ് കുടിവെള്ള പ്രശ്നം നിലവിൽ പഞ്ചായത്തിലുള്ള സംവിധാനം തീരെ അപര്യാപ്തമാണ്. 34 വർഷം മുമ്പ്, അന്നത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രം നിർമ്മിച്ച ടാങ്കുകളും പൈപ്പുകളും മാത്രമാണിപ്പോഴുമുള്ളത്. ജനസംഖ്യയിലുണ്ടായ 5 ഇരട്ടി വർദ്ധനവ് കുടിവെള്ളപ്രശ്നം രൂക്ഷമാക്കി. ജനങ്ങളുടെ ആവശ്യത്തിനുള്ള ജലത്തിന്റെ നാലിലൊന്നു പോലുമാകുന്നില്ല, നിലവിലുള്ള സൗകര്യങ്ങൾവെച്ച് നോക്കുമ്പോൾ ജലത്തിന്റെ ലഭ്യത. ഉള്ള ടാങ്കുകളുടെ ഉപയോഗം പഞ്ചായത്തിന്റെ രണ്ടു വാർഡുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ബാക്കിയുള്ള വാർഡുകളിൽ കുടിവെള്ളത്തിനായി നീരുറവ ആശ്രയിക്കുകയാണ് ജനങ്ങൾ. ആ നീരുറവകളാകട്ടെ വീടുകളിൽ നിന്നും കിലോ മീറ്ററുകൾ അകലത്തിലാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിലും, സർക്കാർ തലത്തിലും നിർമ്മിച്ച കിണറുകൾ ഇന്ന് ഉപയോഗശൂന്യമാണ്. ഉപയോഗയോഗ്യമായവ ഇന്ന സ്വകാര്യ വ്യക്തികളുടെ അധീനതയിലുമാണ്. ഇത്തരം പ്രശ്നങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ സവിനയം സമർപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ മൊത്തം 8 വാർഡുകളാണുള്ളത്. 8 വാർഡുകളിൽ 2 വാർഡിൽ പൂർണ്ണമായും അധിവസിക്കുന്നത് ആദിവാസികളാണ്. ടി വാർഡുകൾ 4, 7 മാണ്. 10,000/- അധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ വിപുലമായ നടപടികൾ കൊണ്ടു മാത്രമേ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയൂ.

വാർഡ് - I

T R B കനാലിൽ നിന്നും വെള്ളം ശേഖരിച്ച് ടാങ്കുകളിലാക്കി ശുദ്ധീകരിച്ച് കുടിവെള്ളമാക്കി, ചെറുവാട് കൂടി, മൈക്കിൾ ഗിരി കുടിക്കും, ആനയ്ക്കാൽപ്പെട്ടി 22 ഏക്കർ കുടിഭാഗം ചന്നവര എന്നീ സ്ഥലങ്ങളിൽ G I പൈപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തുക. ചെറുവാടുകൂടിയിലുള്ള കിണറിന്റെ അറ്റകുറ്റപണികൾ നടത്തുകയും കാലാകാലങ്ങളിൽ ശുദ്ധീകരണം നടത്തുന്നതിന്, നടപടി എടുക്കുകയും വേണം. കൂടാതെ മേൽപ്പറഞ്ഞിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഓരോ പൊതു കിണറുകളും അനുയോജ്യമായ സ്ഥലത്ത് ബോർമെൽ എന്നിവയും സ്ഥാപിക്കേണ്ടതാണ്.

വാർഡ് II

a. നാച്ചിവയൽ:

നാച്ചിവയലിലെ ജനങ്ങൾ കുടിവെള്ളത്തിനായി പൂർണ്ണമായും ആശ്രയിക്കുന്നത് മേലാടി ആറ്റിനെയാണ്. നിലവിലുള്ള സംവിധാനം കേടുപാടുകൾ തീരത്ത് നൽകുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മേലാടിയിലെ ടാങ്കിന്റെ സംഭരണ ശേഷി കൂട്ടി അനുയോജ്യമായ സ്ഥലത്ത് മാറ്റി നിർമ്മിക്കുക. നാച്ചവയലിൽ പള്ളിയുടെ സ്ഥാനത്തും, അമ്പലത്തിന്റെ സ്ഥാനത്തും കിണറുകളും ബോർവെല്ലുകളും സ്ഥാപിക്കുക.

b. പള്ളനാട്:

പള്ളനാടിന്റെ മുകൾ ഭാഗത്ത് അടുക്കു കല്ലു തേരിയാറിൽ നിന്നും ടാങ്കുകളിൽ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമാക്കി പള്ളനാട് ഭാഗത്ത് വിതരണം നടത്താൻ സംവിധാനം ഉണ്ടാക്കണം. നിലവിലുള്ള കിണർ അറ്റകുറ്റപണി നടത്തി വെള്ളം ശുദ്ധീകരിച്ച് നൽകാൻ നടപടിയുണ്ടാകണം. പള്ളനാട് പാലത്തിന്റെ സമീപത്തായി ഒരു ബോർവെല്ലും, N. M. L. P. S നടുത്ത് ഒരു ബോർവെല്ലും ഉണ്ടാക്കണം. പുളിക്കരവയൽ ഭാഗത്ത് അരുവിയിൽ നിന്നും വെള്ളം ശേഖരിച്ച് ടാങ്കുകളിൽ ശുദ്ധീകരിച്ച് കുടിവെള്ളമാക്കി നൽകാൻ സംവിധാനം ഉണ്ടാക്കണം.

c. മേലാടി:

നിലവിലുള്ള വാട്ടർ ടാങ്കുകൾ കേടുപാടു തീർത്ത് കുടിവെള്ള വിതരണം സുഗമമായി നടപ്പിലാക്കുക. നാഗർപള്ളം, ആലത്തൂർ മാശി എന്നിവിടങ്ങളിൽ പൈപ്പ് കണക്ഷൻ നീട്ടുക. ഊരുവാസൽ, നാഗർപള്ളം, ആലത്തൂർ മാശി ഭാഗങ്ങളിൽ ആവശ്യമായ കിണറുകൂം കുഴിക്കുക.

വാർഡ്-III

സർക്കാർ അനുവദിച്ച ഒരു കോടി 19 ലക്ഷം രൂപയുടെ പദ്ധതി എത്രയും വേഗം നടപ്പിലാക്കിയാൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. മാശിവയൽ, പോലീസ് സ്റ്റേഷൻ സമീപം, കുമ്മിട്ടാംകുഴി, പള്ളിക്കവല, കോട്ടക്കുളം, അഞ്ചാൽഭാഗം, കോച്ചാരം എന്നീ ഭാഗങ്ങളിൽ കിണറുകളും കൂടവയലിൽ ബോറിംഗ് പൈപ്പുകളും നിർമ്മിക്കു. മാശിവയൽ, പതച്ചിവയൽ, കോളനി, ഹൈസ്ക്കൂൂ ജംഗ്ഷൻ എന്നീ പൊതു കിണറുകൂം അടിയന്തിരമായി അറ്റകുറ്റപണി തീർത്ത് ശുദ്ധീകരിച്ച് പൊതുജനങ്ങൾക്ക് യഥേഷ്ടം കുടിവെള്ളം ശേഖരിക്കുന്നതിന് നടപടിയെടുക്കണം. ടി കിണറുകൂം പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതയിലാക്കുക. കുമ്മിട്ടാംകുഴിയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം 10 ആക്കി ഉയർത്തുക. കുടിവെള്ളം കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്നത് തടയുക. കുടിവെള്ളവിതരണം നല്ലനിലയിൽ നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുക. കുടിവെള്ളത്തിന്റെ മേൽനോട്ടം പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതയിലാക്കുക. III-ാം വാർഡിലെ പഞ്ചായത്ത് റോഡിലും പൈപ്പുലൈനിട്ട് പൊതുടാപ്പുകൂം ഇടേണ്ടതാണ്.

വാർഡ്-IV

കർപ്പൂരകുടിമുതൽ തായണ്ണൻ കുടിവരെയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട മുതുവാൻമാർ താമസിക്കുന്ന വാർഡാണ് 4. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൊതുവായ ഒരു മാർഗ്ഗം സ്വീകരിക്കുന്നതിനു പകരം അതതു കുടികളിൽ സമീപത്തുള്ള ആറുകളിൽ നിന്നും, നീരുറവകളിൽ നിന്നും വെള്ളം ശേഖരിച്ച് ടാങ്കുകളിലാക്കി ശുദ്ധീകരിച്ച് G. I. പൈപ്പ് ഇട്ട് വിതരണം നടത്തേണ്ടതാണ്. എല്ലാ കുടികളിലും കിണറുകൾ നിർമ്മിക്കേണ്ടതാണ്.

താഴെ പറയുന്ന കിണറുകളാണ് 4-ാം വാർഡിലുള്ളത്.

1. കർപ്പൂരക്കുടി
2. ഇടുമ്പൻ കാട്ടുകുടി
3. കവക്കുടി.
4. കുത്തുകൽകുടി
5. പെരിയ കുടി
6. കമ്പിളിപ്പാറകുടി
7. നെല്ലിപ്പെട്ടികുടി
8. വേങ്ങാം പാറകുടി

9. കറവാളൻ കുടി
10. ഉഞ്ചാൽ പാറകുടി (പീൽപുലയ)
11. ഇരുളക്കുടി
12. പുതക്കുടി
13. മാവേലിക്കുടി (വെള്ളക്കൽ കുടി)
14. ഒരിക്കുടി,
15. തായണ്ണൻ കുടി

വാർഡ് - V

മറയൂർ ഗ്രാമത്തിനു സമീപത്തായി കാണുന്ന നീരുറവയിൽ നിന്നും വരുന്ന വെള്ളം ടാങ്കുകളിൽ ശേഖരിച്ച് ശുദ്ധീകരിച്ച് പരിസരഭാഗങ്ങളിൽ വിതരണം നടത്തുന്ന കൂടക്കാട്, കമ്മാളൽ കുടി, ഊഞ്ചാൽ പാറ ആറിൽ നിന്നും വെള്ളം ടാങ്കുകളിൽ ശേഖരിച്ച് ശുദ്ധീകരിച്ച് G. I. പൈപ്പിൽ വിതരണ സംവിധാനം ഉണ്ടാക്കണം. മറയൂർ ഗ്രാമത്തിലെ പൊതു കിണർ അറ്റകുറ്റ പണികൾ തീർത്ത് ശുദ്ധീകരിക്കുക, മറയൂർ ഗ്രാമത്തിൽ ബോർവെൽ സ്ഥാപിക്കുക. പൊതു ടാപ്പുകൾ 6 എണ്ണം സ്ഥാപിക്കുക.

വാർഡ് - VI

പുതച്ചവയലിലെ കിണർ അറ്റകുറ്റ പണി തീർത്ത് ജനക്ഷേമകരമാക്കുക. പുന്നക്കര, പട്ടിക്കാട് താഴ്ഭാഗം, മുകൾഭാഗം, ചില്ലറ പാറ പുതച്ചിവയൽ എന്നിവിടങ്ങളിൽ കിണറുകളും ബോർവെല്ലുകളും പണിയുക, നിലവിലുള്ള കുടിവെള്ള സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുകയും, കൂടുതൽ പൊതു ടാപ്പുകൾ അനുവദിക്കുകയും ചെയ്യുക. U. P. S. ചാനലിന്റെ അടിവശത്തു താമസിക്കുന്നവർക്കായി ഒരു പൊതു കിണർ സ്ഥാപിക്കുകയും പൈപ്പ് ലൈനുകൾ നീട്ടി പൊതു ടാപ്പുകൾ നൽകുകയും ചെയ്യുക.

വാർഡ്-VII

പുറവയൽ, കരിമുടി, ഈച്ചാംപെട്ടി, ആലാംപെട്ടി എന്നീ ഹിൽ പുലയ ആദിവാസി കോളനികളിൽ ചെമ്മണ്ണു കുഴി, മേൽ കറിമുട്ടി എന്നിവ ചേർന്നതാണ് ഈ വാർഡ്. നാല് ആദിവാസി കുടികളിലും നിലവിലുള്ള കുടിവെള്ള സൗകര്യം കൂടുതൽ മെച്ചപ്പെടുത്തി നൽകുക. ഈച്ചംപ്പെട്ടികുടിയിലെ നിലവിലുള്ള ഓസിനു പകരം G. I. പൈപ്പ് ഇടുക. നിലവിലുള്ള കിണറിന്റെ അറ്റകുറ്റപണികൾ നടത്തുക. മേലൂരിലും കീഴൂരിലും കിണറുകൾ നിർമ്മിക്കുക. പുറവയലിൽ അരുവിത്തുറ നിന്നുമുള്ള ഓസ് മാറ്റി G. I. പൈപ്പ് ഇടുക. കരിമുട്ടി കുടിയിലുള്ള ടാങ്ക് പൊളിച്ചു പണിയുക, കിണർ കുഴിയ്ക്കുക, ഉടയമ്മ വയലിൽ നിന്നും G. I. പൈപ്പ് ഇട്ട് കരിമുട്ടി കുടിയിൽ വെള്ളമെത്തിക്കുക. മേൽ കരിമുട്ടിയിലെ കിണർ പഞ്ചായത്തിന്റെ അധീനതയിലാക്കി സംരക്ഷിക്കുക. G. I. പൈപ്പ് ഇട്ട് ചെമ്മൺ കുഴിയിൽ കുടിവെള്ളമെത്തിക്കുക. ബാബു നഗറിലേക്ക് പോകുന്ന പൈപ്പിൽ നിന്നും മൂന്നു ടാപ്പുകൾ മേൽകരിമുട്ടിയിൽ ഇടുക.

വാർഡ് - VIII

കോരക്കടവ് രാജീവ് ഗാന്ധി ദശലക്ഷം വീട് കോളനി, ബാബുനഗർ, പെരിയപെട്ടി, പത്തുവീട് കോളനി, മറയൂർ പട്ടം കോളനി, കറുപ്പൻ കോളനി, കോട്ടക്കുളം ഹൈസ്കൂൾ മേഖല എന്നിവിടങ്ങളിൽ കിണറുകളും, ബോർവെല്ലുകളും നിർമ്മിക്കുക. നിലവിലുള്ള കിണറുകളുടെ അറ്റകുറ്റ പണി നടത്തുക. പുറവയൽ ആറ്റിൽ നിന്നും ചെക്ക് ഡാം കെട്ടി വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ഹൈസ്കൂൾ ഭാഗം വരെ G. I. പൈപ്പിട്ട് വിതരണം ചെയ്യുക.

മറയൂർ പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കണമെങ്കിൽ സർക്കാർ അനുവദിച്ച ഒരു കോടി 19 ലക്ഷം രൂപയുടെ പദ്ധതി ഉടനടി നടപ്പിൽ വരുത്തുകയും ടാങ്കു നിർമ്മിക്കുവാൻ ഫോറസ്റ്റിൽ നിന്നും സ്ഥലം വിട്ടുകിട്ടുവാൻ നടപടി സ്വീകരിക്കുക. കുടിവെള്ളത്തിന്റെ ചുമതല പഞ്ചായത്ത് ഏറ്റെടുക്കുകയും ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.

മൂന്നാർ പഞ്ചായത്തിന്റെ തലയാർ മുതലുള്ള ജനങ്ങളും മറയൂർ - കാന്തല്ലൂർ പ്രദേശങ്ങളിലെ ജനങ്ങളും മറയൂർ ഗവ. ആശുപത്രിയിലാണ് ചികിത്സയ്ക്ക് എത്തുന്നത് 75 കി. മീ. ചുറ്റളവിൽ ചികിത്സാസൗകര്യമുള്ള ആശുപത്രികൾ ഇല്ലാത്തതിനാൽ മറയൂർ ഗവ: ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും ആധുനിക ചികിത്സാസൗകര്യമുള്ള ആശുപത്രിയായി ഗ്രേഡ് ഉയർത്തുക.

കൂടാതെ, ഇരുട്ടുമല്ലി, കൂടാനാട്, ഇലുട്ടുമല്ലിക്കുടി എന്നിവിടങ്ങളിൽ സബ്സെന്റർ ആരംഭിക്കുക. വനിതകളുടെ വന്ധീകരണ ശസ്ത്രക്രിയക്കുള്ള തുക പഞ്ചായത്ത് വർദ്ധിപ്പിക്കുക.

ആരോഗ്യം

മറയൂർ പഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും ആദിവാസികളും പട്ടികജാതിക്കാരുമാണ്. ആരോഗ്യകാര്യങ്ങളെ കുറിച്ചുള്ള അജ്ഞത മൂലം പകർച്ചവ്യാധികൾ പോലുള്ള അസുഖങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ നല്ല രീതിയിലുള്ള ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

മറയൂർ ഗവ: ആശുപത്രിയുടെ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിച്ച് രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ഡോക്ടർമാരെ സ്ഥിരമായി നിയമിക്കുകയും ചെയ്യുക. കൂടാതെ, ഒരു ലേഡീ ഡോക്ടറെയും ആവശ്യമായ സ്റ്റാഫിനെയും, മരുന്നുകളും ആശുപത്രി ഉപകരണങ്ങളും ലാബ് സൗകര്യവും ഏർപ്പെടുത്തുക.

Staff List of PHC Marayoor

Sl.No	Catagory	No in position	Vacant
1.	Medical Officer	1	1
2.	Pharmacist	1	Nil
3.	Staff Nurse	1	Nil
4.	Clerk	1	Nil
5.	Lab Technician	Nil	1
6.	Driver	1	Nil
7.	Nursing Assistant	1	1
8.	Hospital attendent Gr II	2	Nil
9.	PTS	Nil	1
10	Health Inspector	1	2
11.	Lady Health Inspector	Nil	
12.	IS P. H. N.	5(2 Vattavada)	Nil
13	Ie H. I	(4(2 Vattavada)	Nil

PHC മറയൂരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകൾ

Sub centre (section)	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്
Main Centre		
Babu Nagar		കെട്ടിടം ഇല്ല
Nachivayal	കെട്ടിടം ഉണ്ട്	
രണ്ടു centre കൂടി	വട്ടവട പഞ്ചായത്തിൽ	പ്രവർത്തിക്കുന്നു

സബ് സെൻറർ ഇല്ലാത്ത സ്ഥലങ്ങളിൽ സബ് സെൻറർ നിർമ്മിക്കുന്നതിന് നടപടി ഉണ്ടാക്കണം. കൂടാതെ പള്ളനാട്, കുടക്കാട് എന്നീ സ്ഥലങ്ങളിൽ പുതിയതായി സെൻറർ നിർമ്മിക്കണം. ആശുപത്രിയിൽ ലാബ് സൗകര്യം ഏർപ്പെടുത്തണം. കൂടാതെ മോർച്ചറിയും ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടി എടുക്കണം. പകർച്ച വ്യാധികൾ തടയുന്നതിന് ഫീൽഡ് സ്റ്റാഫ് കൂടുതൽ ശ്രദ്ധിക്കണം.

മറയൂർ പഞ്ചായത്തിലെ ജനന മരണ നിരക്കുകൾ

വർഷം	ജനനം	മരണം
93 - 94	154	56
94 - 95	170	52
95 - 96	172	39

ഗവ. ആയൂർവേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് കൊടുക്കണം, ആയൂർ വേദ ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫും മരുന്നും ഉണ്ടാകാൻ നടപടിയെടുക്കണം. ഔഷധ സസ്യങ്ങൾ സംരക്ഷിക്കുകയും സിദ്ധ വൈദ്യശാല ആരംഭിക്കുകയും വേണം.

സൗജന്യ മെഡിക്കൽ ക്യാമ്പുകൾ പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നടത്തണം. എല്ലാ ആദിവാസി കുടികളിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. കുളങ്ങളിലും കിണറുകളിലും വെള്ളം ശുദ്ധീകരിക്കുന്നതിന് പ്രൈമറി ഹെൽത്ത്സെൻററിൽ നിന്നും ബ്ലീച്ചിംഗ് പൗഡർ സൗജന്യമായി നൽകണം. ലൈസൻസിൻെറ അടിസ്ഥാനത്തിൽ മാത്രം കശാപ്പുശാലകൾ അനുവദിക്കുകയും ആയത് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുക. അഴുകിയ മീൻ വിൽപ്പന നടത്തുന്നത് കർശനമായി നിരോധിക്കണം.

ഈ പഞ്ചായത്തിൽ ഒരു ആയൂർവേദ ആശുപത്രി പ്രവർത്തിച്ചുവരുന്നു. ഒരു ഡോക്ടറും മൂന്ന് സ്റ്റാഫുകളും സേവനം അനുഷ്ഠിക്കുന്നു.

തണുപ്പ് അധികമുള്ള ഈ പ്രദേശത്തെ ജനങ്ങളുടെ ഏക ആശ്രയ കേന്ദ്രമാണ് ഈ ആയൂർ വേദ ആശുപത്രി. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭിക്കാറില്ല എന്നത് ദുഃഖകരമാണ്. ഒരു വർഷം ആറായിരം (6000/-) രൂപയുടെ മാത്രം മരുന്നുകളാണിവിടെ അനുവദിച്ചിട്ടുള്ളത്. ഇത് ഒട്ടും പര്യാപ്തമല്ല.

നിർദ്ദേശങ്ങൾ

1. സ്ഥിരമായി ഡോക്ടറെ നിയമിക്കുക.
2. ചികിത്സക്കുള്ള മരുന്നുകളുടെ കോട്ടാ 50,000/- രൂപയായി വർദ്ധിപ്പിക്കുക.
3. ചികിത്സാ ഉപകരണങ്ങളും മരുന്നുകൾ ഉണ്ടാക്കുന്നതിനുള്ള പാത്രങ്ങളും വിതരണം ചെയ്യുക.
4. ആയൂർവേദാശുപത്രിയിൽ ഉണ്ടാക്കുന്ന മരുന്നുകൾക്കാവശ്യമായ ഇന്ധനം ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ഗ്രാമ പഞ്ചായത്തു മുഖേന ആക്കുക. (വിറകിനുള്ള പണം)
5. ആശുപത്രിക്കായി അക്വയർ ചെയ്ത സ്ഥലത്ത് എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിടം പഞ്ചായത്തിൽ നിന്നും നിർമ്മിക്കുക.
6. ആയൂർവേദ ചികിത്സയെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംഘടിപ്പിച്ച് പൊതു ജനങ്ങളിൽ ബോധവൽക്കരണം നടപ്പിലാക്കുക.
7. പഞ്ചകർമ്മ ചികിത്സാ പദ്ധതികൾക്കാവശ്യമായ സൗകര്യങ്ങളും ഉപകരണങ്ങളും ഫർണീച്ചറുകളും അനുവദിക്കുക.

പരിസര ശുചീകരണം

കുളങ്ങൾ, കിണറുകൾ എന്നിവ മലിനമാക്കുന്നത് നിയമം മൂലം കർശനമായി തടയുക. ചപ്പ് ചവറുകൾ നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം. എല്ലാ വീടുകൾക്കും കക്കൂസ് സൗജന്യമായി അനുവദിച്ചു നൽകണം. (അർഹരായവർക്ക്)

പേപ്പർ മില്ലിൽ നിന്നും കൃഷി സ്ഥലങ്ങളിലേക്ക് ഒഴുകിവരുന്ന മലിന ജലംകൃഷിയെ ബാധിക്കാത്ത വിധം നിയന്ത്രിക്കുക. പൊതു സ്ഥലങ്ങളിൽ വെള്ളം കെട്ടികിടക്കാതെ നടപടിയെടുക്കുക. ബാബു നഗർ കോളനി റോഡിൽ വർക്ക് ഷോപ്പിനോടു ചേർന്ന ഭാഗത്ത് വെള്ളം കെട്ടികിടക്കാതെ അവിടെ കൾവർട്ട് നിർമ്മിക്കുക. എല്ലാ ഗ്രാമങ്ങളിലും അഴുക്കു ചാലുകൾ ഉണ്ടാക്കുക. കുമ്മിട്ടാം കുഴിയിൽ കൂടുതൽ കക്കൂസ് ഉണ്ടാക്കുകയും വെള്ളം ഒഴുകി പോകുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. എല്ലാ ഭാഗത്തും കുപ്പതൊട്ടികൾ സ്ഥാപിക്കുക. അതിലെ ചവറുകൾ നീക്കം ചെയ്യാൻ സ്ഥിരമായി സംവിധാനമുണ്ടാക്കുക. അലർജി രോഗത്തിന് കാരണമായ പാർത്തോനിയം ചെടി നശിപ്പിക്കുന്നതിന് നടപടി എടുക്കുക, ആധുനിക രീതിയിലുള്ള കംഫർട്ട് സ്റ്റേഷൻ മണ്ണാരപ്പെട്ടിയിൽ പണിയുകയും അതു നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകാനുള്ള നടപടി എടുക്കുകയും ചെയ്യുക. അറവു ശാലകൾക്കും മത്സ്യ വ്യാപാരത്തിനും പഞ്ചായത്ത് പ്രത്യേക സ്ഥലം ഏർപ്പെടുത്തുക. കൊതുകു നിവാരണത്തിന് പഞ്ചായത്തു തലത്തിൽ നടപടി എടുക്കുക. പഞ്ചായത്ത് റോഡുകളിലെല്ലാം അഴുക്കു ചാലുകൾ നിർമ്മിക്കുകയും വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ.

1. യോഗ കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലന കേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായകമാകും.

2. വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസീകപരവുമായി ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

3. ഹെൽത്ത്കാർഡ് സംവിധാനം.

ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് 'ഹെൽത്ത് കാർഡ് സംവിധാനം'. ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം, വേഗത്തിലും കുറ്റമറ്റതാക്കാനും സഹായിക്കും.

ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ഒരുമിച്ച് ഇതു നടപ്പിലാക്കാവുന്നതാണ്. രക്ത ഗ്രൂപ്പു തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാ കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

കാലഹരണപ്പെട്ട നിയമങ്ങൾ

പ്രയാഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ, കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്ട് എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി ആരോഗ്യരംഗത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമ നിർമ്മാണങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പാരമ്പര്യ വൈദ്യമേഖല

വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നു കിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. ഏതാനും കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു. മഞ്ഞപ്പിത്ത ചികിത്സാ രംഗത്ത് സേവനം നൽകുന്ന ആനയ്ക്കാൽപ്പെട്ടിയിലുള്ള ടി. ജെ. അബ്രഹാം (മത്തായി പാപ്പൻ) തുടങ്ങിയവരുടെ സേവനം പ്രസ്താവ്യമാണ്.

പഞ്ചായത്തുവാസികളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാനും പുകവലി, മയക്കുമരുന്ന്, പുകയില കൂട്ടിയുള്ള മുറുക്ക്, മദ്യപാനം എന്നിവ പ്രചരണ ബോധവത്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെ കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക. നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുക വളി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാ നേത്രബാങ്കുമായ ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യം അർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ ശുചിത്വഗ്രാമം ആരോഗ്യഗ്രാമം എന്ന സ്വപ്നം യഥാർത്ഥമാക്കി മാറ്റുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

○

ഗതാഗതവും ഊർജ്ജവും മാർക്കറ്റും

ജനശക്തിയാണ് നാടിന്റെ ഭാവിനിർണ്ണയിക്കുന്നത്. അതു തന്നെയാണ് പുരോഗതിയുടെ അടിത്തറയും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക്. തിരിച്ചറിഞ്ഞവരായിരുന്നു. നമ്മുടെ പൂർവ്വികർ ഈ തിരിച്ചറിവിന്റെ പരിണാമമായിരുന്നു. റോഡുകളുടെ നിർമ്മാണം.

തമിഴ് നാടിന്റെയും കേരളത്തിന്റെയും അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മറയൂർ ഗ്രാമപഞ്ചായത്ത് വർഷങ്ങൾക്ക് മുമ്പുള്ള രണ്ട് സ്റ്റേറ്റുകളേയും, തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് കണ്ണൻദേവൻ മലകളിൽ തേയിലകൃഷി നടത്തിയ വിദേശികൾ നിർമ്മിച്ചതാണ്. ഇടമല-മൂന്നാർ റോഡ്, അവയെല്ലാം ഇപ്പോഴും ബ്രിട്ടീഷ് രീതിയിൽ പണിത പാലങ്ങളും ചരിത്രാവശിഷ്ടങ്ങളായി നിലകൊള്ളുന്നു. മലഞ്ചെരിവിൽ കൂടി വളഞ്ഞുപുളഞ്ഞ് പോകുന്ന റോഡുകൾ വീതികുറവിന്റെയും കൊടും വളവിന്റെയും പേരിൽ അപകടങ്ങൾ ഉണ്ടാക്കുന്നത് നിത്യസംഭവമാണ്.

കാട്ടുമൃഗങ്ങളോടും മലമ്പനിയോടും കൊടുംതണപ്പിനോടും മല്ലടിച്ച് ജീവൻ ബലികഴിച്ച് പണിതറോഡ് തന്നെ ഇന്നും സ്റ്റേറ്റ് ഹൈവേയായി നിലകൊള്ളുന്നു.

ഈ പഞ്ചായത്തിലെ റോഡ് ശൃംഖലസാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലങ്ങളിൽ മിക്കറോഡുകളും ഇടിഞ്ഞുപോകുകയും തകർച്ചകൾ ഉണ്ടാകുകയും ചെയ്യുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിന് കാരണം ആവശ്യത്തിന് ഫണ്ട് ഇല്ലായ്മ എല്ലാ വികസനപ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാണ്.

റോഡ് നിർമ്മാണം

1. നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. റോഡുകളുടെ ഗുണനിലവാരം ഇല്ലായ്മ, മികച്ചയാത്രാസൗകര്യത്തിന് അനുയോജ്യമായവിധം റോഡുകൾ മെച്ചപ്പെടുത്തുക. അപകടകരമായ വളവുകൾ റോഡിന്റെ വീതിക്കുറവ് പാർശ്വങ്ങളിൽ നടപാതയില്ലായ്മ പാർശ്വങ്ങളിലെ ഓടകൾ ഉണ്ടാക്കുക എന്നീ വിഷയങ്ങൾ പിഗണിക്കപ്പെടേണ്ടതാണ്.

2. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള റോഡുകളുടേയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയിട്ടുള്ളതാണ്. പൊട്ടിപൊളിഞ്ഞും താറുമാറായികിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുക എന്നതും പ്രധാനപരാതിയാണ്. മെറ്റൽ ഇടാനും ടാർചെയ്യാനുമുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട് ഇടറോഡുകളുടെ കണക്കുകൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

3. ഉയർന്നപ്രദേശങ്ങളിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്ക് റോഡ് നിർമ്മിക്കുന്നതിന് പ്രധാനതടസ്സം വനവകുപ്പും വന്യമൃഗസംരക്ഷണവകുപ്പുമാണ്. മലമുകളിൽ കഴിയുന്ന ആദിവാസികൾക്ക് ടൗണുമായി ബന്ധപ്പെടുന്നതിന് റോഡുകൾ ഉണ്ടാക്കുന്നതിന് മനുഷ്യത്വപരമായ കാരണങ്ങളാൽ വനംവകുപ്പ് നിയമത്തിൽ മാറ്റം വരുത്തേണ്ടത് ആണ് അത്യാവശ്യമാണ്.

റോഡ് വികസനം.

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായി തീരാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ചുള്ള വിവരം വസ്തുനിഷ്ഠമല്ല.

വിവിധതരം റോഡുകൾ

ചുരുങ്ങിയത് 10 അടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്നു വിളിക്കും. ഇവ മൂന്നുതരത്തിലുണ്ട് ടാർ റേഡ്, മെറ്റൽ റോഡ്, മൺ റോഡ് എന്നിവ. അവയുടെ ശൃംഖലയെ റോഡ് ശൃംഖല എന്നുവിളിക്കും. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണം അനുവദിക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടുത്തിട്ടുള്ളതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ കാണുന്നത് നന്നായിരിക്കും. അതിരുകൾ വർദ്ധിപ്പിക്കുവാനും അടങ്കൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

റോഡ് പട്ടികകൾ

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായ ഘടനയാലും കാര്യക്ഷമമായി സൂക്ഷിക്കേണ്ടതും റോഡുകളുടെ വികസനപ്രവർത്തനത്തിൽ അടിസ്ഥാനമായി പരിഗണിച്ചുകൂടാനാവാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ള P.W.D പഞ്ചായത്ത് ടാർ റോഡുകൾ മൺറോഡുകൾ എന്നിവയുടെ അധികാരിക പട്ടിക സൂക്ഷിക്കേണ്ടത് അത്യാവശ്യ റോഡുകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

പരിസ്ഥിതിക പ്രശ്നങ്ങളും തടസ്സങ്ങളും

ഉടുമലമൂന്നാർ റോഡിന്റെ വികസനപ്രശ്നം നടക്കുന്നുണ്ടെങ്കിലും റോഡിനിരുവശം നില്ക്കുന്ന വന്മരങ്ങൾ വെട്ടിമാറ്റാത്തതിനാൽ പലപ്പോഴും പ്രകൃതിക്ഷോഭത്താൽ കടപുഴകിവീണ് റോഡിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു. വനംവകുപ്പിന്റെ പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുക്കാതെ വെട്ടിമാറ്റുവാൻ വേണ്ടനടപടി എടുക്കേണ്ടതാണ്.

ജനകീയപദ്ധതിയും ജനശക്തിയും.

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പണത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെയും ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാകണം. നമ്മുടെ പഞ്ചായത്തിൽ ശ്രമദാനത്തിനുവേണ്ട സന്നദ്ധസംഘടനകളെ വളർത്തേണ്ടത് അത്യാവശ്യമാണ്.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ (നിർദ്ദേശങ്ങൾ)

1. കരമുട്ടി-കോരക്കടവ് റോഡ് - 2 K.M
2. പള്ളനാട്-കർപ്പൂരക്കുടി റോഡ് - 2 K.M
3. നാഗർപള്ളം-നാച്ചുവയൽ റോഡ് - 2 K.M
4. ആലത്തൂർമാശി-അക്കരശീമ റോഡ് - 600 M. T.
5. കോളനി-കോട്ടക്കുളം-തിട്ടവയൽ - 800 M. T.
6. ആനക്കൽപ്പെട്ടി-ചിന്നവര റോഡ് - 1.600
7. [illegible]-പെരിയാപ്പെട്ടി റോഡ് - 1.400
8. കരിമുട്ടി ട്രൈബൽ കോളനി - 400
9. കോവിൽക്കടവ് - പുങ്ങംപുള്ളി റോഡ് - 1.400

ഫോറസ്റ്റിൽ കുടിവെട്ടിയിരിക്കുന്ന താഴെ വിവരിച്ചരിക്കുന്ന റോഡുകൾ ആദിവാസികളുടെ ക്ഷേമത്തിനും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനുമായി തുറന്നു കൊടുക്കേണ്ടത് അത്യാവശ്യമാണ്. ആയതിന് വേണ്ട സത്വര നടപടി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

1. മറയൂർ - കൂടക്കാട് റോഡ് - 2800
2. മറയൂർ - പോത്തടി റോഡ് - 3400
3. പുളിക്കര വയൽ - കർപ്പൂരക്കുടി - 2400
4. [illegible] നാച്ചുവയൽ റോഡ് - 2300

നിലവിലുള്ള റോഡുകൾ

	പേര്	പാലം	നടപ്പാലം
1.	ചെറുവാട് പാലം	"	--
2.	മൈക്കൾ ഗിരി പാലം	--	"
3.	നാച്ചുവയൽ പാലം	"	--
4.	കവകുടി പാലം	--	"
5.	കൂടക്കാട് പാലം	--	"
6.	സ്വാമിയാർ അളപാലം		
7.	[illegible]പെട്ടി പാലം		
8.	പുറവയൽ - തലമാറകുൾ		

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

		പാലം	നടപ്പാലം
1.	ആനക്കാൽ പെട്ടിപ്പാലം	-	-
2.	നാച്ചുവയൽ ചെറുവാട്	-	-
3.	പള്ളനാട് - ചിന്നവര	-	-
4.	മംഗളം പാറ	-	-
5.	കൂടവയൽ നാഗർ പള്ളം	-	-
7.	നെല്ലിപെട്ടി കൂടക്കാട്	-	-
8.	കുത്തുകൽ - കൂടമാൻ കുടി	-	-
9.	നാച്ചുവയൽ ഓടപ്പാലം	-	-
10.	കോരക്കടവ് പാലം	-	-
11.	കൊല്ലം പാറ പാലം.	-	-
12.	കുമ്മിട്ടാം കുഴി മാശി പാലം	-	-
13.	കേച്ചാരം മല്ലികൊമ്പു പാലം	-	-

ഊർജ്ജം

1976 - ലെ ഒരു സായംസന്ധ്യയിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ കൈകളാൽ ഉൽഘാടനം ചെയ്യപ്പെട്ട ഇടുക്കി പദ്ധതിയുടെ ഉൽഘാടന ദിവസം പറയൂർ പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ കുനക്കനയ ബൾബിൽ

നിന്നും പ്രകാശം പരത്തികൊണ്ടാണ് മറയൂർ പഞ്ചായത്തിലേക്ക് ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്ന് വന്നത്. 20 വർഷക്കാലം പിന്നിട്ടുവെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല എന്ന ദുഃഖസത്യം നിലനില്ക്കുന്നു.

17 - S. T. കോളനികളും 5 -S. C. കോളനികളും ഈ പഞ്ചായത്തിൽ നിലവിലുണ്ട് ഇതിൽ ഏതാനും കോളനികളിൽ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷം വരുന്ന 5 കോളനികളിൽ യാതൊരുവിധത്തിലും വൈദ്യുതി എത്തിക്കാൻ കഴിയാത്തവിധം ഭൂപ്രകൃതിയും വനവകുപ്പും തടസ്സം സൃഷ്ടിക്കുന്ന 5 സോളാർ വിളക്കുകൾ 8 KL കോളനിക്ക് വെളിച്ചം പകരുന്നു.

മൂന്നാർ പ്രദേശത്തുനിന്നും 45 K. M കടന്നാണ് വൈദ്യുതി ബന്ധം ഇവിടെ എത്തുന്നത്. 24 K. M. ലൈനിന്റെ ദൂരം സ്വകാര്യ കമ്പനിയാണ്. വയിന്റെറൻ ചെയ്യുന്നത്. 22. K. M. മാത്രമുള്ള ദൂരം മാത്രമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയന്ത്രണത്തിലുള്ളത്. ടാറ്റാകമ്പിനിയിൽ നിന്നും ഇലക്ട്രിസിറ്റി ഈ പഞ്ചായത്തിലേയ്ക്ക് വിലയ്ക്കുവാങ്ങുന്നതായാണ് അനുഭവത്തിൽ കാണാൻ കഴിയുന്നത്. വൈദ്യുതക്ഷാമം ഉണ്ടാകുന്ന ഘട്ടത്തിൽ ടാറ്റാ ടീ, കമ്പനി മറയൂർ പ്രദേശത്തേയ്ക്ക് വൈദ്യുതി കടത്തിവിടുന്നതിന്, തടസമാകുകയും മറയൂർ പഞ്ചായത്തിലെ ഇരുട്ടിലാഴ്ത്തുകയും ചെയ്യുന്നത് നിത്യസംഭവമാണ്. വൈദ്യുതിക്ഷാമം ഗാമങ്ങളിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിൽ തടസമാകുന്നു.

മറയൂർ ഗ്രാമപഞ്ചായത്തിൽ 475 കി.വാട്ട് വൈദ്യുതിയാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. മൈക്കിംഗിരി, പള്ളനാട്, മേലാടി, ബാബുനഗർ, വിവിധ കോളനികൾ എന്നിവിടങ്ങളിൽ വൈദ്യുതി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

കുമ്മിട്ടാംകുഴി, പട്ടിക്കാട് കരിമുട്ടി, ചെറുകാട്, എന്നീ കോളനികൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്.

നിലവിൽ 500 വോൾട്ട് വൈദ്യുതികരിക്കത്തക്കവണ്ണം പുതിയ ട്രാൻസ്ഫോമുകൾ മേലാടി, പള്ളനാട്, നാച്ചുവയൽ എന്നീ പ്രദേശങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപിക്കാനുള്ള നടപടികൾ അനുവദിച്ചിട്ടില്ല.

ചെറിയ തോതിൽ മാത്രം വൈദ്യുതി ഉപയോഗിക്കപ്പെടുന്ന. ഏതാനും സ്ഥാപനങ്ങൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഒരു സിനിമാതിയറ്റർ, ഒരു പേപ്പർമിൽ, അലുമിനിയം ഇൻഡസ്ട്രി, 4 റൈസ്മിൽ, 4 വർക്ക്ഷോപ്പ് ഒരു റിട്രേഡിങ്ങ് സ്ഥാപനം എന്നിവയാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2 പ്രേഷണ-വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിച്ചുമാറ്റാത്തത് ഒരു സ്ഥിരം പ്രശ്നമായിത്തുടരുന്നു.

3 ഡ്രിറർ ലൈറ്റുകൾ പലപ്പോഴും കത്താറില്ല. ഫ്യൂസായ ബൾബുകൾ കാലാകാലങ്ങളിലും സമയത്തും മാറ്റാതിരിക്കുന്നു.

4 കെ. എസ്. എസ്. ബി. രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

5 സമ്പന്ന കുടുംബങ്ങളിലേ സമ്പന്നർ ഉപയോഗം മാറ്റുന്നവർക്ക് ദോഷകരമാകുന്നു.

സാദ്ധ്യതകൾ

1. വൈദ്യുതി ഓഫീസുകളിലെ റജിസ്റ്ററുകളിൽ ഉണ്ടാകുന്നതിനേക്കാളും എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപയോഗം സമ്പന്നകുടുംബങ്ങളിൽ സ്റ്റെപ്പ് അപ് നിയന്ത്രണമില്ലാതെ ഉപയോഗിയ്ക്കുന്നതു കാരണം മിക്ക വീടുകളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണാകുന്നു. മരച്ചില്ലകളും ഒരു പ്രധാന കാരണമാണ് ഇതരകാര്യങ്ങൾ ശ്രദ്ധിക്കാൻ മാത്രം പ്രത്യേകം സംവിധാനം ഉണ്ടാകേണ്ടതാണ്.

2. മിക്കഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ സമർപ്പിച്ചിരിക്കുന്ന ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അതിന്റെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

3 പഞ്ചായത്തിലെ 90 ശതമാനം വീടുകളിലും പാചകത്തിന് വേണ്ടി ഉപയോഗിക്കുന്നത് വിറകാണ്.പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുവാൻ 10 ശതമാനമാണ് പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും സോളാർ വിളക്കുകളേപ്പറ്റിയും ആനാർട്ടിന്റെറയും വൈദ്യുതിബോർഡിന്റെറയും സഹായത്തോടെ ഇവ രണ്ടിന്റെറയും പ്രചാരത്തിന് വേണ്ടി. പഞ്ചാത്ത് മുൻകൈയെടുത്ത് വിപുലമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്, കൂടാതെ വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുവാനും വീടുകളിലെ ദുരുപയോഗം തടയുവാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോർഡിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തണം.

4. പഞ്ചായത്തിന്റെ മുഴുവൻ പ്രശ്നങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കാത്തതിനാൽ ഗ്രഹങ്ങളിലെ ഉപയോഗത്തിനും സ്ട്രീറ്റ് ലൈറ്റുകൾക്കും സോളാർ ലൈറ്റുകളെ ആധാരമാക്കി ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കുന്നതാണ്.

5. മേലാടി, ഉരുവാസൽ വൈദ്യുതി ലൈൻ 3 ഫെയ്സ് ആയി മാറ്റിവലിച്ച് കാർഷിക ആവശ്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്നതിനുമായി സജ്ജമാക്കുകയും ചെയ്യുക.

6. വന്യമൃഗങ്ങളുടെ ശല്ല്യമുള്ളവ ഭാഗങ്ങളിൽ ജനരക്ഷയക്കു വേണ്ടി തെരുവിളക്കുകൾ സ്ഥാപിക്കുക.

7. എല്ലാ ട്രൈബൽ കോളനികളിലും സോളാർ സെൽ ഉപയോഗിച്ചുള്ള വിളക്കുകൾ സ്ഥാപിക്കുകയും എല്ലാ ഗ്രാമങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

8. ആനക്കാൽപെട്ടിയിൽ വെയ്റ്റിങ്ങ് ഷെഡിൽ നിന്നും ആനക്കാൽപെട്ടി പാലം വരെ 1 കി. മി. ദൂരം ലൈൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക (പകൽ സമയത്ത് പോലും കാട്ടുപേത്തിന്റെ ഉപദ്രവമുള്ളതാണ്) ഇതിനു മുൻഗണന നൽകുക.

9. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ ഇലക്ട്രിക്ക് മര പോസ്റ്റുകളുംമാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക.

10. എല്ലാ മാസവും റീഡിംങ്ങ് നടത്തി എല്ലാദിവസവും കറൻറ് പണം അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. (സ്ഥിരം ക്യാഷറെ നിയമിക്കുക)

11. ചെറുകിട വൈദ്യുതി പദ്ധതി സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ പാമ്പാറിലെ വെള്ളം കെട്ടിനിർത്തിപൊങ്ങും പിള്ളി എന്നസ്ഥലത്ത് പവർഹൗസ് നിർമ്മിക്കുകയും ചെയ്താൽ വൈദ്യുതിരംഗത്ത് ഒരു അളവുവരെ പുരോഗതി കണ്ടെത്തുവാൻ കഴിയും

കാറ്റാടി ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി ഉണ്ടാക്കുന്നതിന് അനുയോജ്യമായ സ്ഥലമാണ് 4 -ാം വാർഡിലെ പോത്തടി. ഏതുസമയത്തും 45-60 കി.മി. വേഗതയിലിരിക്കുന്നകാറ്റ് പ്രയോജനപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ മുഴുവൻ ആവിശ്യത്തിനുമുള്ള കറൻറ് ഉൽപാദിപ്പിക്കുവാൻ ഈ പദ്ധതിക്ക് കഴിയും. അടിയന്തിരസ്വഭാവം നൽകി ഈ പദ്ധതി എത്രയും വേഗം തുടങ്ങുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കുക.

13 കാലിവളർത്തലുള്ള എല്ലാ വീടുകൾക്കും ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങാവുന്നതാണ്, സാമ്പത്തീക സഹായവും ഉപദേശവും നൽകുക.

14. മറയൂർ ടൗൺ കേന്ദ്രമാക്കി ഒരു വിറകുഡിപ്പോ തുടങ്ങേണ്ടതും കാട്ടിൽ പാഴായികിടക്കുന്ന വിറകുകൾ ശേഖരിച്ച് വനംവകുപ്പ് തന്നെ വിപണനം നടത്തേണ്ടതുമാണ്.

15. നിലവിൽ വരാൻ പോകുന്ന മാട്ടുപെട്ടി മിനി ഹൈസൻ പ്രൊജക്റ്റിൽ നിന്നും 1 മെഗാവാൾട്ട് വൈദ്യുതി ലഭിക്കുന്നതിനാവിശ്യമായ നടപടി സ്വീകരിച്ചാൽ വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെടാവുന്നതാണ്.

16. കർപ്പൂരകുടി-ഒലിക്കുടിവരെയും പുറവയൽ, ഇടച്ചപ്പെട്ടി ആലാംപെട്ടി എന്നിവിടങ്ങളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുക.

17. അത്യാവശ്യമായി സ്ഥാപിക്കേണ്ട തെരുവിളക്കുകളും എണ്ണവും

1.	ബാബു നഗർ കോളനി	28 എണ്ണം
2.	ചെറുവാട് മൈക്കിംഗിരി	23
3.	ചിന്നവര	10
4.	പള്ളനാട് ഐ. എച്ച്. ഡി . കോളനി	24
5.	നാച്ചവയൽ	26
6.	മേലാടി	21
7.	മാശികോവിൽക്കടവ്	24
8.	മാശിക്കോളനി	9
9.	മറയൂർഗ്രാമം	12
10.	പട്ടിക്കാട്	16
11.	കരിമുട്ടി	26
12.	കുമ്മിട്ടാം കുഴി	12
13.	10 വീട് കോളനി	6
14	പ്രിയദർശിനി കോളനി	10

S C/ ST കോളനികളുടെ വൈദ്യുതീകരണം

കോളനിയുടെ പേര്	എണ്ണം	നമ്പർ
1 കരിമുട്ടി	16	Nil
2 ചെരുവാട്	34	12
3 പട്ടിക്കാട്	83	34
4 കുമ്മിട്ടാം കുഴി	114	16

പഞ്ചായത്തിലെ ആകെ സ്ട്രീറ്റ് ലൈറ്റുകൾ

ഓർഡിനറി	299
ട്യൂബ്	34

പേര്	എണ്ണം
പത്തടിപ്പാലം ടോപ്പം റോഡ്	11
പുതച്ചിവയൽ	12

ട്രാൻസ്ഫോർമറുകൾ

1	പള്ളനാട്	1 എണ്ണംവീതം
2	മേലാടി	1 എണ്ണം വീതം
3	ഐനക്കാൽപെട്ടി	1 എണ്ണം വീതം
4	ബാബുനഗർ	1 എണ്ണംവീതം
5	കോളനി	1 എണ്ണം വീതം

മാർക്കറ്റ്

മറയൂർ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഇല്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു. പ്രധാന കാർഷികവിളയായ ശർക്കര, നെല്ല്, തൈലം,പച്ചക്കറികൾ, വാഴക്കുലകൾ, കിഴങ്ങുകൾ എന്നിവയാണ്. ഒരു പൊതുവിപണിയോ സഹകരണവിപണിയോ, വിശ്വസിക്കാവുന്ന ഒരു സ്വകാര്യവിപണിയോ പഞ്ചായത്തിൽ ഇല്ലെന്നതാണ് പരിതാപകരമായ വസ്തുത.

മറയൂർ ടൗണിനു സമീപമുള്ള നിർദ്ദിഷ്ടസ്ഥലത്ത് പഞ്ചായത്തിൽ നിന്നും ഒരു മാർക്കറ്റ് ഉണ്ടാക്കേണ്ടതും കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ വേണ്ട പ്രോത്സാഹനംനല്കുതുമാണ് കൂടാതെ ഇറച്ചിക്കട, മത്സ്യമാർക്കറ്റ് എന്നിവയ്ക്ക് ശുചിത്വം പാലിച്ചു കൊണ്ട് തുടങ്ങുകയും ചെയ്താൽ ഒരു പരിധിവരെ ചൂഷണം അവസാനിപ്പിക്കാവുന്നതും ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സാധനം തെരഞ്ഞെടുക്കാനും കഴിയുന്നതാണ്. ഇതുമൂലം തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാനും കർഷർകർക്ക് ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഈ വിൽപ്പന ശൃംഖലവഴി ഒരുക്കുന്നതാണ്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും ഓരോന്നിൻെറയും അധികലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥ യോടുകൂടിയ ഒരു ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെയ്പായിരിക്കും എന്നകാര്യത്തിൽ സംശയമില്ല.

മറയൂർ ഗ്രാമപഞ്ചായത്തിലെ റോഡുകൾ

	വാർഡ് നമ്പർ	പേര്	മണ്ണ്റോഡ് നീളം	മെറ്റൽ നീളം	ടാർ റോഡ് നീളം	നടപ്പാത	ആകെനീളം
1		മറയൂർ പട്ടിക്കാട് റോഡ് 1 കി.മി				നടപ്പാത	
2		ആനക്കാൽവെട്ടി നാച്ചുവയൽ റോഡ് 3 കി.മി	400 മീ.	750 മീറ്റർ	1850 മീറ്റർ		3 കി. മീ.
3		കുടവയൽ നാച്ചുവയൽ റോഡ് 1 കി.മി					
4		ചർച്ച് ഗേറ്റ് കോളനിറോഡ്	400 മീ.				400 മീറ്റർ
5		പട്ടിക്കാട് കരിമുട്ടിറോഡ് 1'/$_2$ കി.മി				നടപ്പാത	
6		ആനക്കാൽപെട്ടി പന്നിവാക്കരറോഡ് 1'/$_2$ കി.മി		1കിമി			1കി മീ
7		പന്നിവാക്കര മൈക്കിംഗിരി 3'/$_2$ കി. മീറ്റർ		ടാർ			
8		പട്ടിക്കാട് ഒടറോഡ്	1300 മീ				
9.		കോളനി കോട്ടുള്ള റോഡ് '/$_2$	50 മീറ്റർ				500 മീറ്റർ
10.		കോളനിപുങ്ങംപിള്ളി റോഡ്	50 മീറ്റർ				
11.		കോളനി നാവലോക കുഴിറോഡ് 1 കി.മി	800 മീറ്റർ				800 മീററർ
12.		മാശികോവിൽക്കടവ് റോഡ് 3'/$_2$ കി. മീറ്റർ	1.100 കി.മി		28000		3 കി. മീ
13.		കൂടക്കാട് പൈഷ ലൈൻ റോഡ് 3'/$_2$	4 കി. മീ.			നടപ്പാത	4 കി. മീ.
14.		മാശിക്കുടവയൽ നാച്ചിവയൽ	1600	400	1.300		3.300 കി. മീ.
15.		കോളനി ടോപ്പ് റോഡ്	1.400				1.400 കി. മീ.
16.		കോരക്കടവ് റോഡ് 1'/$_2$ കി.മി				നടപ്പാത	
17.		പുച്ചിക്കാച്ചൻ കാട് റോഡ് 1 കി.മി.	മണ്ണ് 300മി.				300 മീറ്റർ
18.		ചെമ്മണ്ണ്കുഴി ഗ്രാമറോഡ് 1 കി.മി.	700	650			1350
19.		തിട്ടവയൽറോഡ് 1 കി.മി.	1 കി. മീറ്റർ				1 കി.മി
20.		ചെറുവാട് പണിവാക്കര റോഡ്	1.900 മീറ്റർ		2 കി.മി		2 കി.മി
21.		പന്നിവാക്കര കർശനാട് റോഡ്	400 മീറ്റർ			നടപാത	400 മീറ്റർ
22.		ആനക്കാൽപെട്ടി ചാനൽമേട് റോഡ് 2 കി.മി.	1.200				1.20 കി.മി
23.		മേലാഡിനഗർപളം റോഡ് 1.500 കി.മി.	900		200		1100 കി.മി
24.		പട്ടിക്കാട് കാച്ചാൽ കാട്റോഡ്	500				
25.		നാച്ചുവയൽ ചാപ്പൻറോഡ് 700 മീറ്റർ	700 മീറ്റർ				700 മീറ്റർ
26.		പള്ളനാട് കർപ്പൂരക്കുടി റോഡ് 2 കി.മി				2 നടപ്പാത	
27		നാഗർപള്ളം നാച്ചുവയൽ റോഡ് 2.50 കി.മി.			നടപ്പാത 2'/$_2$ കി.		
28.		ആലത്തൂർമാശി അക്കരശീമറോഡ് 1 കി.മി			നടപ്പാത 1 കി.മി		
29.		പുതച്ചിവയൽ ചില്ലപ്പൊറ റോഡ്	200 മീറ്റർ			നടപ്പാത	200 മീറ്റർ
30.		പുന്നക്കര കോട്ടക്കുളം റോഡ് 3 കി.മി				നടപ്പാത	
31.		മറയൂർ ഗ്രാമ ഒലിക്കുടി റോഡ് 71/2 മണ്ണ്				നടപ്പാത	7.500 കി.മി
32.		ആലാംപെട്ടി ഗിരിജൻകോളനി 1'/$_2$ മണ്ണ്				നടപ്പാത	1.200 മീറ്റർ
33.		കോളനി Cop Road 0.800 മീ. മണ്ണ്				നടപ്പാത	600 മീറ്റർ
34.		കരിമുട്ടി കോരക്കടവ് റോഡ് 1 കിമി					
35.		മാശിഓടക്കര റോഡ് 400 മീറ്റർ (മണ്ണ്)					400 മീറ്റർ
36.		പോത്തൻ വയൽ മാശിവയൽ റോഡ് 600 (മണ്ണ്)					

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പുറകിലാണ് ഈ പഞ്ചായത്ത്. മറയൂർ വില്ലേജിന്റെ അതിർത്തിക്കുള്ളിൽ ഇത് സ്ഥിതി ചെയ്യുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷവും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ചെറുകിട കർഷകരും കർഷക തൊഴിലാളികളും ആദിവാസികളും, ഹരിജനങ്ങളും ഗിരിജനങ്ങളുമാണ്. IV വാർഡിലെ മുഴുവൻ താമസക്കാരും ഗിരിജനങ്ങളാണ്. പഞ്ചായത്തിലെ 3210 വീടുകളിൽ 382 വീടുകൾ ഭേദപ്പെട്ടതും 1586 വീടുകൾ ഇടത്തരവും ബാക്കി 1119 വീടുകൾ കുടിലുകൾ ഓലമേഞ്ഞതുമാണ്. ഇതിൽ 4 വീടുകൾ മൊസൈക്ക് കൊണ്ട് 378 വീടുകൾ സിമൻറ് കൊണ്ടും ബാക്കിയുള്ളവ ചാണകം കൊണ്ട് തീർത്ത തറകളാണ്.

വീടുകളുടെ തരം തിരിവ്

വാർഡ്	ഓട്	ടെറസ്	ഓല	ഇരുനില	കുടിൽ	ആകെ
I	92	190	72	-	72	268
II	300	71	313	-	313	767
III	450	44	83	4	304	606
IV	-	-	304	-	304	304
V	70	7	78	-	78	178
VI	262	36	65	-	65	446
VII	118	3	168	-	168	293
VIII	274	30	36	-	36	348

91-92 വർഷം മുതൽ ഈ കാലയളവിൽ പഞ്ചായത്തിൽ വിവിധ വകുപ്പുകൾ മുഖാന്തിരം സഹായധനമായി നൽകിയ വീടുകൾ 647 8 വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ പലതും ഭവന നിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവ് കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പ്രകൃതിക്ഷോഭം മൂലം ഇതിൽ പല വീടുകളും വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്നു.

സാധാരണക്കാരന് ഭവന വായ്പകൾ ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 3540 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു. സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതും വളരെ ക്കുറച്ചു പേർക്ക് മാത്രമാണ് ലഭിക്കുന്നത്. ദുർബല വിഭാഗക്കാർക്ക് വീടു വയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയുന്നതിനുമുള്ള വായ്പകൾ ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്കും പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവു കാണുന്നു.

പാർപ്പിട പ്രശ്നങ്ങൾ അടിയന്തരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥയോടെയും ഉത്സാഹത്തോടെയും എല്ലാ ജനവിഭാഗങ്ങളെയും സജീവമാക്കേണ്ടിയിരിക്കുന്നു.

പട്ടി 2

ഭവന ലഭ്യതാ പട്ടിക മറയൂർ പഞ്ചായത്ത്.	
ഈ പഞ്ചായത്ത് മുഖാന്തിരം	- 58
ദേവികുളം വികസന ബ്ലോക്ക് മുഖേന	- 262
ഹരിജൻ വെൽഫെയർ	- 61
പട്ടിക വർഗ്ഗ വികസന വകുപ്പ്	- 6
കൈരളി ഭവന നിർമ്മാണ വായ്പ	- 244
രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം വായ്പ	- 50

ഭവന നിർമ്മാണ ബോർഡു വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടതാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിരക്കിലെ വർദ്ധനവും കാരണം പാവപ്പെട്ടവന്റെ സ്വന്തമായ വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി തന്നെ ശേഷിക്കവേ കിട്ടിയ ആനുകൂല്യങ്ങൾക്കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ് ഉള്ളത്.

1975-76 വർഷങ്ങളിൽ സ്ത്രീ തൊഴിലാളിക്ക് 4 രൂപയും പുരുഷ തൊഴിലാളിയ്ക്ക് 6 രൂപയും ആയിരുന്ന കൂലി 1995-96 വർഷത്തിൽ സ്ത്രീ തൊഴിലാളിക്ക് 30 രൂപയും പുരുഷതൊഴിലാളിക്ക് 50 രൂപയുമായും വർദ്ധിച്ചിരിക്കുന്നു. കെട്ടിടം പണി തൊഴിലാളിക്ക് 1975-76 വർഷത്തിൽ 15 രൂപ കൂലി നൽകിയിരുന്നത് 1995-96 വർഷത്തിൽ 130 രൂപയായി വർദ്ധിച്ചിരിക്കുന്നതും, ഒരു ചാക്ക് സിമൻറിന് 1987-88 കാലയളവിൽ 70 രൂപയായിരുന്നത് 1995-96 -ൽ 185 രൂപയായി വർദ്ധിച്ചിരിക്കുന്നതും 1987-88-ൽ കോൺക്രീറ്റ് യൂണീറ്റിന് 1800 രൂപ കൂലി ഉണ്ടായിരുന്നത് 2500/- രൂപയിൽ എത്തിയിരിക്കുന്നു. 1995 ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000 ത്തിന് 5000/- രൂപ ഉണ്ടായിരുന്നത് 1996 ൽ 5500/- രൂപയായും വർദ്ധിച്ചിരിക്കുന്നു. 1994 ൽ 1000 ചെങ്കല്ലിന് 550 രൂപയായിരുന്നത് 1996 ൽ 1000/- രൂപയായും വർദ്ധിച്ചിരിക്കുന്നു.

കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും, വായ്പകളുമായ ബ്ലോക്ക് വഴി നൽകുന്ന പദ്ധതികളുടെ പരിധിയും രാജീവ് ദശലക്ഷപദ്ധതികളുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനു വായ്പ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണ്.

റവന്യൂവകുപ്പ് പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപെട്ടവർക്കുള്ള പുനരധിവാസപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും നഷ്ടപ്പെട്ട വീടുകൾ പുനർ നിർമ്മിക്കാനോ, നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത സ്ഥിതിയാണ്.

ഈ പഞ്ചായത്തിലെ പത്ത് ഹരിജൻ കോളനികളിലായി 450 വീടുകളുണ്ട്. ഈ വീടുകളിലായി 2742 അംഗങ്ങൾ താമസിക്കുന്നു. എഴുതാനും വായിക്കാനും അറിയാവുന്ന 1400 പേർ മാത്രമേ ഉള്ളൂ. 23 ഗിരിജൻ കോളനികളിലായി 744 വീടുകൾ മാത്രമേയുള്ളൂ. ഈ വീടുകളിലായി 3204 അംഗങ്ങൾ താമസിക്കുന്നു. ഇവരുടെ വീടുകൾ 80% വും. മേൽക്കൂര പുല്ല് മേഞ്ഞതും, മൺഭിത്തികൊണ്ട് നിർമ്മിച്ച ചുവരുകളുമാണ്. ഒരു വീട്ടിൽ 2ഉം, 3ഉം കുടുബങ്ങൾ താമസിക്കുന്നതിനാൽ റേഷൻ കാർഡും. പല അനുകൂല്യങ്ങളും ഇക്കൂട്ടർക്കു ലഭിക്കാതെ പോകുന്നുണ്ട്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപികരിക്കുക, എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക

സർക്കാർ പദ്ധതികളും പഞ്ചായിത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി(സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക (സിമൻറ് കമ്പി മുതലായവ)

3. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

4. അപേക്ഷകൾ ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുക.

5. രജിസ്റ്റർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

6. കാലതാമസം ഒഴിവാക്കുക.

7. സ്കെച്ചിന് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

8. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് ആഫീസിൽ സൂക്ഷിക്കുക.

9. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

10. രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26,400 യിൽ നിന്ന് 50,000/- രൂപയായി ഉയർത്തുക.

11. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000/- രൂപയിൽ നിന്നു 25,000/- രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായും ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മിച്ച ഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെൻറ് ഭൂമി വീതം സൗജന്യമായി നൽകുക. അവിടങ്ങളിൽ L. I. C. തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മതികേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ യുവജന സംഘടനകളുടെയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുവാനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ കോളനികളുടെ പാർപ്പിട പ്രശ്നം വേറെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരകളിലെ ജനവ്യാകുലമാണ് ഇതിന് കാരണം. വീടുകൾ തൊട്ടു തൊട്ടു കിടക്കുന്നതാണ് കാരണം.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി അല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മയ്ക്കായി നമുക്ക് സംഘടിക്കാം. സംഘടിക്കൂ.

വിദ്യാഭ്യാസപരമായും സാംസ്ക്കാരിക പരമായും ഏറെ പുറകിൽ നിൽക്കുന്ന മറയൂർ പഞ്ചായത്ത്, മറയൂർ വില്ലേജിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നു.

കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും. അതു കൊണ്ടു തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ചെറുകിട കർഷകരും, കർഷകതൊഴിലാളികളും, ആദിവാസികളും, ഹരിജനങ്ങളും, ഗിരിജനങ്ങളുമാണ്. IV വാർഡിലെ മുഴുവൻ താമസക്കാരും ഗിരിജനങ്ങളാണ്. പഞ്ചായത്തിലെ 3210 വീടുകളിൽ 382 വീടുകൾ ഭേദപ്പെട്ടതും 1586 വീടുകൾ ഇടത്തരവും 1119 വീടുകൾ കുടിലുകൾ ഓലമേഞ്ഞതുമാണ്. ഇതിൽ 4 വീടുകൾ മൊസൈക് കൊണ്ടും 378 വീടുകൾ സിമൻറുകൊണ്ടും ബാക്കിയുള്ളവ ചാണകം കൊണ്ടും തീർത്ത തറകളാണ്.

വീടുകളുടെ തരം തിരിവ്

വാർഡ്	ഓട്	ടെറസ്	ഓല	ഇരുനില	കുടിൽ	ആകെ
I	92	190	72	-	72	268
II	300	71	313	-	313	767
III	450	44	83	4	304	606
IV	-	-	304	-	304	304
V	90	7	78	-	78	178
VI	262	36	65	-	65	446
VII	118	3	168	-	168	293
VIII	274	30	36	-	36	348

91-92 വർഷം മുതൽ ഈ പഞ്ചായത്തിൽ വിവിധ വകുപ്പുകൾ മുഖാന്തരം സഹായധനമായി നൽകിയ വീടുകൾ 647. 8 വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ പലതും ഭവന നിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവ് കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.. പ്രകൃതിക്ഷോഭം മൂലം ഇതിൽ പല വീടുകളും വാസയോഗമല്ലാതായി തീർന്നിരിക്കുന്നു.

സാധാരണക്കാരന് ഭവന വായ്പകൾ ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 3,540 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു. സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പാ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതും വളരെ കുറച്ച് പേർക്കു മാത്രമാണ് ലഭിക്കുന്നത്. ദുർബല വിഭാഗക്കാർക്ക് വീട് വയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയുന്നതിനുമുള്ള വായ്പകൾ ലഭ്യമാകത്തതിനാൽ ഈ വിഭാഗക്കാർക്കും പൊതുവെ പൊതു പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുൽപാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും എല്ലാ ജന വിഭാഗങ്ങളെയും സജീവമാക്കേണ്ടിയിരിക്കുന്നു.

പട്ടിക No: II

ഭവന ലഭ്യത പട്ടിക മറയൂർ പഞ്ചായത്ത്

മറയൂർ പഞ്ചായത്ത് മുഖാന്തരം	- 58
ദേവികുളം വികസനബ്ലോക്ക് മുഖേന	- 262
ഹരിജൻ വെൽഫെയർ	- 61
പട്ടിക വർഗ്ഗ വികസന വകുപ്പ്	- 6
കൈരളി ഭവന നിർമ്മാണ വായ്പ	- 244
രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ	- 50

ഭവന നിർമ്മാണ ബോർഡു വഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടതാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില കയറ്റവും കൂലി നിരക്കിലെ വർദ്ധനവും കാരണം പാവപ്പെട്ടവന്റെ സ്വന്തം വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി തന്നെ ശേഷിക്കുവെ, കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കുവാനും പണി പൂർത്തിയാക്കുവാനും കഴിയാത്ത അവസ്ഥയാണ് ഉള്ളത്.

1975-'76 വർഷങ്ങളിൽ സ്ത്രീ തൊഴിലാളിക്ക് 4 രൂപയും പുരുഷ തൊഴിലാളിക്ക് 6 രൂപയും ആയിരുന്നു ദിവസ കൂലി. 1995-'96-ൽ ഇത് യഥാക്രമം 30 രൂപയായും 50 രൂപയായും ആയി വർദ്ധിച്ചിരിക്കുന്നു. കെട്ടിടം പണി തൊഴിലാളിക്ക് 1975-'76-ൽ 15 രൂപാ കൂലി നല്കിയിരുന്നത് 1995-'96-ൽ 130 രൂപയായി വർദ്ധിച്ചിരിക്കുന്നതും, ഒരു ചാക്ക് സിമൻറിന് 1987-'88 കാലയളവിൽ 70 രൂപാ ആയിരുന്നത് 1995-'96-ൽ 185 രൂപാ ആയി വർദ്ധിച്ചിരിക്കുന്നതും 1987-'88-ൽ കോൺക്രീറ്റ് യൂണിറ്റിന് 1800 രൂപാ കൂലി ഉണ്ടായിരുന്നത് 2,500 രൂപായിൽ എത്തിയിരിക്കുന്നു. 1995-ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000-ത്തിന് 5000 രൂപാ ഉണ്ടായിരുന്നത് 1996-ൽ 5500/- രൂപാ ആയും വർദ്ധിച്ചിരിക്കുന്നു. 1994-ൽ 1000 ചെഹ്കല്ലിന് 550 രൂപാ ആയിരുന്നത് 1996-ൽ 1000/- രൂപാ ആയും വർദ്ധിച്ചിരിക്കുന്നു.

കൂലി നിരക്കിലും അതിനെ വെല്ലുന്ന സാമഗ്രികളുടെ വിലകയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും, ബ്ലോക്ക് വഴി നൽകുന്ന പദ്ധതികളുടെ വായ്പാ പരിധിയും, രാജീവ് ദശലക്ഷം പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കുവാനും, വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവും ആയ ബുദ്ധിമുട്ടുകളും ഒഴിവാക്കപ്പെടേണ്ടതും ആണ്.

റവന്യൂ വകുപ്പ് വഴി, പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കായുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണെങ്കിലും നഷ്ടപ്പെട്ട വീടുകളും പുനർ നിർമ്മിക്കാനോ നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത സ്ഥിതിയാണ്.

ഈ പഞ്ചായത്തിലെ പത്ത് ഹരിജൻ കോളനികളിലായി 480 വീടുകളുണ്ട്. ഈ വീടുകളിലായി 2742 അംഗങ്ങൾ താമസിക്കുന്നു. അതിൽ സാക്ഷരർ 1400 പേർ മാത്രമാണ്. 23 ഗിരിജൻ കോളനികളിലായി 744 വീടുകൾ മാത്രമേ ഉള്ളൂ. ഈ വീടുകളിലായി 3204 അംഗങ്ങൾ താമസിക്കുന്നു. ഇവരുടെ വീടുകൾ 80% മേൽക്കൂര പുല്ല് മേഞ്ഞതും ഭിത്തികൊണ്ട് നിർമ്മിച്ച ചുവരുകൾ ഉള്ളതുമാണ്. ഒരു വീട്ടിൽ 2-ഉം, 3-ഉം കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നതിനാൽ റേഷൻ കാർഡും പല ആനുകൂല്യങ്ങളും ഈ കൂട്ടർക്ക് ലഭിക്കാതെ പോകുന്നുണ്ട്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബറർ വരെയുള്ളവരെ സംഘത്തിലൂടെ വിതരണം ചെയ്യുക, സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസി ആയി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
2. കെട്ടിടനിർമ്മാണ സമാഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.(സിമൻറ്, കമ്പി, മുതലായവ.)
3. സർക്കാരിൽ ലഭ്യമാകുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവും ആയ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
4. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.
5. രജിസ്ട്രാർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക
6. കാലതാമസം ഒഴിവാക്കുക.
7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
8. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്താഫീസിൽ സൂക്ഷിക്കുക. സർക്കാർ ലഭ്യമാകുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
10. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 യിൽ നിന്ന് 50,000/- രൂപയായി ഉയർത്തുക
11. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15000/ രൂപയിൽ നിന്നും 25000/- രൂപയായി ഉയർത്തുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായും ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും, സർക്കാർ പുറമ്പോക്ക് ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെൻറ് ഭൂമി വീതം സൗജന്യമായി നൽകുക. അപകടങ്ങളിൽ എൽ. ഐ. സി. തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മതികേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ യുവജനസംഘടനകളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തുവാൻ കഴിയേണ്ടതുണ്ട്.

കോളനികളുടെ പാർപ്പിട പ്രശ്നം വേറെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കുരകളിലെ ജന ബാഹുല്യമാണ് ഇതിനു കാരണം. വീടുകൾ തൊട്ടു തൊട്ടു കിടക്കുന്നതും മറ്റൊരു കാരണമാണ്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി അല്ലെങ്കിലും പരമാവധി പരിഹരിക്കലാകട്ടെ അതിനു വേണ്ടി നമുക്ക് സംഘടിക്കാം

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര - സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി, തൊഴിവുടമാ സഹകരണത്തോടേ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഈ പഞ്ചായത്തിൽ പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയേകുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവല്കരണ കുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക. ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം. കാര്യക്ഷമമായിട്ടില്ല. ഈ പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊഴിലാ

ളികൾ, കർഷകതൊഴിലാളികൾ, ഹോട്ടൽ തൊഴിലാളികൾ, ഹെഡ്‌ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് തൊഴിലാളികൾ കളിമൺ പാത്ര വ്യവസായ തൊഴിലാളികൾ, മോട്ടോർ വർക്കേഴ്സ് തൊഴിലാളികൾ കാഠികരിങ്കൽ തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ കുറേപേർക്ക് ലഭിക്കുന്നുണ്ടെങ്കിലും ഇതിൻെറ റീജണൽ ആഫീസ് കോട്ടയത്തായതിനാലും സമയാസമയങ്ങളിൽ ഉദ്യോഗസ്ഥർ വന്നു സ്റ്റേജ് സർട്ടിഫിക്കറ്റുകൾ. വാങ്ങി നിശ്ചിത സമയത്തിനുള്ളിൽ ആഫീസുകളിൽ എത്തിക്കുന്നതിന് കാലതാമസവും കഷ്ടപ്പാടും അനുഭവിക്കുന്നുണ്ട്. ഈ ഡിപ്പാർട്ട്മെൻറിൻെറ റീജണൽ ആഫീസ് ഇടുക്കി ജില്ലയിൽ തന്നെ പ്രവർത്തിക്കുകയും അതിൻെറ കീഴിൽ എക്സ്പഷൻ ഓഫീസർമാരെ നിയമിച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും കഷ്ടപ്പാടും ഒഴിവാക്കാവുന്നതാണ്.

വനിതാ വികസന കോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ പൊത പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും സത്യത്തിൽ ഇങ്ങനെയൊരു കോർപ്പറേഷൻ ഉണ്ടെന്നുള്ള വിവരം പോലും അറിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം ഈ കോർപ്പറേഷൻെറ റീജണൽ ആഫീസ് ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുകയും അതിൻെറ കീഴിൽ എക്സപ്ഷൻ ആഫീസുകൾ പഞ്ചായത്തു തോറും പ്രവർത്തിച്ചാൽ ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ അറിയാനും വാങ്ങാനും കഴിയും.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമായികൊണ്ടിരിക്കുന്നത് ദേവികുളം ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസിന് താഴെയുള്ളത് രണ്ട് വി. ഇ. ഒ. സർക്കിൾ വഴിയാണ് സഹായം കിട്ടിക്കൊണ്ടിരിക്കുന്നത്. സഹായങ്ങൾ നൽകികൊണ്ടിരിക്കുന്ന വിവിധ ഓഫീസുകളിലെ ആനുകൂല്യങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുകയും പദ്ധതിയുടെ ബോധവൽക്കരണങ്ങൾ നടത്തുകയും ഗ്രാമത്തിൻെറ അഭിവൃത്തി ശക്തിപ്പെടുത്തേണ്ടതുമാണ്. ഇതിനായി നമുക്ക് ശ്രമിക്കാം, ശ്രമിക്കാം

11.1 I.R.D.P. സർവ്വേപ്രകാരം - ദാരിദ്രരേഖ യ്ക്ക് താഴെയുള്ളവരുടെ വിവരം

മറയൂർ ഗ്രാമപഞ്ചായത്ത്.

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുബങ്ങൾ	ഇതിൽ SC,ST	സഹയംലഭിച്ചവഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആകെകുടുംബങ്ങൾ ലഭിച്ചവർ ഉൾപ്പെടെ	ഇതിൽ SE,ST കുടുംബങ്ങൾ
1	72	48	20	16	48	
2	368	280	90	68	34	368
3	96	35	14	18	96	39
4	204	24	24	20	204	204
5	40	20	3	10	40	4
6	117	51	31	25	117	71
7	68	32	25	20	68	49
8	139	62	39	30	139	66
	1104	**334**	**220**	**167**	**1104**	**761**

114 D.W.C.R.A പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരക്ഷണത്തിൻെറ ഇനം	ആരംഭിച്ചവർഷം	പ്രവർത്തിയ്ക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷേമത്തെ സംബന്ധിച്ചകുറിപ്പ്.
1.	Nil	Nil	Nil	Nil
2	ഡയറി യൂണിറ്റ് ബ്രാഞ്ച്യൂണിറ്റ് ഗവൺമെൻറ് സർവ്വേയൂണിറ്റ്	19991-92 1986-84 1989-90	10 13 10	പ്രവർത്തനം ഇല്ല. "
3	കമ്പിളികുട്ടം യൂണിറ്റ് നാച്ചിവയൽ	1995-96	5	ഭാഗീകമായി പ്രവർത്തിക്കുന്നു.
4	Nil	Nil	Nil	Nil
5	സെസ്സ്യൂണിറ്റ് ശർക്കരയൂണിറ്റ്	1989-90 1993-94	10 7	പ്രവർത്തനം ഇല്ല
6	ഡയറിയൂണിറ്റ് പട്ടികാട്	1987-88	"	പ്രവർത്തനം
7	Nil	Nil	Nil	Nil
8	Nil	Nil	Nil	Nil

11.3 ട്രൈസം-തൊഴിൽപരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
1	Nil	Nil	Nil	Nil	Nil
2	പ്ലാസ്റ്റിക്ക് നെയ്ത്ത് ബേക്കറി മോട്ടോർ ബണനിസം	2 2 5 1	Nil	5	Nil
3.	കമ്പിളി വസ്ത്രനിർമ്മാണം	3	3	-	-
4	Nil	Nil	Nil	Nil	Nil
5	മരപ്പണി	1	Nil	1	Nil
6	മരപ്പണി മേസ്റ്റൻറ ൻററി	1,2	--	1,2	-
7	Nil	Nil	Nil	Nil	Nil
8		2	Nil	2	Nil
		12	3	11	

11.9 ഗ്രാമീണതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങാ നൽകുന്ന പരിപാടി (R.A.P)

വാർഡ്	IRDP സർവ്വേപ്രകാരം ഗ്രമീണകൈ തൊഴിലുകളുടെ എണ്ണം	സഹായം ലഭിച്ച വരുടെ എണ്ണം	ഇനി സഹായത്തിനു അർഹതയുള്ള വരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
1	5	Nil	5	
2	15	9	6	
3	13	10	3	
4	Nil	Nil	Nil	
5	2	1	1	
6	6	2	4	
7	5	3	4	
8	7	3	4	
	53	**28**	**25**	

11.6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP	വിവിധ പദ്ധതികളിലായി ഇതു വരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1997 നു ശേഷം	പൂർത്തികരിച്ചവരുടെ എണ്ണം	ഇനി കക്കൂസകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
1	72	11	9	61
2	366	114	113	252
3	95	25	23	70
4	204	Nil	Nil	204
5	40	Nil	Nil	40
6	115	7	7	108
7	68	41	36	27
8	137	17	16	120
	1097	**215**	**204**	**882**

പെൻഷനുകളെ സംബന്ധിച്ച്

വിധവ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികാ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റംവരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻലഭ്യമാക്കാൻ നടപടി ഉടനടി സ്വീകരിക്കണം. ഈ പഞ്ചായത്തിൽ 27 പേർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ള ദാരിദ്രരേഖയ്ക്ക് താഴെകഴിയുന്ന ഈ പഞ്ചായത്തിൽ കുടിലുവച്ച് താമസിക്കാൻ മാത്രം സ്ഥലമുള്ള വിധവകാക്ക് ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ഇപ്പോാ ഉള്ള നിയമത്തിൽ മാറ്റം വരുത്തി ഈ അവകാശത്തിന് ആനുകൂല്യം കൊടുക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കുക.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് വാങ്ങി ആനുകൂല്യം വാങ്ങുന്നതിനാണ് ഏറെ കഷ്ടം. കാരണം ഈ സർട്ടിഫിക്കറ്റുകാ വാങ്ങണമെങ്കിൽ 202 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കോട്ടയം മെഡിക്കൽകോളേജിൽ എത്തി വേണം വാങ്ങിക്കാൻ. വികലാംഗർ എന്നുള്ളതുകൊണ്ട് ഈ ദൂരയാത്ര ഒഴിവാക്കികൊടുക്കുന്നതിലേയ്ക്ക് വികലംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകി ഈ ജനവിഭാഗത്തെ ബുദ്ധിമുട്ടിലും കഷ്ടപ്പാടിലും നിന്ന് ഒഴിവാക്കണം .

കർഷകതൊഴിലാളി പെൻഷൻ

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കർഷകതൊഴിലാളികളാണ് . എന്നാൽ കേവലം 41 പേർക്കുമാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളു. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തെരെഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം

തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മവേതനം വാങ്ങുന്നതിന് അർഹരായവർ ഏറെ ഉണ്ടെങ്കിലും അവർക്ക് സമയാസമയങ്ങളിൽ വാങ്ങുന്നതിന് ദൂരയാത്രചെയ്യേണ്ടിയിരിക്കുന്നതിനാൽ വാങ്ങാൻ സാധിക്കുന്നില്ല. എക്സേഞ്ചിന്റെ ശാഖകാ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തുക.

അംഗൻവാടിസാമൂഹ്യരംഗത്ത്

അടിസ്ഥാനപരമായ സേവനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പാഞ്ചായത്തിൽ 8 വാർഡുകളിലായി 19 എണ്ണം പ്രവർത്തിക്കുന്നു. ഇതിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തത് 3 എണ്ണം ഉണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ കടന്നു കയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളുടെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം, കെട്ടിടങ്ങളുടെ അറ്റകുറ്റപണിനടത്തുന്നതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും കുട്ടികളെ മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളായ സ്ത്രീകൾക്കും നൽകിവരുന്ന ഭക്ഷ്യസാധനങ്ങൾ, മരുന്നുകൾ, ഗുണനിലവാരമില്ലാത്തത് നിർത്തലാക്കി പോഷകഗുണമുള്ളത് നൽകി രക്ഷിതാക്കളുടെയും ജീവനക്കാരുടെയും അസംതൃപ്തിയൽ നിന്ന് കുറ്റമറ്റതാക്കുക. അംഗൻവാടി ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിൽ ഉള്ളത് . രാവിലെ 9 മുതൽ 3.30 വരെ ജോലി ചെയ്യുന്നു. ഇവർ ജോലികഴിഞ്ഞ് ഗൃഹസന്ദർശനം ഉൾപ്പടെ നടത്തേണ്ടതായും വരുന്നു. നാടിന്റെ ഗുണത്തിനുവേണ്ടി പ്രയാസം സഹിച്ച് പ്രവർത്തിക്കുന്ന പ്രസ്തുതജീവനക്കാരുടെ ശമ്പളം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

1. നമ്മുടെ ഈ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് ഉടൻ കെട്ടിടം നിർമ്മിച്ചു നൽകുക.
2. പ്രകൃതിക്ഷോഭത്തിൽ കേടുപാടുകൾ സംഭവിച്ച അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ തീർക്കുക.
3. D.W.C.R. A യൂണിറ്റുകൾക്ക് ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനായി നൽകുക.
4. മുഴുവൻ അംഗൻവാടികളുടെയും ശുദ്ധിപരിപാലനത്തിനായി മലിന വസ്തുക്കൾ നീക്കംചെയ്യാൻ സംവിധാനം ഉണ്ടാക്കുക.
5. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ J.R.Y. ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഇവയുടെ അറ്റകുറ്റപണികൾ നടത്തിക്കുകയും ചെയ്യുക.
6. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
7. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
8. പൊതുപ്രവർത്തനത്തിൽ വർക്കർ മാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

ക്ഷേമനിധികളെ സംബന്ധിച്ച്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി. ഈ പഞ്ചായത്തിൽ കുറേപ്പേർ കെട്ടിടനിർമ്മാണരംഗത്ത് തൊഴിൽ എടുക്കുന്നുണ്ട്. 48 പേർ ക്ഷേമനിധിയിൽ അംഗങ്ങളായിരുന്നു. ബാക്കിയുള്ളവർ ക്ഷേമനിധിയിൽ ചേർന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽ നിന്നു 55 വയസ്സ് ആകുമ്പോഴേക്കും വിട്ടു നിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സായി ചുരുക്കണം. ഭവനനിർമ്മാണ പദ്ധതി കാര്യക്ഷമമായ് നടത്തുന്നില്ല. ഈ രംഗത്തെ കുറവ് പരിഹരിക്കപ്പെടുകയാണെങ്കിൽ ക്ഷേമനിധി ഓഫീസിന്റെ ചുമതല ഗ്രാമപഞ്ചായത്തിലെ ഏൽപ്പിക്കുകയോ അഥവാ പഞ്ചായത്തിൽ ക്ഷേമനിധി ആഫീസ് പ്രവർത്തിക്കുകയോ ചെയ്യണം.

തൊഴിൽ വിദഗ്ദ തൊഴിലാളിക്ഷേമനിധി

ഈ പഞ്ചായത്തിൽ തയ്യൽ,ബാർബർ,ഇഷ്ടികതൊഴിലാളി,വാച്ച് ,സൈക്കിൾ റിപ്പയർമാർ,കൊല്ലന്മാർ, മോട്ടോർ വർക്കറുമാർ, ഫോട്ടോഗ്രാഫറുമാർ, മരംകയറ്റക്കാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്തുതലത്തിൽ ഒരു സെല്ല് രൂപീകരിണം. ഗ്രാമവാസികൾ അതിനുകീഴിൽ 50 സെല്ലുകൾ ഉൾകൊള്ളുന്നു. അയൽ കുട്ടകമ്മറ്റികൾ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

പൊതുവിതരണം:ഈ പഞ്ചായത്തിൽ ആകെ 6 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ഇതിൽ 2188 കാർഡുകൾ ഉണ്ട്. ഈ പഞ്ചായത്തിൽ മാവേലിസ്റ്റോറോ ഉപഭോക്ത സഹകരണ സംഘമോ പ്രവർത്തനം ഇല്ല.

റേഷൻഷോപ്പ് (പൊതുവിതരണ കേന്ദ്രം)

റേഷൻഷോപ്പു പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലായിരിക്കുന്നു. സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണ കേന്ദ്രത്തെ 1966 റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻഷോപ്പ് എന്ന് ആക്കിത്തന്നെമാറ്റണം. റേഷൻഷോപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ആവലാതികൾക്ക് പരിഹാരം കാണേണ്ടതാണ്.

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം. താലൂക്ക് സപ്ലേ ആഫീസിന്റെ കുത്തഴിഞ്ഞ പ്രവർത്തനത്തിന് പരിഹാരം കാണേണ്ടതാണ്.

ഈ പഞ്ചായത്തിൽ മാവേലിസ്റ്റോറും ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരണം അതിനായി ശ്രമിക്കുക സംഘടിക്കുക.

സംസ്ക്കാരം

ചരിത്രപാരമ്പര്യത്തിന്റെ വേരോട്ടം നൽകിയ ചരിത്ര തൂലിക അഞ്ചുനാടുകളിൽപ്പെട്ട മറയൂർ പഞ്ചപാണ്ഡവരുടെ കാലം കൊണ്ട് അനുഗ്രഹീതമായ പുണ്യഭൂമി പ്രകൃതിരമണീയതയാൽ മുളപ്പൊട്ടിയ ചന്ദനകാടുകൾ, പൂഞ്ഞാർ തമ്പുരാന്റെ ഭരണപ്രദേശം. രാജഭരണത്തിന്റെയും ബ്രിട്ടിഷ് സാമ്രാജ്യവാഴ്ചയുടെ കാലങ്ങളിലായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാനവർഗ്ഗം അനസ്യൂതമായ കാല പ്രവാഹത്തിലൂടെ രൂപം കൊണ്ട ചരിത്രബോധം ഈ ഗ്രാമജനതയുടെ സാംസ്കാരികം ഭാവിവീക്ഷണത്തെ സമ്പന്നമാക്കിയിരിക്കുന്നു.

സവർണ്ണ-സമ്പന്ന നാടുവാഴികളുടെ അധീശാധികാരത്തെ ചെറുത്തുനില്കാനാകാതെ അടിമത്വത്തിന്റെ പൂർണ്ണതയറിഞ്ഞ ഐതിഹ്യങ്ങൾ ഗ്രാമപഴമയായി ഇന്നും പ്രചാരത്തിലുണ്ട്. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ചു "തമിഴ്" സംസ്കാരത്തിന്റെ കമ്പന്റെ ചിലപ്പതികാരവും-തിരുവള്ളുവരുടെ തിരുകുറയും തുറന്നുവച്ച സംസ്കാരിക പൈതൃകത്വത്തിന്റെ ഐതിഹ്യങ്ങൾ പ്രദീപ്തമാക്കുന്നു. .300 വർഷങ്ങൾക്കുമുമ്പ് പടയോട്ടം പേടിച്ച് എല്ലാം വിട്ടെറിഞ്ഞ് ഒളിച്ചോടിയെത്തി വനാന്തരത്തിൽ കുടിൽ വച്ച് കാട്ടുകിഴങ്ങും കാട്ടു മൃഗങ്ങളെ ഭക്ഷണമാക്കി ജീവിതം തുടങ്ങിയ ജനത.

മധുരയിൽ നിന്നും കൂട്ടമായി വന്ന് അഞ്ചു നാട്ടിൽ പാറയിൽ തമ്പടിച്ചവർ അഞ്ചു മന്ത്രിമാരുടെ കീഴിൽ അഞ്ചായി പിരിഞ്ഞ് അഞ്ചുനാടുകളായ മറയൂർ-കാഞ്ഞല്ലൂർ-കീഴാത്തൂർ-കാരയൂർ-കൊട്ടാകൂടി എന്നീ ഊരുകളുടെ അധിപരായി മാറി അവരുടെ സഹായികളായി ആദിവാസികളും ഇവിടെ ജീവിച്ചു.

മരണവും ജനനവും കാതുകുത്തും ഋതുവും വാദ്യമേളങ്ങളോടെ സ്ത്രീകളും പുരുഷന്മാരുടെ കാട്ടുവിറകു കത്തിച്ച വെളിച്ചത്തിൽ കൈകോർത്ത് നൃത്തമാടി സായൂജ്യം കണ്ടെത്തിയ ആദി സംസ്കാരം. ചിത്തിര ആവണി-പുരട്ടാശു-കാർത്തിക-തൈപ്പൊങ്കൽ ഉത്സവത്തിന്റെ നാളുകൾ മൃഗയാവിനോദവും ആട്ടവും പാട്ടും ജല്ലകൊട്ടാക്കിയ അനുഗ്രഹീയ സംസ്കാരം.

വസന്തവും ഗ്രീഷ്മവും ശരത്തും ഹേമന്ദവും-മാറ്റങ്ങളുടെ മാറ്റൊലികൾ കൂടിയേറ്റങ്ങൾ -ഭൂമിവെട്ടിപ്പിടിയ്ക്കൽ പുതിയ സംസ്കാരം ഭൂതകാലത്തിന്റെ വേദനയും ഭാവിയുടെ സന്തോഷവും പുതിയ സംസ്കാരത്തിന്റെ ഉദയം.

ആദ്യമായി ഉദയം ചെയ്ത മറയൂർ നേതാജി മെമ്മോറിയൽ റിക്രിയേഷൻക്ലബ് നാച്ചുവയൽ, പ്രിയദർശിനി യൂത്തുക്ലബ് കുമ്മാട്ടികുളി എന്നി സംസ്കാരിക കേന്ദ്രങ്ങൾ പിച്ചവെയ്ക്കുന്നു. N.M.R.ക്ലബ് മറയൂർ പ്രവർത്തനമില്ലാതിരിക്കുന്നു. 1. 9388.

മറയൂർ പഞ്ചായത്തിന്റെ [illegible] രാമസ്വാമിപിള്ള മെമ്മോറിയൽ വായനശാല അറിവിന്റെ ആശ്വാസമായി പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ.

കായികരംഗം

1. കളിസ്ഥലമില്ലാതെ കായികരംഗം തളർന്ന് ഈ ഗ്രാമത്തിൽ പൊതുകളിസ്ഥലം നിർമ്മിക്കുകയും വരും തലമുറകളെ എങ്കിലും കായിരംഗത്തു പ്രാഗല്ഭ്യം ഉണ്ടാക്കുവാനുള്ള അടിയന്തിര നടപടിസ്ഥിതീകരിക്കുകയും ചെയ്കു.
2. ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമായ ഈ സ്ഥലത്ത് ആധുനിക സൗകര്യത്തോടെ വിവരഗ്രഹണകേന്ദ്രം സ്ഥാപിക്കുക.
3. 8 വാർഡുകളിലും അവിടത്തെ സംസ്കാരികസംഘടനകളുടെ മേൽ നോട്ടത്തിൽ വായനശാലകൾ ആരംഭിക്കുകയും ചെയ്യുക.
4. കലാ സാഹിത്യ പഠനകളരി ആരംഭിക്കുക.
5. സാക്ഷരതാപ്രവർത്തനങ്ങൾ പുനർജ്ജീവിപ്പിക്കുക.
6. എല്ലാ ആദിവാസി കോളനികളിലും സൗരോർജ്ജസെൽ കൊണ്ട് പ്രവർത്തിക്കുന്ന സെൻറർ സ്ഥാപിക്കുക.
7. ആദിവാസികളുടെ പാരമ്പര്യകലകൾ പരിപോക്ഷിപ്പിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ വേണ്ട പ്രോത്സാഹനം നടത്തുക.
8. പഞ്ചായത്തു തലത്തിൽ സാസക്കാരിക സംഘടന രൂപീകരിക്കുക.
9. പഞ്ചായത്തുതലത്തിൽ ഒരു ഫൈനാൻസ് സൊസൈറ്റി രജിസ്ട്രർ ചെയ്ത് സംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിന്, അനിവാര്യമായ ആഡിറ്റോറിയം നിർമ്മിക്കുക.
10. എല്ലാവിദ്യഭ്യാസ സ്ഥാപനങ്ങളിലും വായന ശാലകൾ, തുടങ്ങുകയും നിലവിൽ ഉള്ളത മെച്ചപ്പെടുത്തുകയും ചെയ്യുക.
11. എല്ലാവിദ്യാലയങ്ങളിലും ചിത്രകല, ശിപ്പകല, സംഗീതം, നൃത്തം, സാഹിത്യം, നാടകം, എന്നിവ ശാസ്ത്രീയമായി പഠിപ്പിക്കുക.
12. ഈ പഞ്ചായത്തിലെ മുനിയറകൾ, ഗുഹകൾ, ശിലാലിഖിതങ്ങൾ, എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ രംഗപ്രവേശം അന്യരാഷ്ട്രങ്ങളിലെ ഗ്രാമങ്ങളും നമ്മളും തമ്മിവുള്ള അകലം തന്നെ കുറച്ചിരിക്കുകയാണ്. സംസ്കാരങ്ങൾ തമ്മിൽ കേന്ദ്ര ആദാന പ്രദാന പ്രക്രിയകൾ പ്രകാരം സംസ്കാരകാധിനിവേശത്തിന് നാം മൂകസാക്ഷികളായിരിക്കുന്നു. പരിവർത്തനത്തിന്റേതെന്നു പ്രശംസിയ്ക്കപ്പെടുന്ന ഈ കാലവും ലോകമൂല്യാപചയത്തിന്റെ അഗാധഗർത്തത്തിലേക്ക് അനുദിനം നീങ്ങുന്ന കാഴ്ച ഭീതിതമാണ്. മറയൂരും ഇതിൽ നിന്നും ഭിന്നമല്ല.

ജീവിതത്തിന്റെ നാനാ മേഖലകളിലും ഗുണപരമായ മാറ്റം 5 വർഷംകൊണ്ടുവരത്തുവാൻ സംസ്കാരികമണ്ഡലത്തിലെ ഉയർത്തെഴുന്നേല്പ്പ്കൊണ്ട് നമുക്ക് സാധിക്കാം. അമൂല്യമെന്ന് അനുമാനിച്ചിട്ടുണ്ട്. [illegible] മൂല്യങ്ങൾക്ക് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരേ ജാഗരൂകതയും പ്രതിരോധനിരപടുത്തുയർത്തി പ്രതിരോധശക്തികളെ ചെറുത്ത് തോല്പിക്കുക. ഇവ നമ്മുടെ ചരിത്രപരമായ കർത്തവ്യം.

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനമായിട്ടാണ് അഫിലിയറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
1.	നേതാജിമെമ്മോറിയൽ റിക്രിയേഷൻ ക്ലബ്			വാടക			കലാകായികരംഗത്ത് പ്രവർത്തിക്കുന്നു
2.	എം. ആർ. സി.	1988		വാടക			ആർട്സ് സ്പോർട്സ് ക്ലബ്
3.	പോഗ്രസ്സീവ്യൂത്ത് ക്ലബ് ആനക്കാൽപ്പെട്ടി.						ആർട്സ് സ്പോർട്സ്
4.	ഹിന്ദുമലവേടൻ യൂത്ത്ക്ലബ് മറയൂർ ഗ്രാമം.						
5.	സർഗ്ഗ ആർട്സ് സ്പോർട്സ് ക്ലബ്	1994	57	വാടക			ആർട്സ് സ്പോർട്സ്
6.	പ്രിയദർശിനി യൂത്ത് ക്ലബ് കുമ്മിട്ടാംകുടി.						
7.	K.C.Y.M. മറയൂർ						
8.	P.L.R. മെമ്മോറിയൽ വായനശാല മറയൂർ	94	133				
9.	സൃഷ്ടികലാ സാംസ്കാരിക കേന്ദ്രം	1996	24				
10.	ഇളഞ്ഞർനർ പണി മൻരം മറയൂർ	1972	35	വാടക			പ്രവർത്തനം ഇല്ല

"വനിത"

വികസനത്തിന്റെ ക്ഷേത്രത്തിലേക്കുള്ള കവാടമാണ് സ്വന്തം അജ്ഞതയെ കുറിച്ചുള്ള അറിവ്"

ഭാരതത്തിലെ ജനാതിപത്യപ്രക്രിയയുടെ പ്രധാന ദൗർബല്യങ്ങളിലൊന്നാണ് സ്ത്രീകളുടെ അദൃശ്യതയാണ്. ഭാരതത്തിന്റെ ഭരണ രംഗത്ത് ഒരു നിശ്ചിത ശതമാനത്തിലധികം വന്നിട്ടില്ല. കേരളത്തിന്റെ നിലയും വ്യത്യസ്തമല്ല. ഒരർത്ഥത്തിൽ ഇത് ഒരു വിരോധാഭാസമായി തോന്നാം. കാരണം പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള സംസ്ഥാനമാണ് കേരളം. മാത്രമല്ല, വിദ്യാഭ്യാസ പുരോഗതിയിലും കേരളത്തിലെ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ ഏതാണ്ട് തുല്ല്യത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും വനിതകളുടെ പെതു സാമൂഹ്യ പദവി നമ്മുടെ സംസ്ഥാനത്തും അധമമായിതന്നെ തുടരുന്നു. നമ്മുടെ പഞ്ചായത്തിന്റെയും സ്ഥിതി വ്യത്യസ്തമല്ല.

ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ പഞ്ചായത്ത്‌രാജ് സ്ത്രീകൾക്ക് അംഗത്വത്തിലും പ്രസിഡന്റ് സ്ഥാനത്തിലും മുന്നിലൊന്ന് സംവരണം ചെയ്തിരിക്കുന്നതിന്റെ പ്രാധാന്യം തെളിയിക്കുന്നത്. ഇതിന്റെ ഫലമായി 4543 വനിതകളെങ്കിലും പഞ്ചായത്ത് മുനിസിപ്പൽ സമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കും. ഇവരിൽ 472 പേരെങ്കിലും സമിതി അധ്യക്ഷകളായിരിക്കും. 364 പേരെങ്കിലും പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടവരായിരിക്കുമെന്നത് പ്രസ്താവ്യമാണ്.

സംവരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന പ്രാധിനിത്യം ഒന്നുകൊണ്ടുമാത്രം സ്ത്രീകളുടെ ഭരണ പങ്കാളിത്തം ഉറപ്പാക്കാനാവുകയില്ല. ശരിയായ കാഴ്ചപ്പാടിന്റെ അഭാവം കഴിഞ്ഞ കാലങ്ങളിൽ ഭരണ രംഗത്ത് ഉണ്ടായിരുന്നു. ഭൂരിഭാഗം വനിതാ പ്രതിനിധികളുടെയും പ്രവർത്തനത്തെ ദുർബ്ബലപ്പെടുത്തിട്ടുണ്ട്. പതിവു ചുമതലകൾ നിറവേറ്റലും കമ്മറ്റിയിലെ വോട്ടെടുപ്പിൽ അവകാശം വിനിയോഗിക്കലും മാത്രമായി പല വനിതാ പ്രതിനിധികളുടെയും പ്രവർത്തനമേഖല ~~മാനമെടുക്കാനും മുൻകൈ ലഭിക്കാത്ത~~ ഒരു സാമൂഹ്യ സംവിധാനത്തിൽ ഇതിലേറെയൊന്നും ചെയ്യാൻ സ്ത്രീകൾക്കു കഴിയില്ലയെന്നതാണ് ഇത്രയും കാലത്തെ അനുഭവം തെളിയിക്കുന്നത്.

ഈ സാഹചര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ യഥാർത്ഥ ഭരണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതുവഴി ഈ പഞ്ചായത്തിന്റെ നില മെച്ചപ്പെടുത്തുന്നതിനും എന്തു ചെയ്യണം? തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികൾ മാത്രമല്ല രാഷ്ട്രീയ പാർട്ടികളും ലിംഗ നീതി ഉറപ്പുവരുത്തുന്നതിൽ തലവരായ എല്ലാവരും ഗൗരവമായി ആലോചിക്കേണ്ട ഒരു വിഷയമാണിത്.

വനിതാ വിവേചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മൂന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങി കൂടുകയാണ്. മറയൂറിലും ഈ പ്രവണത സജീവമായിരിക്കുന്നു.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. കുടിപ്പള്ളികൂടത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് വായിക്കാനും എഴുതാനും അറിവുലഭിച്ചിരുന്നത്. എന്നാൽ എല്ലാ ജാതിയിൽപ്പെട്ടവർക്കും ഇവിടെ പ്രവേശനമില്ലായിരുന്നു. ആഘോഷങ്ങളിലും അതുപേലെയുള്ള പെതു പരിപാടികളിലും പെതുവെ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. 1991 - ലെ സെൻസസ് പ്രകാരം മറയൂറിലെ സ്ത്രീകളുടെ സംഖ്യ പുരുഷജനസംഖ്യയെക്കാൾ കൂടുതലാണ്. സ്ത്രീജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. ആറ് വയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണത്തെക്കാൾ കൂടുതലാണ്.

1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകളുടെ ജോലി അടുക്കള ജോലിയിലൊതുങ്ങി.

ഇതിന്റെയെല്ലാം ഫലമായി വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് പുരുഷന്മാരെക്കാൾ മുമ്പന്തിയിലാണ് സ്ത്രീകൾ.

തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991 - ലെ സെൻസസ് പട്ടികകൾ താഴെ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകൻ	16	89
കർഷകതൊഴിലാളി	1913	1416
മൃഗസംരക്ഷണം	66	28
ചെറുകിട വ്യവസായം	26	46
കെട്ടിട നിർമ്മാണം	24	41
ഗതാഗതം വാർത്താ വിനിമയം		139
വ്യാപാരം	9	60
മറ്റുള്ളവ	39	147

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്നതാണ് പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴിവളർത്തൽ, അടുക്കളത്തോട്ടം) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയെത്നം അടിയന്തരാവശ്യമാണ്.

സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികളാണ് മുമ്പന്തിയിൽ. പ്രീഡിഗ്രി തലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. ഉള്ളവരുടെ വിദ്യാഭ്യാസം എം. എ. വരെ മാത്രമാണ്

സ്ത്രീകൾക്ക് നേരേയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ഈ കാലയളവിൽ സ്ത്രീപീഢന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ 1990 - ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകരമായിട്ടുണ്ട്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിലിന് കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	20 - 35	50 - 65
നിർമ്മാണ തൊഴിലാളി	45 - 60	100 - 125

സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകൾ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തെഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദത്തോടും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവേ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാതിത്വം ഏൽപ്പിക്കുവാനുള്ള താൽപര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസം ഇല്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് താങ്ങൾ എന്നും പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള ,തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃത്വ നിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതു പ്രവർത്തന രംഗത്ത് മുൻ പരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവയ്ക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. സ്ത്രീകളുടെ തൊഴിൽ യൂണിറ്റുകളും, സഹകരണം, സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. അഭ്യസ്ഥ വിദ്യരായ വനിതകൾക്ക് തയ്യൽ, നെയ്ത്ത് തുടങ്ങിയ പരിശീലനം നൽകുന്നതോടൊപ്പം തൊഴിൽ നടത്തിപ്പോകുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
2. ചൂഷണത്തിന് വിധേയരായി ജീവിതമാർഗം നശിച്ച സ്ത്രീകളുടെ ഭാവി ജീവിതം സുരക്ഷിതമാക്കാനുള്ള മാർഗ്ഗം ഉണ്ടാക്കുക.
3. സ്ത്രീകൾക്ക് കംപ്യൂട്ടർ പരിശീലനവും ടൈപ്പ്റൈറ്റിംങ് പരിശീലനവും തുടങ്ങുന്നതിനുള്ള സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികളും സ്വീകരിക്കുക.
4. വിധവ പെൻഷൻ വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. വനിതകൾക്ക് നെറ്റിംങ്ങ് പരിശീലനം ലഭ്യമാക്കുക. കൂടാതെ അച്ചാർ ഉൽപാദനം, പപ്പടനിർമ്മാണം എന്നിവ തുടങ്ങുന്നതിനുള്ള ധനസഹായം നൽകുക.
6. വനിതകളുടെ ഉന്നമനത്തിനായി കോഴിവളർത്തൽ, പന്നി വളർത്തൽ, തേനീച്ച വളർത്തൽ, പച്ചക്കറിതോട്ടം നിർമ്മാണം നെയ്ത്ത് ശാലയിൽ പരിശീലനം ബിസ്ക്കറ്റ് ഫാക്ടറി തുടങ്ങുക. ബ്യൂട്ടി പാർലറുകളും തുടങ്ങുവാനുള്ള സഹായം ചെയ്തുകൊടുക്കുക.
7. മഹിളാസമാജത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
8. വനിതകളുടെ വികസനത്തിന് ഒരു വനിത സഹകരണ സംഘം സ്ഥാപിക്കുക.
9. മറയൂർ ഗ്രാമത്തിലെ കസ്തൂർബ മഹിളാ സമാജത്തിന്റെ കെട്ടിടം പഞ്ചായത്ത് ഏറ്റെടുത്ത് പുതിയ കെട്ടിടംനിർമ്മിക്കുക.
10. തയ്യൽ, പ്ലാസ്റ്റിക് കൂട, സെറ്റർ തുടങ്ങിയവ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട കൈത്തൊഴിലുകളും പരിശീലിപ്പിക്കുകയും പരിശീലനം കിട്ടിയവർക്ക് തൊഴിൽ തുടങ്ങുന്നതിനുള്ള സാമ്പത്തീക സഹായം നൽകുക.

പ്രവർത്തനമേഖലയിൽ ഒന്നുപോലും സ്ത്രീകൾക്ക് അന്യമല്ലെന്നും സ്ത്രീകളും പുരുഷനോടൊപ്പം തന്നെ ഇത്തരം രംഗങ്ങളിൽ ഇടപെടാൻ കഴിവുള്ളവരാണെന്നും അവകാശമുള്ളവരാണെന്നും ഉള്ളതാണ് ഓരോവികസന സ്കീമിനെയും സ്ത്രീ പക്ഷത്തുനിന്ന് അവലോകനം ചെയ്യുകയും അവയുടെ ഗുണവും സ്ത്രീ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനുമാണ് ബോധപൂർവ്വമായ പരിശ്രമം നടത്തുകയും വേണം.

സ്ത്രീകളുടെ രാഷ്ട്രീയ ഉത്തരാവാദിത്വം വർദ്ധിപ്പിക്കുവാനും പുരുഷനുമായി ചേർന്ന് കൂട്ടായ പ്രവർത്തനം വിപുലപ്പെടുത്താനും സാമൂഹിക പദ്ധതി ഉയർത്തുവാനും സഹായകമായി പുതിയ അവസരങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്ന പക്ഷം ഈ പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ ഗുണപരമായ [illegible] മാറ്റത്തിന് നമുക്ക് സജ്ഞരാകാം.

സഹകരണം

"Each For All- All For Each"

(വ്യക്തി സമൂഹത്തിനും സമൂഹം വ്യക്തിക്കും)

ഋണ ബാധ്യതകളിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് ഓഫ് 1904)അടിസ്ഥാനത്തിൽ രൂപികൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്.

മറയൂർ പഞ്ചായത്തിൽ, മറയൂർ വില്ലേജിൽ T. L. രാമസ്വാമിപിള്ള മറയൂർ, ചിന്നസ്വാമി പിള്ള മറയൂർ, ദാമോദര മന്നാടിയാർ വട്ടവട. O. P. രാജഗോപാൽ കാന്തല്ലൂർ, കൃഷ്ണസ്വാമി പുത്തൂർ, C.സുബ്രമഹ്ണ്യം മറയൂർ, റൈസ്പെക്ട് ശങ്കരപ്പിള്ള, K. ഭാസ്ക്കരപിള്ള മറയൂർ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച സഹകരണ സംഘത്തിൽ ഒരു ഷെയറിന് ബ്രിട്ടീഷ് രൂപ 5 ഉം പ്രവേശന ഫീസ് 7 ചക്രം 2 കാശുമായിരുന്നു. പ്രവർത്തനാരംഭത്തിൽ തന്നെ സംഘം വമ്പിച്ച പുരോഗതി കൈവരിക്കുകയും ചെയ്തതായി ഇന്നു ജീവിച്ചിരിക്കുന്ന പഴമക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞു. (റിക്കാർഡുകൾ ലഭ്യമല്ല.)

22-3-1965-ൽ കൂടിയ പൊതുയോഗം മുതലുള്ള റിക്കാർഡുകൾ ലഭ്യമാണ്. റിക്കാർഡുകൾ അനുസരിച്ച് കോട്ടയം ഡിസ്ട്രിക് കോപ്പറേറ്റീവ് രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം T. L.രാമസ്വാമിപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് T. L.രാമസ്വാമി പിള്ള, K. ഭാസ്ക്കരപിള്ള, E. K.സുകുമാരൻ, V. ദണ്ഡായുധൻ പിള്ള, P. K.തങ്കപ്പൻ നായർ മാധവൻ പിള്ള C.മൈയിൽ സ്വാമി എന്നിവരെ ഭരണ സമിതിയംഗങ്ങളായി തിരഞ്ഞെടുക്കുകയും T. L. രാമസ്വാമിപിള്ള സെക്രട്ടറിയായും K. ഭാസ്ക്കരപിള്ള പ്രസിഡൻറായും സേവനം തുടരുകയും ചെയ്തു.

കോ-ഓപ്പറേറ്റീവ് സ്റ്റോർ, റേഷൻ കട, കാർഷിക വായ്പകൾ എന്നിവ മുഖേന അംഗങ്ങൾക്ക്അസൂയാവഹമായ സേവനങ്ങളാണ് കാഴ്ചവച്ചത്. കാലചക്രം തിരിയവേ, സംഘം പ്രവർത്തന ക്ഷമമല്ലാതായി തീരുകയും പ്രവർത്തനം നിർത്തിവയ്ക്കപ്പെടുകയും ചെയ്തു.

പ്രവർത്തനാരംഭത്തിൽ T. L. രാമസ്വാമിപിള്ള സെക്രട്ടറിയും നാരായണപിള്ള , K.ബാലകൃഷ്ണൻ നായർ, M. S. സേതുറാം എന്നിവർ ജീവനക്കാരുമായിരുന്നു. M. C. ജോൺ ശ്രീധരൻ എന്നിവരും സെക്രട്ടറിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വീണ്ടും ഒരു ഉദയം.

1968-ൽ പ്രവർത്തം നിലച്ച സംഘം വീണ്ടും പുൻർജ്ജീവിക്കുവാൻ 1972-ൽ ശ്രമം ആരംഭിക്കുകയും യുവതലമുറകളിൽപ്പെട്ട ശ്രീ കണ്ടുവിലാസം N. രാഘവൻ നായർ, മുണ്ടപുഴ ജോസ്, തെങ്ങുംപിള്ളിൽT.T ജോസഫ്, ശാരദാ മഠത്തിൽ S. K.രാധാകൃഷ്ണൻ നായർ, C. R. രാമസ്വാമി, V. പാൽരാജ്, V. ദണ്ഡായുധൻ പിള്ള, വട്ടവയലിൽ V. T. ജോർജ്ജ്, പനന്താനത്ത് ഐപ്പ് വർഗ്ഗീസ്, P. N. പുരുഷോത്തമൻ നായർ തുടങ്ങിയവരുടെ ശ്രമഫലമായി അംഗങ്ങളെ ചേർക്കുവാൻ തുടങ്ങുകയും ജനങ്ങളിൽ നിന്നും ആവേശകരമായ സ്വീകരണം ലഭിക്കുകയും ചെയ്തു.

1973-ൽ ജനുവരി മാസം 7-ാം തീയതി താൽക്കാലിക സെക്രട്ടറിയായ N. രാഘവൻ നായരുടെ ശ്രമഫലമായി ജനാധിപത്യ രീതിയിൽ ഇലക്ഷൻ നടത്തുകയും M. J.ജോസ് (പ്രസിഡൻറ്) C. A.ജോസഫ്,C. R. രാമസ്വാമി, P. വിജയൻ- K.C. പ്രഭ, N. ചിന്നതമ്പി, രാമസ്വാമി എന്നിവർ ആദ്യമായി തിരഞ്ഞെടുപ്പിലൂടെ ഭരണ സമിതി നിലവിൽ വരികയും ചെയ്തു. ആസ്തി ഒന്നുമില്ലാതിരുന്ന സംഘത്തിൽ N. രാഘവൻ നായർ, S. K. രാധാകൃഷ്ണൻ നായർ എന്നിവർ വേതനരഹിത തൊഴിലാളികളായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. പനന്താനം ഫിലിപ്പ് അവർകളുടെ സേവനവും പ്രസ്താവ്യമാണ്.

ചെറിയ തോതിൽ വളം വ്യാപാരം ആരംഭിക്കുകയും കാർഷിക ലോൺ വിതരണം ചെയ്യുകയും ചെയ്തു. വളരെ പെട്ടെന്നു തന്നെ സംഘം പുരോഗമനത്തിലെത്തുകയും N. രാഘവൻ നായർ സെക്രട്ടറിയായും S. K. രാധാകൃഷ്ണനെ സെയിൽസ് മാനായി സഹകരണ സംഘം നിയമത്തിനു വിധേയമായി നിയമിക്കുകയും ചെയ്തു.

ഹ്രസ്വകാല കാർഷിക വായ്പകൾ, മധ്യകാല വായ്പ, ബിസിനസ് ലോൺ, തൊഴിലധിഷ്ഠിത ലോൺ, കീടനാശിനി, വളം, നിത്യോപയോഗ സാധനങ്ങൾ, ടെക്സ്റ്റൈൽ തുടങ്ങിയ വ്യാപാര മേഖലകളിലേക്ക് വ്യാപിക്കുകയും സംഘം വൻ പുരോഗതി കൈവരിക്കുകയും S. കൃഷ്ണസ്വാമി R.കുളന്തൈ രാജ് എന്നിവരെ കൂടി തൊഴിലാളികളായി നിയമിക്കുകയും ചെയ്തു.

T.T ജോസഫ്, V. G. സെബാസ്റ്റ്യൻ, ജോസ് ആൻറണി എന്നിവർ പ്രസിഡൻറ് പദം അലങ്കരിക്കുകയും സംഘത്തിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ശ്രീ T.T ജോസഫിന്റെ ഭരണകാലത്ത് ഇപ്പോൾ സംഘം പ്രവർത്തിക്കുന്ന സ്ഥലം പന്നിവായ്ക്കരയിൽ ഒരു കെട്ടിടം, കരിമുട്ടിയിൽ രണ്ട് ഏക്കർ സ്ഥലം എന്നിവ സമ്പാദിക്കുവാൻ കഴിഞ്ഞുവെന്ന കാര്യം പ്രസക്തമാണ്.

ഇപ്പോഴത്തെ പ്രസിഡൻറ് V. തമ്പിരാജിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതി സംഘത്തിന്റെ സ്വന്തം സ്ഥലത്ത് കെട്ടിടം പണിയുകയും 7-7-96-ൽ പുതിയ കെട്ടിടത്തിൽ സംഘം പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഇപ്പോഴത്തെ ഭരണ സമിതി അംഗങ്ങളും ജീവനക്കാരും.	
അംഗങ്ങൾ	ജീവനക്കാർ
1. V. തമ്പിരാജ് (പ്രസിഡൻറ്	1. K. P. ജോർജ്ജ്
2. V. S. ശശികുമാർ	2. S.കൃഷ്ണസ്വാമി
3. R.വേണുഗോപാലൻ നായർ	3. R. E. അരുൾ ജ്യോതി
4. ജിമ്മി കുര്യാക്കോസ	4. ജോർജ്ജ് കുഞ്ഞപ്പൻ
5. മുരുകേശൻ	5. R.കുളന്തൈരാജ്
6. ചെല്ലം ദേവദാസ്	
7. ശിങ്കരാജ്	
8. S. മുഹമ്മദ് ഇസ്മായിൽ (ജില്ലാ ബാങ്ക് ഡെലഗേറ്റ്)	

പട്ടിക I

സംഘത്തിന്റെ പേര്	മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-2022
പ്രവർത്തന പരിധി	മറയൂർ പഞ്ചായത്ത്
ക്രഡിറ്റ്/ -Non ക്രഡിറ്റ്	ക്രഡിറ്റ്
പ്രവർത്തനം ആരംഭിച്ച വർഷം	21-3-1112 (M. E.)
ആകെ അംഗങ്ങൾ	3358
ഒരു ഓഹരി വില	10 രൂപ
അംഗീകൃത ഓഹരി മൂലധനം	25 ലക്ഷം രൂപ (25,00,000/-)
പിരിഞ്ഞു കിട്ടിയ ഓഹരി	266576/50

സർക്കാർ ഓഹരി	41,5000/-
പരമാവധി കടം എടുക്കാവുന്ന തുക	25,000/-
നിക്ഷേപം	29,52,286.
നല്കിയിട്ടുള്ള വായ്പകൾ	
കാർഷിക വായ്പകൾ	26,41,460
മറ്റ് വായ്പകൾ	684758
പ്രത്യേക വായ്പകൾ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പ	2611101
കിട്ടാനുള്ള വായ്പകൾ	1136808
എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ്	18218
കണ്ടിജൻസി ചാർജ്ജ്	**18544 രൂപ 25 പൈസ**
സംഘം നടത്തുന്ന പ്രവർത്തനങ്ങൾ	വളം വ്യാപാരം.

പട്ടിക-2

സംഘത്തിൻെറ പേര്- ഹൈറേഞ്ച് വെൽഫെയർ സൊസൈറ്റി.

പ്രവർത്തനാരംഭ വർഷം	- 1904 (23-3-94)
പ്രവർത്തന പരിധി യത്തുകൾ	- മറയൂർ കാന്തല്ലൂർ പഞ്ചായത്തുകൾ
വ്യക്തി അംഗങ്ങൾ	- 277
ഓഹരി മൂലധനം-27700	
വ്യാപാര ഇടപാടുകൾ	- എലക്കൽ മാൻക്ക് സൊസൈറ്റി 280-57000/-
നിക്ഷേപം	- 6800/-
പ്രവർത്തന മൂലധനം	- 19000/-
നഷ്ടമോ ലാഭമോ	- ലാഭം.
ജീവനക്കാർ	- 6 പേർ സ്ഥിരമായും ഒരാൾ താല്കാലികവും.

വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ.

1. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണ പണയ വായപ, ഭവൻ നിർമ്മാണ വായ്പ, സ്വയം തൊഴിൽ വായ്പ എന്നിവ നല്കുക.
3. സ്വകാര്യ ചിട്ടി ഇടപാട് ഇന്ന് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ബാങ്ക് കൂടുതൽ ചിട്ടികൾ നടത്തുകയും ചിട്ടി നിയമ വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കുകയും, കുടിശിഖ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യുക. കൂടാതെ ഇന്ന് കണ്ണൂർ ജില്ലയിൽ നടത്തി വരുന്ന ഗ്രൂപ്പ് ഡെമോസിറ്റ്സ് സ്കീം എന്ന പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്യുക.
4. ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പ് പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കി എപ്പോൾ വേണമെങ്കിലും പണം പിൻവലിക്കാവുന്ന സാഹചര്യം നടപ്പിൽ വരുത്തുക.
5. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.
6. സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ തലത്തിലും, ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.
7. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കു വിലയിടിവു വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് കീ ലോൺ അനുവദിച്ചു കിട്ടുവാൻ സംവിധാനം ഉണ്ടാക്കുകയും ഉൽപ്പന്ന സംഭരണത്തിനായി ബാങ്കിൽ മുകൾ നിലകൾ പണിത് ഗോഡൗൺ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. ഗോഡൗൺ നിർമ്മിക്കുവാൻ വായ്പയും സബ്സിഡിയും എൻ. സി. ഡി. സി. സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കണം.
8. പന്നിവായ്ക്കരയിലുള്ള കെട്ടിടം പുതുക്കി പണിത് കർഷകരുടെ ഉൽപ്പന്നം സംഭരിക്കുവാൻ ഗോഡൗൺ ആക്കി മാറ്റുക.
9. നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ മറയൂർ- പഞ്ചായത്തിലെ നെൽപ്പാടങ്ങൾ കരിമ്പ് പാടങ്ങളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. നെൽകൃഷിക്ക് സർക്കാരിൽ നിന്നും നല്കി വരുന്ന സബ്സിഡി നാമ മാത്രമാണ്. ഒരു ഏക്കറിൽ ചുരുങ്ങിയത് 1500/- രൂപയെങ്കിലും സബ്സിഡിയായും മേൽത്തര വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, കൊയ്ത്തു മെതി യന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇതിനായി പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക.
10. ദീർഘകാല വായ്പ നൽകി വരുന്ന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതവത്ക്കരിക്കണം. കൂടാതെ പഞ്ചായത്തിൽ ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിൻെറ പ്രവർത്തനം കൂടുതൽ ജനകീയ വത്ക്കരിക്കണം
11. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ (1, 2, 3, 8) മാവേലി സ്റ്റോറുകൾ തുറക്കുകയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുകയും കൺസ്യൂമർ സംഘങ്ങൾക്കു വരുന്ന നഷ്ടം സിവിൽ സപ്ലൈയിസ് കോർപ്പറേഷനു വരുന്ന നഷ്ടം പോലെ കണക്കാക്കി സബ്സിഡി അനുവദിച്ച് നഷ്ടം നികത്തി മാവേലി സ്റ്റോർ തുടരേണ്ടതാണ്.
12. സർക്കാർ ഫണ്ടുകളും പഞ്ചായത്തു ഫണ്ടുകളും സർവ്വീസ് സഹകരണ ബാങ്കും നിക്ഷേപിച്ചാൽ സംഘത്തിൻെറ പ്രവർത്തനം പുരോഗമിക്കുകയും 50 കി. മീ. ദൂരെയുള്ള ട്രഷറിയിൽ പോകുന്നത് ഒഴിവാക്കാവുന്നതുമാണ്. ഇതിന് സർക്കാരിൽ നിന്നും വേണ്ട നിർദ്ദേശം ഉടൻ നടപ്പിൽ വരുത്തണം.
13. കർഷകരുടെ പ്രധാന ഉൽപന്നമായ ശർക്കര സംഘം ശേഖരിച്ച് എല്ലാ ആഴ്ചയിലും ലേലം ചെയ്യുകയും ചെയ്യണം. ഇതു മൂലം മധ്യവർത്തികളിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുവാൻ കഴിയും.
14. ഭവന നിർമ്മാണ വായ്പകൾ സംഘം മുഖേന വിതരണം ചെയ്യുകയും സർക്കാർ ഫണ്ട് സംഘത്തിൽ നിക്ഷേപിക്കുകയും ചെയ്യുക.
15. കെട്ടിട നിർമ്മാണ വസ്തുക്കൾ സംഘം സ്റ്റോർ മുഖേന വിതരണം ചെയ്യുകയും ആയതിന് ലോൺ അനുവദിക്കുകയും ചെയ്യുക (സിമൻറ്, കമ്പി, ഷീറ്റ്)
16. ഗിരിവർഗ്ഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗമായ പുൽതൈലം സംഘം ശേഖരിച്ച് വിൽപ്പന നടത്തുക.

നിർദ്ദേശങ്ങൾ

1. മറയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുകയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്യണം. കൂടാതെ, ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡെലിവറി സിസ്റ്റം നടപ്പിലാക്കുക.

2. സഹകരണ സംഘം മുഖേന വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടു ബുക്കുകൾ, യൂണീഫോമുകൾ, കോസ്മറ്റിക് സ്റ്റേഷനറി സാധനങ്ങൾ എന്നിവ വിതരണം ചെയ്യുക.

ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും, ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടിഒരു പട്ടിക ജാതി സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്.

ലേബർ കോൺട്രാക്ട് സഹകരണ സംഘം.

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ മറയൂർ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനു പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്തേണ്ടതും കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘം ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

കോഴി വളർത്തൽ സഹകരണ സംഘം.

കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചി കോഴി, കോഴി മുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴി വളർത്ത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണീറ്റുകളായി കോഴി വളർത്തുകയും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

ഖാദി വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഖാദി വ്യവസായ സഹകരണ സംഘങ്ങൾ ശർക്കര പായ നിർമ്മാണം, ശർക്കര നിർമ്മാണം, ഇഷ്ടിക നിർമ്മാണം മുതലായവ തുടങ്ങാവുന്നതും ആയതിനുള്ള ഖാദി ബോർഡിൽ നിന്നുള്ള ധനസഹായം പഞ്ചായത്തു മുഖേന വിതരണം ചെയ്യേണ്ടതുമാണ്.

തൊഴിൽ സാധ്യതകൾ.

നിർദ്ദേശിച്ച പട്ടിക ജാതി സഹകരണ സംഘവും, ഖാദി വ്യവസായ സഹകരണ സംഘവും, കോഴി വളർത്തൽ സഹകരണ സംഘവും രൂപീകരിച്ചാൽ ഏറ്റവും ചുരുങ്ങിയത് ഇരുപത് പേർക്കെങ്കിലും പ്രത്യക്ഷമായി ജോലി നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ 1500 പേർക്ക് തൊഴിൽ സാധ്യതയുണ്ടാവുകയും ചെയ്യും.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്കും പ്രവർത്തനത്തിനും ആവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 250 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇത്രയും തുക മുതൽ മുടക്കുക വഴി ദാരിദ്ര്യനിർമ്മാർജ്ജനം ഒരു പരിധി വരെ പരിഹരിക്കാവുന്നതും 2186-ഓളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാകുന്നതുമാണ്.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷത്ക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മറയൂർ പഞ്ചായത്തിലെ 8 ഗ്രാമസഭകൾ ചർച്ച ചെയ്തു സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്തു ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച പ്രകാരത്തിലും രൂപത്തിലും ഭാവത്തിലും നടപ്പാക്കിയാൽ മറയൂർ പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും :-

ദേവികുളം താലൂക്ക് (S. C) ഇൻഡസ്ട്രിയൽ വർക്ക് ഷോപ്പ് കോഓപ്പറേറ്റീവ് സൊസൈറ്റി LTD No:I 23

മറയൂർ ഗ്രാമപഞ്ചായത്തിൽ 28 അംഗങ്ങളുടെ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അലുമിനിയ പാത്രനിർമ്മാണം സ്റ്റീൽ ഫർണീച്ചർ നിർമ്മാണം തുടങ്ങിയ മേഖലയിൽ പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്നു. ഇതു മൂല ം നേരിട്ട് 10 പേർക്കും പരോക്ഷമായി 15 പേർക്കും തൊഴിൽ നല്കാവുന്നതാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ഈ സ്ഥാപനം കാലക്രമേണ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭരണ സമിതി അംഗങ്ങൾ

1. S. രാജേന്ദ്രൻ (പ്രസിഡൻറ്)
2. S. പാൽരാജ് (കമ്മിറ്റി മെമ്പർ)
3. S. നല്ല മുത്തു(കമ്മിറ്റി മെമ്പർ)
4. M. രാമർ (കമ്മിറ്റി മെമ്പർ)
5. R. മണി (കമ്മിറ്റി മെമ്പർ)
6. A. P. ചാർലി (കമ്മിറ്റി മെമ്പർ)
7. G.വൈകുണ്ഠു (കമ്മിറ്റി മെമ്പർ)

പെയ്ഡ് സെക്രട്ടറി:- P. N. റാണി

എക്സ്പാർട്ട്-മാരിയപ്പൻ.

മാർക്കറ്റിംഗ് സഹകരണ സംഘം

ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പഞ്ചായത്തു കേന്ദ്രീകരിച്ചു ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുമൂലം പൊതു ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് ലഭിക്കുന്നതിനും കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും കഴിയും.

പഴം പച്ചക്കറി സഹകരണ സംഘം

ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട ഒരു പഴം പച്ചക്കറി വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാർക്കറ്റിംഗ് സഹകരണ സംഘം (SC/ ST)

ഹരിജനങ്ങളും ഗിരിജനങ്ങളും ഉല്പാദിപ്പിക്കുന്ന പുൽതൈലം , വനവിഭങ്ങൾ എന്നിവ ശേഖരിച്ചു വിപണനം നടത്തുന്നതിനായി ഒരു സംഘം രജിസ്റ്റർ ചെയ്യേണ്ടതും പ്രവർത്തനം എത്രയും വേഗം ആരംഭിക്കേണ്ടതുമാണ്. ഇതു മൂലം മദ്ധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കാവുന്നതും നേരിട്ട് 8 പേർക്ക് അനുബന്ധമായി 500 പേർക്കും തൊഴിൽ ലഭിക്കുന്നതുമാണ്. (വിപണനം നടത്താവുന്ന വനവിഭങ്ങൾ:-നെല്ലിക്ക, കടുക്ക, കണ്ണിമാങ്ങ, കാട്ടു പടവലം, കൊശുവട്ടി, തേൻ, വിവിധ ഇനം ഔഷധ സസ്യങ്ങൾ മുതലായവ കൂടാതെ ഈ സംഘം മുഖേന ഹരിജന ഗിരിജന മേഖലകളിൽ ഔഷധച്ചെടി കൃഷി ചെയ്യാവുന്നതുമാണ്. ഇതു മൂലം തൊഴിൽ മേഖലയിൽ വമ്പിച്ച നേട്ടം ഉണ്ടാകുന്നതുമാണ്.

ക്ഷീര വ്യവസായ സഹകരണ സംഘം

പഞ്ചായത്തു കേന്ദ്രീകരിച്ച് ക്ഷീര വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. (ചാരറ്റബിൾ ആക്ട് സൊസൈറ്റി) എങ്കിലും പാൽ വിറ്റഴിക്കുന്നതിനും കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്നതിനും കഴിയുന്നില്ല. പുതുതായി ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യുകയും പള്ളനാട് മറയ്ക്കൽ ടൗൺ, ഈക്കൽപെട്ടസ, ബാബു നഗർ, പട്ടിക്കാട്, കോവിൽ കടവ്, മേലാടി എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങേണ്ടതുമാണ് ഇതു മൂലം 24 പേർക്ക് തൊഴിൽ നല്കുന്നതിനും ക്ഷീരവ്യവസായം വളർത്തുവാനും ഉപകരിക്കും.

വനിതാ സഹകരണ സംഘം

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വനിതാ സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതും വനിതകൾക്കായി ആഡംബര വസ്തുക്കൾ നിർമ്മിക്കുന്നതിനും വിറ്റഴിക്കുന്നതിനും സ്വയം തൊഴിലിൽ പരിശീലനം നല്കാവുന്നതും റെഡിമെയ്ഡ് തുണിത്തരങ്ങൾ കമ്പിളി വസ്ത്രനിർമ്മാണം അലങ്കാര വസ്തു നിർമ്മാണം എന്നിവയിൽ പരിശീലനം നല്കുവാനും കഴിയും.

സ്കൂൾ സഹകരണ സംഘം.

എല്ലാ വിദ്യാലയങ്ങളിലും സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. എങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഈ സംഘങ്ങളുടെ നിയന്ത്രണം പഞ്ചായത്തിന്റെ കീഴിൽ ആക്കേണ്ടതും വേണ്ട ധന സഹായം അനുവദിക്കുകയും സ്കൂൾ ആരംഭത്തിൽ തന്നെ പഠന ഉപകരണങ്ങളും പുസ്തകം നോട്ടു ബുക്ക് മുതലായവ ലഭ്യമാക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ചുമതല വഹിക്കേണ്ടതാണ്.

കള്ളു വ്യവസായ സഹകരണ സംഘം.

ഈ പഞ്ചായത്തിലുള്ള ചെത്ത് തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ ഒരു കള്ളു ചെത്തു വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതുമൂലം 25 പേർക്ക് നേരിട്ടു തൊഴിൽ ലഭിക്കുന്നതിനും സാധിക്കും.

മറയൂർ പിന്നോക്ക വിഭാഗ ഗൂർഖമ്ഡസാരി ഇൻഡസ്ട്രിയൽ-Co. -OP. സൊസൈറ്റി LTD. സൊസൈറ്റി K. V. IND I No:27

ശർക്കര ഉൽപാദനത്തിന്റെ ആവശ്യത്തിലേക്കായി ഖാദി ബോർഡിന്റെ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം കുമ്മിട്ടാം കുഴി കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.

കമ്മിറ്റി അംഗങ്ങൾ

S. മുരുകൻ (പ്രസിഡൻറ്)

P. വേലാണ്ടി-(സെക്രറി)

P. മധുരൻ(കമ്മിറ്റി അംഗങ്ങൾ)

R. ഭഗവതി

P. പളനി സ്വാമി

N. രാമലിംഗം

S. മോഹനൻ

മറയൂർ പട്ടിക വർഗ്ഗ വ്യവസായ സഹകരമ സംഘം ലിമിറ്റഡ് No. K. V. INDI 105.

ഈച്ചംപുൽ ഉപയോഗിച്ച് ചൂല് നിർമ്മിക്കുന്ന ഒരു സഹകരണ സംഘം ഖാദി ബോർഡിന്റെ സഹായത്തോടു കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഭരണ സമിതി അംഗങ്ങൾ.

മുരുകേശൻ ഭഗവതി -പ്രസിഡൻറ്

കറുപ്പൻ മല്ലൻ-സെക്രട്ടറി

തങ്കരാജ് കണ്ണൻ -കമ്മിറ്റി മെമ്പർ.

ബാബു ചടയൻ

എസ്. ശെൽവരാജ്

കൃഷ്ണൻ തിന്നമരുതൻ

കാളി പെരിയകാളി.

സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ മറയൂർ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്ക് മുൻ ഗണന നൽകി നിശ്ചയിക്കുന്നതിനായി സമർപ്പിച്ചു കൊള്ളുന്നു.

പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിലും സാമ്പത്തിക രംഗത്തും വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്തു നിരവധി ചൂഷണത്തിന് വിധേയരായിുന്ന ഈ വിഭാഗത്തിന്, പുല്ലുവീടുകൾ മാറ്റി പുതിയ വീടുകൾ ലഭിച്ചു എന്ന പുരോഗതി കൈവരിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ അനുഭവിച്ച ഉച്ച നീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ടെങ്കിലും എല്ലാ ജാതി മതസ്ഥരുടേയും എല്ലാ തരം ചടങ്ങുകളിലും പങ്കെടുക്കുവാൻ വേണ്ട പരിഗണന വേണ്ടിയിരിക്കുന്നു.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സമ്പന്ധിച്ചു വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനില്ക്കുന്ന കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. S. S. L. C. യ്ക്കുശേഷ തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഈ കാര്യത്തിൽ വേണ്ട ശ്രദ്ധ പുലർത്തുന്നില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവന്ന നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്., പൊതുവേ ഈ വിഭാഗങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെങ്കിലും S. S. L. C. വരെ പഠിച്ചവർക്ക് വളരെ കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്തു ഉപജീവനം കഴിച്ചു വരുന്നവരാണ്. അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കുവാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്കു പോകുവാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിരിക്കുന്നത്. ഈ മേഖലയിൽ പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 40 രൂപയും കൂലി ലഭിക്കുന്നുണ്ട്. ഒരളവു വരെ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന "നടീൽ" തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ കൈ കൊള്ളേണ്ടതാണ്. കൂലിവേല മാത്രം ചെയ്ത് ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാഗത്തിൽ തൊഴിൽ ഉറപ്പു വരുത്തുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളുണ്ടെങ്കിലും ഒറ്റക്കുടുംബങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. ഇവയിൽ പലതും വിവിധ ഏജൻസികൾ നടപ്പാക്കി വരുന്ന വായ്പ എടുത്ത് കെട്ടിടം ഉണ്ടാക്കുന്നതിന് മധ്യവർത്തികളെ ഏല്പിച്ച് കടകെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളിലും പൂർത്തീകരിക്കാതെ കിടപ്പുണ്ട്. വീടു വയ്ക്കുവാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വെയ്ക്കാനാവശ്യമായ സ്ഥലവും, വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ.

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷത നിലനില്ക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷിക മേഖലകളിൽ നിന്ന് തൊഴിലാളികൾ പൊഴിഞ്ഞു പോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞു വരുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടും സ്ഥലവും ഇല്ല. വീടു വെയ്ക്കുവാൻ ലഭിക്കുന്ന ധനസഹായം കൊണ്ട് പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ആവശ്യത്തിനില്ല.
5. ഗിരിജനങ്ങൾക്ക് വൈദ്യുതി അത്യാവശ്യമായിരിക്കുന്നു
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺ മക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. I.R. D. P. യും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷൻ ഓഫീസ് കോട്ടയത്തും ദേവികുളത്തും പ്രവർത്തിക്കുന്നതിനാൽ ധനസഹായം എല്ലാവർക്കും ലഭിക്കുന്നില്ല എന്നു മാത്രമല്ല ലക്ഷ്യവും നേടുന്നില്ല.
11. പട്ടിക ജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ഇല്ലാത്തതിനാൽ കടകെണിയിൽപെട്ടു പോകുന്നു.

സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സർക്കാർ കൊടുത്ത വീടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനാ

വശ്യമായ ധനസഹായം അനുവദിയ്ക്കുകയും ചെയ്യുക.

2. റോഡുകളും വഴികളും നിർമ്മിച്ചു കൊടുക്കുക.

3. വൈദ്യുതീകരണം പൂർണ്ണതോതിൽ നടപ്പിൽ വരുത്തുക.

4. അംഗൻവാടികളും ഹെൽത്തു സെൻററുകളും ആദിവാസി കോളനികളിൽ സ്ഥാപിക്കുകയും വേണ്ട ഉദ്യോഗസ്ഥരെ നിർബന്ധമായും നിയമിക്കുകയും ചെയ്യുക.

5. വനങ്ങളിൽ കഴിയുന്ന ആദിവാസികൾക്ക് കാട്ടു മൃഗങ്ങളുടെ ഉപദ്രവത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനാവശ്യമായി വേലിയും വൈദ്യുതി പ്രസരിക്കുന്ന കമ്പിവേലിയും ലഭ്യമാക്കുക.

6. ഹരിജനങ്ങളല്ലാത്തവർ ഹരിജനങ്ങളായി സർട്ടിഫിക്കറ്റ് ഉണ്ടാക്കി ആനുകൂല്യം തട്ടിയെടുക്കുന്നത് തടയുന്നതിന് ജന്മ നാട്ടിൽ നിന്നുമുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ചതിന് ശേഷം ജാതി സർട്ടിഫിക്കറ്റ് നൽകുക.

8. ജലസേചനത്തിനും കുടിവെള്ളത്തിനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

9. അഞ്ചുനാട് ഖാദി ഗ്രാമ വ്യവസായ വനിതാ സൊസൈറ്റി (ഈച്ചംപുൽ) കാര്യക്ഷമമായി നടക്കുന്നില്ല. ഇതിനെ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി നടപടി സ്വീകരിച്ചാൽ ധാരാളം തൊഴിൽ സാധ്യത ഉണ്ടാകുന്നതാണ്.

10. S. T ശർക്കര സൊസൈറ്റി (മേലാടി) ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

11. കുമ്മിട്ടാം കുഴിയിലുള്ള കിൻറർ ഗിട്ടൻറെ പ്രവർത്തനത്തിന് കെട്ടിടം, ശമ്പളം, ആഹാരം, യൂണിഫോം എന്നീ ആവശ്യങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുക.

12. കൂടക്കാട്, കുമ്മാളം കുടി, [illegible] പെട്ടികുടി, ഇരുട്ടളകുടി, മാവേലി കുടി, പുതുക്കുടി എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾക്ക് ടീച്ചർമാരുടെ ശമ്പളം, ആയമാരുടെ ശമ്പളം, ആഹാരം, കെട്ടിടം, യൂണിഫോം എന്നിവ നല്കുക,

13. S. T കുട്ടികൾക്ക് 8,9 ക്ലാസ്സുകളിൽ വാർഷിക പരീക്ഷയ്ക്ക് 45% മാർക്കോ അതിൽ കൂടുതലോ ഉള്ളവർക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുകയും, S. S. L. C., P. D. C. ഡിഗ്രി ക്ലാസ്സുകൾ എന്നിവയിൽ പഠിക്കുന്ന S. T വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസത്തിൻറെ ചിലവ് മുഴുവൻ പഞ്ചായത്ത് വഹിക്കുകയും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് പൊതു സ്ഥലത്ത് വച്ച് പാരിതോഷികങ്ങൾ നൽകുകയും ചെയ്യുക.

14 S. S. L. C., P. D. C. എന്നിവയിൽ തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലിൽ പോയി പഠിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക.

15. സമർത്ഥരായ വിദ്യാർത്ഥികളെ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ ലഭിക്കുന്ന മാർക്കിൻറെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും അവരെ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിനാവശ്യമായ മുഴുവൻ ചിലവും, താമസ സൗകര്യങ്ങളും ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ, പ്രത്യേക ട്യൂഷൻ എന്നിവ നൽകുകയും ചെയ്യുക.

16. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രവർത്തിക്കുന്ന പഠന വിനോദ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫർണീച്ചർ, പാത്രങ്ങൾ പഠനോപകരണങ്ങൾ, വിനോദത്തിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാവശ്യമായ ധനസഹായം നല്കുക.

17. S. S. L. C പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് 20 ദിവസം നീണ്ടു നിൽക്കുന്ന ഭാരതദർശൻ /കേരള ദർശൻ പ്രോഗ്രാം സംഘടിപ്പിക്കുക.

18. പട്ടിക വർഗ്ഗക്കാർക്ക് വിവിധ മേഖലകളിൽ തൊഴിൽ അവസരം ഉണ്ടാക്കുകയും നെയ്ത്ത്, കാർപെൻററി, കൊല്ലപ്പണി, ലാബ് ടെക്നീഷ്യൻ തുടങ്ങിയവ പരിശീലിപ്പിക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

19. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കും ഇൻറർവ്യൂവിനും മത്സര പരീക്ഷകൾക്കും ഹാജർ ആകുന്നതിന് വേണ്ട യാത്രാബത്തയും ചിലവും നൽകുക.

20. ഭവന നിർമ്മാണത്തിനായി 25,000/ രൂപ അനുവദിക്കുക.

21. പുരകെട്ടി മേയുന്നതിനുള്ള ധനസഹായം 1000/ രൂപയാക്കി മാറ്റുക.

22. വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുവാനാവശ്യമായ ധനസഹായം അനുവദിക്കുകയും മേൽനോട്ടം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയെ ഏൽപ്പിക്കുകയും ചെയ്യുക.

23. വീടുകൾ വൈദ്യുതീകരിക്കുവാൻ ആവശ്യമായ തുക അനുവദിക്കുകയും വനം വകുപ്പിൽ നിന്നുള്ള തടസ്സം നീക്കുകയും ചെയ്യുക.

24. കുടിവെള്ളത്തിന് കിണറുകൾ, ടാങ്കുകൾ, പ്രകൃതിദത്ത ജലം ഉപയോഗിക്കൽ തുടങ്ങിയവക്ക് ആവശ്യമായ ധനസഹായം അനുവദിക്കുക.

25. ഭൂരഹിതർക്ക് ഭൂമി വാങ്ങി വീട് വച്ച് കൊടുക്കുന്നതിന് ധനസഹായം അനുവദിക്കുക.

26. ചികിത്സാ ധനസഹായം, വിവാഹം ചെയ്തവർക്ക് ധനസഹായം, നിർധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്നിവ നൽകുക.

27. പട്ടിക വർഗ്ഗ മഹിളാ സമാജങ്ങൾ കർഷക ക്ലാസ്സുകൾ, ആർട്സ് ആൻറ് സ്പോർട്സ്ക്ലബ് എന്നിവ തുടങ്ങുന്നതിനാവശ്യമായ ധനസഹായം നൽകുക.

28. ആരോഗ്യ സംരക്ഷണം, മെഡിക്കൽ ക്യാമ്പ്, പോഷക മൂല്യാഹാരങ്ങൾ, മരുന്നുകൾ, വിദഗ്ദ്ധ ചികിത്സ എന്നീ കാര്യങ്ങൾക്കാവശ്യമായ ധനസഹായം നൽകുക.

29. കാർഷിക നടീൽ വസ്തുക്കൾ പച്ചക്കറി, നെൽകൃഷി, കരിമ്പ്, മൽബറി എന്നിവ കൃഷി ചെയ്യുവാനാവശ്യമായ ധനസഹായം ലഭ്യമാക്കുക.

30. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങൾ തിരഞ്ഞെടുത്ത് ഉഴവ് കാളകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക.

31. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് വേണ്ട ധനസഹായം അനുവദിക്കുക.

32. പട്ടികവർഗ്ഗ കോളനികളിൽ പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിച്ച്, മണ്ണ്, ജലസംഭരണം, മത്സ്യം വളർത്തൽ, ക്ഷീരവികസനം, മത്സ്യകൃഷിപരിശീലനം, അനുബന്ധ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കാവശ്യമായ ധനസഹായം നൽകുക.

33. പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചെറുകിട ജലസേചന പദ്ധതികൾ.ചെക്ക് ഡാം നിർമ്മിക്കൽ, കനാൽ വെട്ടൽ, പണിപുരകൾ, പണി ആയുധങ്ങൾ, സ്ഥലം ലഭ്യമാക്കൽ മുതലായവയ്ക്ക് ആവശ്യമായ ധനസഹായം നൽകുക.

34. റോഡുകൾ, പാലങ്ങൾ എന്നിവ പണിയുന്നതിനും വൈദ്യുതി എത്തിച്ച് കൊടുക്കുന്നതിനും സ്കൂൾ കെട്ടിടം പണിയുന്നതിനും, L. P., U. P.വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനും S. S. L. C. കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതിനും ധനസഹായം അനുവദിക്കുക.

35. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആരോഗ്യപാലനത്തിന് പോഷകാഹാരം, വിവിധ മേഖലകളിൽ സഞ്ചരിച്ച് ബോധവൽക്കരണ പരിശീലനം നൽകുക എന്നീ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും അതിന് വേണ്ട ധനസഹായം നൽകുകയും ചെയ്യുക.

36. പട്ടികവർഗ്ഗ കോളനികളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ആവശ്യം വേണ്ട ധനസഹായം നൽകുക.

37. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ T. V.റേഡിയോ, ടെലഫോൺ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

38. ജീപ്പ്, ആട്ടോറിക്ഷ, ബസ്, ലോറി എന്നിവ ഓടിക്കുവാൻ പ്രാപ്തരായ പട്ടികവർഗ്ഗക്കാർക്ക് ആയത് വാങ്ങി കൊടുക്കുവാനുള്ള ധനസഹായം ലോൺ അടിസ്ഥാനത്തിൽ ചെയ്ത് കൊടുക്കുക.

39. പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിയമസഹായവും കോടതികളിൽ പോകുന്നതിനാവശ്യമായ ധനസഹായവും അനുവദിക്കുക.

ഹരിജനോദ്ധാരണം എന്ന ഗാന്ധിയൻ സ്വപ്നം സഫലീകരിക്കുന്നതിന് ഈ ഒമ്പതാം പഞ്ചവത്സര പദ്ധതിയിലൂടെ വേണ്ട ധനസഹായവും ബോധവത്ക്കരണവും നൽകിയാൽ ഹരിജനങ്ങളുടെ ഇന്നത്തെ അവസ്ഥ മാറ്റി എടുക്കാവുന്നതും അവരുടെ ജീവിത നിലവാരവും സാമ്പത്തിക നിലവാരവും തൊഴിൽ സാദ്ധ്യതകളും വർദ്ധിപ്പിക്കുക വഴി ഒരു പുതിയ നാളെയുടെ വാഗ്ദാനങ്ങളുമായി ഇവരെ മാറ്റി എടുക്കാവുന്നതും ആണെന്നതിൽ സംശയം ഇല്ല.

○

വിഭവസമാഹരണം

മറയൂർ ഗ്രാമ പഞ്ചായത്തു നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വ്യവസായ സ്ഥാപനവും മറയൂരിലില്ല. ചെറുകിട വ്യവസായങ്ങൾ കടലാസ്സിൽ ഒതുങ്ങികഴിയുന്നു ഈ രണ്ടു രംഗത്തും മുന്നേറ്റം നടത്തികൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിതുറക്കാനാകണം.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ വ്യവസായങ്ങൾക്ക് ലഘു വ്യവസ്ഥയിൽ ലോണുകൾ നൽകാൻ സന്നദ്ധത കാട്ടുകയും വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്താൽ വ്യവസായ രംഗത്ത് പുതിയ ഉണർവ് ഉണ്ടാക്കാവുന്നതാണ്.

കാർഷിക രംഗം ഇന്ന് മുരടിയ്ക്കുകയാണ് കൃഷി സ്ഥലങ്ങൾ താമസ പറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. രാസവളം, ഉപഭോഗം ഉണ്ടാക്കാൻ ദോഷഫലങ്ങൾ ഒഴിവാക്കി ജൈവ വളപ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഒരിടത്തും ചെന്നെത്തുക എന്നത് അസാധ്യമാണ്. ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമന്യേ നേടാനാകും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിയ്ക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുമുള്ള വിവേചനം നിലനിൽക്കാതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പു ഡ്യൂട്ടി, ഗ്രാൻറുകൾ, വെഹിക്കൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായി എടുക്കണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത് ഇത് ഫണ്ടിൻറെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ, പട്ടികജാതി ജനസംഖ്യ സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളു. ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്.

നിലവിലുള്ള നികുതികൾ യുക്തസഹമാക്കുകയും പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലുമാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നത് എന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻറെ വരുമാനം കൂട്ടുവാൻ കഴിയും. പഞ്ചായത്തിന് നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകാൻ മറയൂർ പഞ്ചായത്തിന് കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങളിൽ വൻ പിച്ച മുന്നേറ്റമുണ്ടാകും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിൻറെ ഒരു ചെറിയ ഭാഗം പാട്ടത്തിനു കൊടുക്കാൻ സദ്ധ്യമാകുന്ന നിർദ്ദേശങ്ങൾ താഴേ കൊടുക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാവരുത്, വരുമാനത്തിൻറെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളു. അങ്ങനെയാവുമ്പോൾ എല്ലാവരും അത് കൊടുക്കാൻ താത്പര്യമുള്ളവരാകും.

2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.

3. നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കണം. അതുകൊണ്ട് തന്നെ ചിലവിൻറെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.

4. നികുതി പിരിയ്ക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാ

വണം ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്ക് ഉണ്ടാവണം. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനവും ജനങ്ങൾക്ക് കണക്കുകൾ പരിശോധിക്കുവാനുമുള്ള സാഹചര്യവും പഞ്ചായത്ത് ഓഫീസിൽ ഉണ്ടാക്കണം.

കെട്ടിടനികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കനുസരിച്ച് ശാസ്ത്രീയമായി നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല. ആഡംബരത്തവും വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമായെടുക്കുന്നു. വീടു നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്റ്റാമ്പ് സമ്പ്രദായം ആവിഷ്കരിക്കാവുന്നതാണ്. വീട് അസ്സസ്സ് ചെയ്യുന്നത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകണം. ഇത് ജനങ്ങളുടെ അവകാശമായി കണക്കാക്കണം. അഴിമതി കുറയ്ക്കാൻ ഒരു അസ്സസ്മെൻറ് കമ്മിറ്റി ഉചിതമായിരിക്കും. വീടുകളില്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

നികുതി പിരിച്ചെടുക്കുവാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്.

തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽനിന്നും മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇങ്ങനെയുള്ളവർക്കല്ലാതെ തെഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽനിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാകാവുന്നതാണ്.

വിനോദനികുതി.

പഞ്ചായത്തിൽ നിലവിലുള്ള സിനിമാതിയേറ്ററിൽ നിന്നും ടാക്സ് ഈടാക്കുന്നതിനുള്ള സംവിധാനം സംശയാതീതമാക്കുവാനുള്ള നടപടി സ്വീകരിക്കണം. മറയൂർ പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും, ഓഡിറ്റോറിയവും പണിതാൽ തങ്ങൾ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതും വാടകയിനത്തിൽ നല്ല വരുമാനം ഉണ്ടാക്കാവുന്നതുമാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ ആറ്റു പറമ്പോക്കുകളിലുള്ള ഉണങ്ങിയ മരങ്ങളും പട്ടയസ്ഥലത്തിന് സമീപമുള്ള കൃഷിയ്ക്കു തടസ്സമായി നിൽക്കുന്ന മരങ്ങളും പഞ്ചായത്തിൽനിന്നും ലേലം ചെയ്ത് കൊടുക്കുന്ന പക്ഷം മരം കൊള്ള അവസാനിപ്പിക്കുന്നിതു വരുമാനം വർദ്ധിപ്പിക്കാനും സഹായകമാകും.

2. മണൽ

കഴിഞ്ഞ വർഷം നമ്മുടെ മണൽ ലേലത്തിൽ പോയത് 32301 രൂപയ്ക്കാണ്. അടുത്ത വർഷം ഈ തുക കൂടുമെങ്കിലും യാതൊരു തത്വ ദീക്ഷവും ഇല്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുകയാണ് ചെയ്യുന്നത് മണൽ എടുക്കുന്നത് നിശ്ചിത സമയത്തല്ല. അതിനാൽ ഇതിന്റെ അളവ് നിയന്ത്രിക്കുക സാധ്യമല്ല. ആറ്റിൽ നിന്നും മണൽ വാരുന്നതിനുള്ള കുത്തക അവകാശം മണൽ വാരുന്ന തൊളിലാളികളുടെ സഹകരണം സംഘം സ്ഥാപിച്ച് അവർക്ക് കൊടുക്കുക വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഇടത്തട്ടുകാരെ ഒഴിവാക്കുവാനും ഇതുകൊണ്ട് സാധ്യമാവും. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണ രഹിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം. നാച്ചവയൻ കുളിക്കടവ് നിർമ്മിക്കുക

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റു ബാങ്ക് ഓഫ് ഇന്ത്യ എന്നിവ പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തു ഭരണസമിതിയോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തൽ നിന്നും പുറത്തേക്ക് പോകുന്ന ഒരു വൻ തുകയാണ് ചന്ദന ലേലംകൊണ്ട് ഉണ്ടാകുന്നത്. ഈ ചന്ദനം ലേലം ചെയ്തു കിട്ടുന്ന കോടിക്കണക്കിനു രൂപ ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് അന്യമാണ്. ലേലം ചെയ്യുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ഈ പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കത്തക്കരീതിയിൽ നിയമനിർമ്മാണം നടത്തണം.

ഷോപ്പിംഗ് കോപ്ലാക്സ്

മറയൂർ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് ബാക്കിയുള്ള സ്ഥലത്തുകൂടി പണിയുകയും ഇപ്പോൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനായി സ്ഥലം ഉണ്ടാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനത്തിൽ സ്ഥിരമായ വർദ്ധനവുണ്ടാകും.

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ ഒരു മാർക്കറ്റ്(ചന്ത) ഇല്ല എന്ന് ഒരു കുറവുതന്നെയാണ്. കർഷകരുടെ സാധനങ്ങൾ വില്ക്കുവാനും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുവാനും ഇതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാവുന്നു നിർദ്ധിഷ്ട സ്ഥലത്തു മാർക്കറ്റ് പണിത്, മത്സ്യചന്ത, മാംസചന്ത എന്നിവ ശാസ്ത്രീയമായി പണിത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

കച്ചവടലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുകയും പിരിച്ചെടുക്കുന്നതിന് കുറ്റമറ്റ സംവിധാനം ഉണ്ടാക്കുകയും, വാർഡുതോറും കച്ചവടകാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

ടൂറിസം

നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിന് വൻ സാദ്ധ്യതകളുണ്ട്. ചിന്നാർ വന്യമൃഗസംരക്ഷണകേന്ദ്രവും രാജീവു ഗാന്ധി സ്മൃതി ഉദ്യാനവും, മുനിയറകളും ഗുഹകളും ശിലാലിഖിതങ്ങളും എല്ലാത്തിലുമുപരി പ്രകൃതി ഭംഗിയും നമ്മുടെ പഞ്ചായത്തിന്റെ മുതൽകൂട്ടുകളാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാർ ഇവിടെനിന്നും 42 കി. മീ. അകലെയായതിനാൽ അവിടെയെത്തുന്ന ടൂറിസ്റ്റുകളെ ഈ പഞ്ചായത്തിന്റെ കീഴിൽ ഒരു

ആധുനിക സൗകര്യങ്ങളോടുകൂടിയ ടൂറിസ്റ്റ് ഹോം പണിയുകയും അതുമൂലം ടൂറിസ്റ്റുകളുടെ താമസസൗകര്യം ഉറപ്പുവരുത്തുവാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

ഫാക്ടറി

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യപ്പെടുന്നത് കരിമ്പാണ്. ഒരു പഞ്ചസാര ഫാക്ടറി ആരംഭിക്കുകയും അതിനോടനുബന്ധിച്ച് ഒരു ബീയർ ഫാക്ടറി തുടങ്ങുകയും ചെയ്താൽ തൊഴിൽ ഉയർച്ചയുണ്ടാകുന്നതും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതുമാണ്. കൂടാതെ പഞ്ചായത്തിന്റെ വരുമാനത്തിലും വർദ്ധനവുണ്ടാകും.

വനവിഭവങ്ങൾ

മറയൂർ പഞ്ചായത്തിലെ വനങ്ങളിൽ നിന്നും ലഭിക്കുന്ന വനവിഭവങ്ങൾ പഞ്ചായത്തു മുഖേന ശേഖരിച്ച് (കടുക്ക, നെല്ലിക്ക, തേൻ, ഔഷധചെടികൾ, കണ്ണിമാങ്ങ മുതലായവ വില്പന നടത്തേണ്ടതും ഇതുമൂലം ഇന്നുള്ള ചൂഷണം അവസാനിപ്പിക്കാവുന്നതും ഹരിജനങ്ങുടെയും ഗിരിജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ മാറ്റം ഉണ്ടാക്കുവാനും കഴിയും.

എല്ലാ ബഹുജനസംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് തന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലകളിൽ വന്നിച്ച മാറ്റങ്ങൾ ഉണ്ടാക്കാം. കൂടാതെ മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാകുവാൻ കഴിഞ്ഞാൽ പൂർണ്ണതയിലേയ്ക്കുള്ള കാൽവെയ്പായിരിക്കും.

പട്ടിക 1 പഞ്ചായത്തിന്റെ വരുമാനം

	ഇനം	1995-96 ലെ ഡിമാന്റ	പിരിച്ചത്	പിരിവിന്റെ ശതമാനം
1.	കെട്ടിടനികുതി	112539	112539	100%
2.	തൊഴിൽ നികുതി	106445	106445	100%
3.	വിനോദ നികുതി	7230	7230	100%
4.	ഉപാധിരഹിത ഫണ്ട്	597897	597897	100%
5.	J. R. Y.	866176	866176	100%
6.	ഗ്രാന്റുകൾ	813005	813005	100%
7.	മറ്റിനങ്ങൾ	152481	152481	100%
	ആകെ	**2655773**	**2655773**	

ചെലവ് സംബന്ധിച്ച വിവരങ്ങൾ

	ഇനം	തുക
1.	ഭരണം	519850.48
2.	പൊതു മരാമത്ത്	765643.00
3.	വിദ്യാഭ്യാസം	29364.00
4.	ജലവിതരണവും കനാൽ നിർമ്മാണവും	21705.00
5.	വൈദ്യുതി	39028.00
6.	സാമൂഹ്യക്ഷേമം	3586.00
7.	പലവക ചെലവ്	46449.00
	ആകെ	**1425625.48**

മറയൂർ ഗ്രാമ പഞ്ചായത്ത് 1991-96 കാലത്തെ ജനന മരണ നിരക്ക്

മാസം	1991		1992		1993		1994		1995		1996	
	ജനനം	മരണം	ജനനം	മരണം	ജനനം	മരണം	ജനനം	മരണം	ജനനം	മരണം	ജനനം	മരണം
ജനുവരി	12	3	10	5	9	7	16	8	12	6	8	9
ഫെബ്രുവരി	15	5	14	2	14	7	4	6	5	3	13	6
മാർച്ച്	14	5	8	3	12	4	14	4	11	3	22	0
ഏപ്രിൽ	8	1	10	3	11	6	10	5	13	1	11	3
മെയ്	20	4	17	3	13	1	13	3	11	4	14	1
ജൂൺ	11	1	14	5	8	5	24	5	17	6	17	4
ജൂലൈ	19	7	13	9	5	5	13	4	16	4	10	3
ആഗസ്റ്റ്	15	8	10	3	15	4	9	4	12	6	19	6
സെപ്റ്റംബർ	14	0	11	2	7	3	14	3	17	3	22	3
ഒക്ടോബർ	18	6	16	5	14	3	14	2	26	7	23	3
നവംബർ	14	4	14	5	10	6	12	5	10	3	16	2
ഡിസംബർ	11	4	8	12	11	3	11	7	20	6		
ആകെ	**171**	**48**	**145**	**57**	**129**	**54**	**154**	**56**	**170**	**52**	**175**	**40**

ടൂറിസം

വരയാടുകൾ നൃത്തം ചെയ്യുന്ന ഇരവികുളം ദേശീയ ഉദ്യാനവും, മാനും മയിലും തുള്ളിക്കളിക്കുന്ന ചിന്നാർ പറുദീസയായ കൊടൈക്കനാൽ മലനിരകളും പഞ്ചപാണ്ഡവന്മാരുടെ പാദസ്പർശനമേറ്റു വാങ്ങിയ പുണ്യഭൂമിയും അതിരിടുന്ന മറയൂർ പഞ്ചായത്ത് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ സ്ഥിതി ചെയ്യുന്നു.

അനന്തമായ ടൂറിസം സാധ്യതകളുള്ള പ്രദേശമാണ് മറയൂർ. പൗരാണിക ഇതിഹാസങ്ങളുടെ പിള്ളത്തൊട്ടിലായ ഇവിടം മഹാഭാരത ചരിത്രത്തിലെ പാണ്ഡ്യപുത്രന്മാർ അജ്ഞാത വാസം നടത്തി അവരുടെ പാദസ്പർശനത്താൽ അനുഗ്രഹീതമാക്കിയ ഈ പ്രദേശത്തിന്റെ നാല് അതിരുകളും പ്രകൃതി തന്നെ പർവതനിരകളാൽ കോട്ട തീർത്തിരിക്കുന്നു. കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന നദികളിൽ പ്രധാനപ്പെട്ട പാമ്പാർ, ഇവിടുത്തെ മണ്ണിനെ ഫലഭൂഷ്ഠമാക്കുന്നു. ചന്ദനഗന്ധിയായ കുളിർകാറ്റും, വനത്തിലൂടെ സ്വച്ഛന്ദം വിഹരിക്കുന്ന കാട്ടുമൃഗങ്ങളും, ശിലായുഗത്തിന്റെ ബാക്കി പത്രമായി നിലകൊള്ളുന്ന ഗുഹകളും മുനിയറകളും ശിലാലിഖിതങ്ങളും പ്രകൃതി സ്നേഹികളേയും പഴമയെത്തേടിയെത്തുന്ന സഞ്ചാരികളെയുംഏറെ ആകർഷിയ്ക്കുന്നതാണ്. മറയൂരിലെ ചന്ദന കാടുകൾ പ്രകൃതി ഭംഗിയെ സമ്പന്നമാക്കുന്നതോടൊപ്പം സർക്കാരിന്റെ ഖജനാവും സമ്പന്നമാക്കുന്നു.

മറയൂരിൽ നിന്ന് റോഡുമാർഗ്ഗം ചിന്നാറിലേയ്ക്ക് സഞ്ചരിച്ചാൽ ആന, പുലി, കാട്ടുപോത്ത്, മാൻ, മ്ലാവ്, വിവിധയിനം കുരങ്ങുകൾ, മയിൽ തുടങ്ങിയ അപൂർവ്വയിനം പക്ഷികളെയും വാഹനത്തിൽ ഇരുന്നുകൊണ്ടുതന്നെ കാണാമെന്നത് മറയൂരിന്റെ പ്രത്യേകതയാണ്. വാൾപാറ, പറമ്പിക്കുളം, ആളിയാർ, കൊടൈക്കനാൽ, ഇരവികുളം എന്നിവിടങ്ങളിലേയ്ക്ക് ട്രക്കിംഗ് നടത്തുന്നതിന് ഈ പ്രദേശത്ത്നിന്ന് സൗകര്യമുണ്ട്. കേരളത്തിന്റെ എല്ലാ ഭാഗത്തും ജൂൺ മാസം മഴ പെയ്യുമ്പോൾ മഴയില്ലാത്ത ഈ പ്രദേശത്ത് ടൂറിസ്റ്റുകൾക്ക് വന്ന് താമസിയ്ക്കാവുന്നതാണ്. ലോകാരംഭകാലത്തുള്ള നാഗമല എന്ന സോളാർ വനങ്ങൾ മറയൂരിൽ ഇന്നും അവശേഷിയ്ക്കുന്നു. ലോകത്തിലെ ഏറ്റവും വലിപ്പംകൂടിയ ചന്ദനമരം മറയൂരിലാണുള്ളത്.

ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രധാന കേന്ദ്രങ്ങൾ.

1. ചിന്നാർ വന്യജീവി സംരക്ഷണകേന്ദ്രം
2. തൂവാനം വെള്ളച്ചാട്ടം
3. രാജീവ് ഗാന്ധി ചിൽഡ്രൻസ് പാർക്ക്
4. മറയൂരിലെ മുനിയറകൾ
5. കൂടക്കാട്ട് ഗുഹ (ശിലാലിഖിതങ്ങൾ)
6. മറയൂരിലെ ചന്ദനകാടുകൾ

ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ

1. ടൂറിസം മാപ്പിൽ മറയൂർ ഉൾപ്പെടുത്താത്തതുകൊണ്ട് ടൂറിസം മേഖലയിലെ വികസനങ്ങൾക്ക് തടസ്സമാകുന്നു.
2. വേണ്ടത്ര താമസ സൗകര്യം ഇല്ലായ്മ.
3. തൂവാനം വെള്ളച്ചാട്ടത്തിലേയ്ക്കുള്ള ഗതാഗത സൗകര്യ കുറവ്.
4. ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻററിന്റെ അഭാവം.
5. മറയൂരിൽ നിന്ന് കാന്തല്ലൂർ വഴി കൊടൈക്കനാലിലേയ്ക്ക് ഉള്ള ഗതാഗത അസൗകര്യം.

പരിഹാര മാർഗങ്ങൾ

1. ടൂറിസം മാപ്പിൽ മറയൂരിനെ ഉൾപ്പെടുത്തി വികസനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസ സൗകര്യം കുറഞ്ഞ നിരക്കിൽ സർക്കാർ തലത്തിൽ ഏർപ്പെടുത്തുക. നിലവിലുള്ള മറയൂർ ഫോറസ്റ്റ്, 7, B, ചിന്നാർ ഡോർമെറ്ററി എന്നിവയുടെ അമിതമായ വാടക കുറയ്ക്കുക.
3. തൂവാനം വെള്ളച്ചാട്ടത്തിലേയ്ക്കുള്ള റോഡ് നിർമ്മിച്ച് ഗതാഗതം സാധ്യമാക്കുക.
4. മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്ന് ബസ്സ് സർവ്വീസ് ആരംഭിക്കുക.
5. മറയൂർ ടൂറിസം പ്രമോഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുക.
6. ജൂൺ മാസത്തിൽ 'ടൂറിസം ഫെസ്റ്റ്' നടത്തി ടൂറിസ്റ്റുകളെ ആകർഷിക്കുക.
7. ഗുഹകളും മുനിയറകളും സംരക്ഷിക്കുക.

മറയൂർ പഞ്ചായത്ത് എസ്.ടി കോളനികൾ 1

Sl. No.	കോളനികൾ	ആൺ	പെൺ	ആകെ	കല്യണ മണ്ഡപം	ശ്മശാനം	കക്കൂസ്	വീടില്ലാത്തവർ	പുല്ലു വീക്	വാടക വീടു്	കിണർ	മെത്തംകുടുംബങ്ങൾ
1	വാർഡ്-1 ചെറുകാട്ടു കോളനി	90	93	181	1	1	-	-	1	7	2	54
2	വാർഡ്-2 മേലാടി	3	1	4	-	-	-	-	-	-	-	1
3	ലാച്ചി വയൽന്തൈ	38	46	84	1	-	5	-	4	-	-	11
4	വാർഡ്-3 കുമ്മിട്ടാം കുഴി	307	283	590	1	1	4	-	11	-	-	115
5	വാർഡ്-4 കവക്കുടി	67	65	132	-	1	-	-	26	-	-	26
6	കൂട്ടക്കാട്ടുകുടി	79	68	147	-	1	-	-	17	-	-	26
8	കമ്മാളംകുടി	54	42	96	-	1	-	-	25	-	-	25
9	ഇരുട്ടളക്കുടി	78	60	138	-	1	-	-	27	-	1	36
10	പുതുക്കുടി	49	38	87	-	1	-	-	17	-	-	17
11	ഒലിക്കുടി	69	48	117	-	1	-	-	20	-	-	20
12	വെള്ളക്കൽ ക്കുടി	44	39	83	-	1	-	-	17	-	-	17
13	തായൺക്കുടി	32	27	59	-	1	-	-	10	-	-	10
14	പെരിയക്കുടി	88	71	159	-	1	-	-	40	-	-	40
15	കോളനികർപ്പൂരകുടി	30	38	68	-	1	-	-	10	-	-	14
16	വാർഡ് 5 മറയൂർ	173	203	376	1	2	-	-	28	8	2	102
17	വാർഡ് 6 പട്ടിക്കാട് എസ് സി കോളനി	143	121	264	1	2	-	-	-	9	-	72
18	വാർഡ് 7 ചെമ്മൺകുഴി	34	43	77	-	-	-	-	2	1	2	21
19	പുറവയൽ	20	20	40	-	1	-	-	4	-	1	13
20	ഈച്ചംപെട്ടികുടി	71	65	136	-	1	0	0	3	-	1	40
21	ആലാംപെട്ടികുടി	90	82	172	1	1	-	-	31	-	-	45
22	കരിമുട്ടി	20	22	42	-	1	-	-	3	-	1	15
23	വാർഡ്8	16	15	31	-	-	-	-	-	-	-	7
	Total	1643	1551	3204	-	21	9	-	301	25	10	744

S.T. കോളനികൾ

1.	ചെറുകാട് കോളനി	ടാർ റോഡുണ്ട്	റോഡ് ആവശ്യമില്ല	വൈദ്യുതി എല്ലാ സ്ഥലത്തുമുണ്ട്
2.	വാർഡ് II മേലാടി	ടാർ റോഡുണ്ട്	റോഡ് ഇല്ലാത്ത സ്ഥലമില്ല	വൈദ്യുതിയില്ല
3.	നാച്ചിവയൽ	ടാർ റോഡുണ്ട്	റോഡ് ആവശ്യമില്ല	കുറച്ച് ഭാഗങ്ങളിൽ വൈദ്യുതിയില്ല
4.	വാർഡ് III കുമ്മിട്ടാംകുഴി കുടി	ടാർ റോഡുണ്ട്	മെയിൻ റോഡ്-കുടിവരെ റോഡു വേണം	ചില വീടുകളിൽ വൈദ്യുതി യില്ല
5.	വാർഡ്- IV കവകുടി	റോഡില്ല	മറയൂർ-കവകുടി റോഡു വേണം	വൈദ്യുതിയില്ല
6.	കൂടക്കാട്ടുക്കുടി	റോഡില്ല	മറയൂർ-കൂടക്കാട് റോഡ് വേണം	വൈദ്യുതിയില്ല
7.	കുത്തുക്കൽ കുടി	റോഡില്ല	റോഡു വേണം	വൈദ്യുതിയില്ല
8.	കമ്മാളൻ കുടി	റോഡില്ല	മറയൂർ-കമ്മാളക കുടി റോഡുവേണം	കറണ്ടില്ല.
9.	ഇരുട്ടള കുടി	റോഡില്ല	മറയൂർ-ഇരുട്ടള കുടി റോഡ് വേണം	വൈദ്യുതിയില്ല
10.	പുതുക്കുടി	റോഡില്ല	മറയൂർ-പുതുക്കുടി റോഡ് വേണം	വൈദ്യുതിയില്ല.
11.	ഒലിക്കുടി	റോഡില്ല	മറയൂർ-ഒലിക്കുടി റോഡ് റോഡ് വേണം	വൈദ്യുതിയില്ല
12.	വെള്ളക്കടി കുടി	റോഡില്ല	മറയൂർ-വെള്ളക്കുടി റോഡ് വേണം	വൈദ്യുതിയില്ല
13.	തായന്നം കുടി	റോഡില്ല	മറയൂർ-തായന്നം കുടി റോഡ് വേണം	വൈദ്യുതിയില്ല
14.	പെരിയകുടി	റോഡില്ല	മറയൂർ-പെരിയകുടി റോഡ് വേണം	വൈദ്യുതിയില്ല
15.	കർപ്പൂര കുടി	റോഡില്ല	മറയൂർ-കർപ്പൂര കുടി റോഡ് വേണം	വൈദ്യുതിയില്ല
16.	വാർഡ് V മറയൂർ ഗ്രാമം	ടാർ റോഡുണ്ട്	റോഡ് ആവശ്യമില്ല	ചില വീടുകളിൽ കറണ്ടില്ല
17.	വാർഡ് VII പട്ടിക്കാട്	മെറ്റൽ റോഡുണ്ട്	റോഡ് ആവശ്യമില്ല	ചില വീടുകളിൽ കറണ്ടില്ല
18.	വാർഡ് VIII ചെമ്മൺകുഴി	മെറ്റൽ റോഡുണ്ട്	റോഡ് ആവശ്യമില്ല	ചില വീടുകളിൽ കറണ്ടില്ല
19.	പുറവയൽ കുടി	റോഡില്ല	മറയൂർ-പുറവയൽ റോഡ് വേണം	വൈദ്യുതിയില്ല
20.	ഈച്ചംപെട്ടി കുടി	റോഡില്ല	മറയൂർ-ഈച്ചാംപെട്ടി റോഡ് വേണം	വൈദ്യുതിയില്ല
21.	ആലാംപെട്ടി കുടി	റോഡില്ല	മെയിൻറോഡിൽ നിന്നും ആലാംപെട്ടിവരെ റോഡ് വേണം	വൈദ്യുതിയില്ല
22.	കരിമുട്ടി കുടി	റോഡില്ല	മെയിൻ റോഡിൽ നിന്നും കരിമുട്ടി കുടി വരെ റോഡ് വേണം	വൈദ്യുതി എല്ലാവീടിലും ഉണ്ട്
23.	വാർഡ് VIII ബാബു നഗർ	ടാർ റോഡുണ്ട്	റോഡാവശ്യമില്ല	എല്ലാവീടും വൈദ്യുതീകരിച്ചിട്ടുണ്ട്

S.N.	S.C കോളനി	റോഡുകളുള്ള സ്ഥലം	റോഡുകളില്ലാത്ത സ്ഥലം	വൈദ്യുതി
1	ചെറുകാട് കുടി	മെറ്റൽ റോഡ്	22 ഏക്കർ എസ് . സി കോളനി	വൈദ്യുതി ില്ല
2	വാർഡ് 2 മേലാടി	ടാർ റോഡ്	നാഗർപള്ളം ആലത്തകർ മാശി റോഡ് വേണം	നാഗ്ർ പഞ്ചാ യത്ത് ചിലവീ ടുകളിൽ കറണ്ടില്ല
3	പള്ളനാട്	മെയിൻ ടാർ റോഡ്	പള്ളനാട് ടി. ആർ. പി. ചാനൽ ഇ എസി കോളനിവരെറാഡ് വേണം	മലമുകളിൽ വസിക്കുന്ന എ. സി. കാർ ക്ക് കറണ്ടില്ല.
4	പുളിക്കരവയൽ	ടാർറോഡ് ഉണ്ട്	ചെക്ക്വോസ്റ്റിൽ നിന്ന് പുളിക്കര വയൽ വഴി പമ്പാർവരെ റോഡ് വേണം	കോളനിയിലെ ചിലവീടുകൗ വൈദ്യുതീകരി ച്ചിട്ടില്ല
5	നാച്ചിവയൽ	ടാർറോഡ് ഉണ്ട്	നാച്ചിവയൽ ആനയ്ക്കൽപ്പെട്ടി	ചിലവീടുകളിൽ റോഡുവേണം വൈദ്യുതി ഇല്ല.
6	വാർഡ് 3 എസ്. സി കോളനി	ടാർ റോഡ് ഉണ്ട്	കോട്ടക്കുളം പുതുക്കാട് റോഡ് വേണം	അപൂർവ്വം വീടു കളിൽ വൈദ്യുതി ഇല്ല.
7	വാർഡ് 5 എസ്. സി. വീടുകൗ	ടാർ റോഡ് ഉണ്ട്	ടാർ റോഡില്ലാത്തയിടം ഇല്ല	എല്ലാവീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.
8	വാർഡ് 6 എസ്. സി കോളനി	മെറ്റൽ റോഡ്	മെറ്റൽ റോഡില്ലാത്ത ഇടമില്ല	ചിലവീടുകൗ വൈദ്യുതീകരിച്ചിട്ടില്ല.
9.	വാർഡ് 7 ചെമ്മണ്ണകുഴിടല കേളനി	മെറ്റൽ റോഡ് ഉണ്ട്	പുതിയ റോഡ് ആവശ്യമുണ്ട് 100 മീററർ	വൈദ്യൂതീകരിച്ചിട്ടില്ല.
11.	പത്തുവീട് കോളനി	മണ്ണറോഡ്	ഇല്ല	വൈദ്യൂതി ഇല്ല.

വനം

നമ്മുടെ പഞ്ചായത്തിന്റെ ഭൂരിഭാഗവും വനങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഈ വനങ്ങളിൽ ചന്ദനമരങ്ങൾ സമൃദ്ധിയായി വളരുന്നു. ലോകത്തിന്റെ ഏറ്റവും വലിയ ചന്ദനമരങ്ങൾ ഈ പഞ്ചായത്തിലെ വനങ്ങളിലാണ് ഉള്ളത് കൂടാതെ അപൂർവ്വമായ ഔഷധച്ചെടികളും മരങ്ങളും ഈ വനങ്ങളുടെ പ്രത്യേകതയാണ്.

വനവിഭങ്ങൾകൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ വനങ്ങൾ. തേൻ, കടുക്ക, നെല്ലിക്ക, തെള്ളി, ഈറ്റപ്പുല്ല്, കാട്ടുപാവലം, മരമഞ്ഞൾ, അരിൽ, കൊശുപെട്ടി, പൊറപ്പൂവ്, മലതൈലപ്പുല്ല്, ചരൽ മുള കൊന്നപ്പട്ട, ഇഞ്ച, പൂച്ചകൊട്ട, താട്ടുവള്ളി, എന്നിവ സമൃദ്ധമായി ലഭിക്കുന്നു.

മൊത്തവിസ്ത്രീർണ്ണം	34. സ്വകയർ കി.
ചന്ദനമരങ്ങൾ	9500 ഹെക്ടർ
പുല്ലുമേടുകൾ	1500 ഹെക്ടർ

വച്ചുപിടിപ്പിച്ച തോട്ടങ്ങൾ

അഞ്ചുനാടൻ പാറപ്പറ്റിൽ പ്ലാന്റേഷൻ 35 ഹെക്ടർ (വർഷം 1995)

വൈസ് പ്ലാന്റേഷൻ 51 എസ്. ആർ. 50 ഹെക്റ്റർ (വർഷം 1995)

കിട്ടിയ ചന്ദനം കഴിഞ്ഞ 3 വർഷത്തിനുള്ളിൽ

ശേഖരിച്ച ചന്ദനം	വിറ്റുകിട്ടിയ തുക
7200 78 കി.ലോ	89391302 രൂപ

ചിന്നാർ വന്യമൃഗസങ്കേതം

മറയൂർ റേഞ്ചിൽ ഭാഗമായിരുന്ന ചിന്നാർ റിസർവ്വ് ഒരു വന്യമൃഗ സങ്കേതമായി 4-8-84 ൽ പ്രഖ്യാപിക്കപ്പെട്ടു. ആകെ വിസ്തീർണ്ണം 90.44 ച.കി. ഇതിൽ കരിമുട്ടി, ആലാപെട്ടി, പാളപെട്ടി, എന്നി ഭാഗങ്ങളിലായി ഏകദേശം 20 ച.കി. സ്ഥലത്ത് ചന്ദനമരങ്ങൾ കാണപ്പെടുന്നു.

കേരളത്തിൽ മറ്റെങ്ങും കാണാനാകാത്ത കുറ്റിക്കാടുകളും മുൾക്കാടുകളും ചിന്നാറിന്റെ പ്രത്യേകതയാണ്. പശ്ചിമഘട്ടത്തിന്റെ കിഴക്കേ ചെരുവിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം ഒരു മഴനിഴൽ പ്രദേശമാണ്.

തുലാവർഷക്കാലത്താണ് ഇവിടെ മഴകൂടുൽ ലഭിക്കുന്നത്. ചിന്നാർ വന്യമൃഗസങ്കേതത്തിൽ ധാരാളമായി ആന, മ്ലാവ്, കാട്ടുപോത്ത്, മാൻ, പുള്ളിമാൻ, കുരൻ, വിവിധയിനം കുരങ്ങുകൾ പുലി,

കടുവ, കാട്ടുപോത്ത്, കുറുക്കൻ, ഉടുമ്പ്, അണുക്ക്, തേമാങ്ക്, കരടി, പെരുപ്പാമ്പ് വിവിധ ഇനം പാമ്പുകൾ, മലയണ്ണാൻ, എന്നിവയും വിവിധയിനം പക്ഷികളും വേഴാമ്പൽ, കഴുകൻ, മയിൽ, കാണപ്പെടുന്നു. പകൽ സമയസത്ത് റോഡിൽ നിന്നുകൊണ്ട് വന്യമൃഗങ്ങളെ കാണാൻ കഴിയും എന്നത് ചിന്നാറിന്റെ പ്രത്യേകതയാണ്. വിനോദസഞ്ചാരികൾക്ക് മൃഗങ്ങളെ കാണാൻ ചിന്നാറിൽ ഒരു വാച്ച് ടവർ പണിതിട്ടുണ്ട്. ഇതിൽ കയറിനിന്നാൽ വളരെ ദൂരത്തിലുള്ള മൃഗങ്ങളെപ്പോലും കാണാൻ കഴിയും. കൂടാതെ വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിലേയ്ക്ക് ഒരു ഡോർമിറ്ററിയും ചിന്നാറിൽ പണികഴിപ്പിച്ചിട്ടുണ്ട്.

വിനോദസഞ്ചാര വികസനത്തിനായ് തൂവാനം വെള്ളച്ചാട്ടം ആസ്വാദ്യകരമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.(റോ, വാച്ച്, ടൗവർ, കോട്ടജ്, ലാൻഡ്, സ്കേഷിംങ്)

വന്യമൃഗസങ്കേതത്തിന്റെ സ്വഭാവികസംരക്ഷണത്തിന് ഹാനികരമാകുന്നത് ഇതിലെ 11 ഗിരിജൻ സെറ്റിൽമെൻറുകളും അവിടെയുള്ള കന്നുകാലി, ആട് തുടങ്ങിയവയുമാണ്.ചിന്നാർ വന്യമൃഗസങ്കേതത്തിലൂടെയാണ് കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ പാമ്പാർ ഒഴുകുന്നു. പാമ്പാറിന്റെ പോഷക നദിയായി. ചിന്നാറും അത്തിഓടയും കൂട്ടാർ എന്ന സ്ഥലത്തുവച്ച് ഒന്നുചേരുന്നു. കിഴക്കോട്ട് ഒഴുകി അമരാവതി നദിയാകുന്നു. ഇതിലാണ് അമരാവതി അണക്കെട്ട്(തമിഴ്നാട്)

നിർദ്ദേശങ്ങൾ

1. ആവിശ്യമില്ലാത്ത പുൽമേടുകളിൽ വിറകിന് ആവശ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കുക.
2. ചന്ദനകാടുകളിലെ അടിക്കാട് വെട്ടുന്നത് നിറുത്തുക
3. മുതുവാൻ കോളനികളിൽ അവർക്ക് തൈലപ്പുൽ വാറ്റുന്നതിനാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുക.
4. വന്യ മൃഗങ്ങൾ കൃഷിസ്ഥലത്ത് ഇറങ്ങാതെയും സംരക്ഷണത്തിന് മുൾവേലി, ഷോക്ക് ട്രീറ്റ്മെൻറ്, കിടങ്ങ് എന്നിവ തീർക്കുക.

നമ്മുടെ പഞ്ചായത്തിന്റെ മുതൽക്കൂട്ടായ ഇടഹരിതവനങ്ങൾ സംരക്ഷിക്കേണ്ടതും ചിന്നാർ വന്യമൃഗസങ്കേതം വികസിപ്പിക്കേണ്ടതും പ്രകൃതിസ്നേഹാന്വേഷകരുടെ കർത്തവ്യവും നമ്മുടെ കടമയുമാണ്.

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി - ജലസേചനം

1. P.K. ഗോപിനാഥപ്പണിക്കർ (കൺവീനർ)
2. P.A. അബ്രാഹാം
3. T.J. അബ്രാഹാം
4. K.N. രാമകൃഷ്ണൻ
5. V.K. നീലകണ്ഠൻ നായർ

മത്സ്യമേഖലയും മൃഗസംരക്ഷണവും

1. M. വേലു പള്ളനാട് (കൺവീനർ)
2. K.S.ജോണി
3. ശെൽവം മറയൂർ
4. കുട്ടിയമ്മ ബാബുനഗർ

വിദ്യാഭ്യാസം

1. ജോസഫ് ആൻറണി (കൺവീനർ)
2. അയ്യപ്പൻ പിള്ള മറയൂർ
3. സിസ്റ്റർ പ്രസന്ന
4. സിസ്റ്റർ വിരോണിക്ക
5. C. മനോഹരൻ
6. സിറ്റർ ത്രേസ്യാമേരി H.M. മൈക്കിൾ ഗിരി

ആരോഗ്യവും കുടിവെള്ളവും

1. മേഴ്സി ജോൺ (കൺവീനർ)
2. V.S. ജയകുമാർ
3. കരുണാകരൻ V.E.O.
4. ഐസക് V.E.O.
5. P.T. എത്സി
6. ശാന്ത പള്ളനാട്
7. മിനി K.N. മറയൂർ

വ്യവസായം

1. A.G. ജോൺസൺ (കൺവീനർ)
2. M.L. അലക്സാണ്ടർ
3. തങ്കമ്മ തോമസ് പന്നിവായ്ക്കര
4. ആൻസി ആൻറണി
5. K.N. രാമകൃഷ്ണൻ

റോഡ് - ഊർജ്ജം

1. S. രാജേന്ദ്രൻ (കൺവീനർ)
2. K.K. രാജീവ്

പാർപ്പിടം - ക്ഷേമപ്രവർത്തനം

1. K.N. രാമകൃഷ്ണൻ (കൺവീനർ)
2. V.K. രാധാകൃഷ്ണൻ

സംസ്കാരം

1. എസ്. മുഹമ്മദ് ഇസ്മായിൽ (കൺവീനർ)
2. ആൻസി ആൻറണി
3. വി.എസ്. ശശികുമാർ
4. ജി. രാജൻ
5. എസ്.കെ. രാധാകൃഷ്ണൻ നായർ

വനിത

1. ആനി പുന്നൂസ്
2. ആഗ്നസ് ജോസഫ്

സഹകരണം

1. S.K. രാധാകൃഷ്ണൻ നായർ (കൺവീനർ)
2. V.G. സെബാസ്റ്റിൻ വട്ടവയൽ
3. K.P. ജോർജ്ജ് സെക്രട്ടറി S.C.B മറയൂർ
4. മേരി പാപ്പച്ചൻ മീനായ്ക്കോട്
5. ഷീലാ ജോയി മഠത്തിപ്പറമ്പിൽ
6. എസ്. മുഹമ്മദ് ഇസ്മായിൽ
7. വി. തമ്പിരാജ് പ്രസിഡണ്ട് N-SCB No. 2022

ഭൂപടം - വിഭവ സമാഹരണം

1. വറുഗീസ് ഐപ്പ് പനന്താനം (കൺവീനർ)
2. V.K. മനോജ് JHI
3. R. ശിവൻ
4. സുകുമാരൻ P.R.
5. സോമൻ
6. ജയബിന്ദു

ചരിത്രം

1. V.G. തോമസ് (കൺവീനർ)
2. T.N. രാമനാരായണമേനോൻ
3. V.S. മണിവേൽ
4. S.S. സുന്ദരരാജ്
5. N. കൃഷ്ണപിള്ള

ടൂറിസം

1. ആൻസി ആൻറെണി (കൺവീനർ)
2. വി.എസ്. ശശികുമാർ

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം


4. [illegible]. സുബ്ബയ്യ (കൺവീനർ)
5. പി.കെ. രവി
6. മുരുകേശൻ
7. വിശാലാക്ഷി

വനം

വിശ്വംഭരൻ അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ ചിന്നാർ
ജോസ് പി. തോമസ് മറയൂർ ഫോറസ്റ്റ് റേഞ്ചാഫീസർ



19-9-96 -ൽ L.R.P. ക്യാമ്പ്



19-9-96 -ലെ L.R.P. ക്യാമ്പിൽ പങ്കെടുത്തവർ



നവംബർ 1-ാം തീയതി പുനർജ്ജനദിനത്തിൽ നാട്ടുകാരുടെ ശ്രമദാനം

ഉപസംഹാരം

അധികാരവികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും നാമിന്ന് ജനാധിപത്യത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിക്കുകയാണ്. ജനാധിപത്യമെന്നാൽ കേവലം വോട്ടുചെയ്യുന്ന പ്രക്രീയമാത്രമാണെന്ന് പൊതുജനം ധരിച്ചിരുന്നു. ഇന്നാ ചിന്താഗതിക്കുമാറ്റം വന്നിരിക്കുന്നു. വോട്ടുചെയ്യാൻ മാത്രം ശീലിച്ചിരു ന്ന നിഷ്കളങ്കരായ ജനത ഇന്ന് അധികാരംകയ്യാളുന്നവരായി മാറിയിരിക്കുകയാണ്. പിന്നിട്ട നാളുകളുടെ തന്നെ ഭാഗധേയനിർണ്ണായകമായി മാറിയിരിക്കുയാണ്. പിൻിട്ട നാളുകളിൽ നിന്ന് വ്യത്യസ്ഥമായി പദ്ധതികളിലൂടെയും ജനകീയാസൂത്രണത്തിലൂടെയും സഹകരണത്തിലൂടെും നമുക്ക് പലതും നേടാൻ കഴിയുമെന്ന് ബോദ്ധ്യമായിട്ടുണ്ട്.

നവംബർ ഒന്നിന്റെ പുനരർപ്പണദിനത്തിൽ, മറയൂർ പഞ്ചായത്തിലെ വിവധഭാഗങ്ങളിലെ റോഡുകളുടേയും കനാലുകളുടെയും അറ്റകുറ്റപ്പണികൂം ജനങ്ങളുടെ സഹകരണത്തോടെയും ശ്രമദാനത്തിലൂടെയും ചെയ്തുതീർന്നിട്ടുണ്ടെങ്കിൽ ഏവർക്കും ചാരിതാർത്ഥ്യത്തിനുവകയുണ്ട്, ഇനിയും നമുക്ക് പലതും ചെയ്തുതീർക്കാനുണ്ട്. അടിയന്തിരാവശ്യങ്ങളുടെ പരമ്പര നമ്മുടെ മുന്നിൽ പരന്നുകിടക്കുന്നു. അവയൊക്കെ പൂർത്തീകരിക്കുകയെന്നുള്ളതാണ് ഇനി നമ്മുടെ ലക്ഷ്യം. അതിനായി തളരാതെ പ്രവർത്തിയ്ക്കുമെന്ന് ഇത്തരുണത്തിൽ ഞങ്ങൂം പ്രതിജ്ഞയെടുക്കുന്നു. പഞ്ചായത്തിൽ നിന്ന് ആയുർവേദാശുപത്രിയ്ക്കു വേണ്ടി പുതിയകെട്ടിടം നിർമ്മിക്കാൻ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ഈ പഞ്ചായത്തിന്റെ വികസന റിപ്പോർട്ടു തയ്യാറാക്കാൻ വേണ്ടി പണിയെടുക്കുകയും വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകുയും ചെയ്ത K.R.P., D.R.P, L.R.P. ഉദ്യോഗസ്ഥാനുദ്യോഗന്മാർ, ഗ്രാമസഭകളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയവർ തുടങ്ങിയ എല്ലാവർക്കും ഈ പഞ്ചായത്തിന്റെ പേരിലും ഞങ്ങളുടെ സ്വന്തം പേരിലും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

കമ്മറ്റിക്കുവേണ്ടി

പ്രസിഡണ്ട്

4248



